മമ്മൂട്ടിയുടെ മകൻ നായകനാകുന്നു

2011 ആഗസ്റ്റ് 14 വില ₹ 15

www.vellinakshatram.com

വെള്ളിനക്ഷത്രം

Exclusive

ദിലീപ്
ബിജുമേനോന്റെ
നായിക!

സായികുമാർ
കുഴപ്പക്കാരൻ
ആണോ?

ഡീൽ ഓർ
നോ ഡീൽ
അവസാനിക്കുന്നു

മമ്മൂട്ടി നിക്കർ പൊലീസ്

www.Mallutribes.com



www.Mallutribes.com

www.Mallutribes.com

വെള്ളിനക്ഷത്രം 1154

അനുവദിക്കരുത്

ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനുമതീതമായി ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന സിനിമാചിത്രീകരണസംഘങ്ങൾക്ക് നേരെ സ്ഥാപിതതാത്പര്യത്താൽ ആക്രമണം അഴിച്ചുവിടുന്ന ഛിദ്രശക്തികൾക്കെതിരെ സിനിമാപ്രവർത്തകർ ഒറ്റക്കെട്ടായി പ്രതികരിക്കണം. കോഴിക്കോട് ചിത്രീകരണം തുടരുന്ന രണ്ടു ചിത്രങ്ങളുടെ യൂണിറ്റിനു നേരെ കല്ലേറുണ്ടായത് സിനിമയിൽ രാഷ്ട്രീയം കലർത്താൻ ശ്രമിക്കുന്ന ചിലരുടെ സ്വാർത്ഥതമൂലമാണ്. സ്വതന്ത്രമായി ഷൂട്ടിംഗ് നടത്താൻ അനുവദിക്കാത്തവരാരായാലും അവർക്കെതിരെ നടപടിയെടുക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

ദിലീപ് ബിജുമേനോന്റെ ഭാര്യയാകുന്നു

ജോസ് തോമസ് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ദിലീപ് ബിജുമേനോന്റെ ഭാര്യയായി അഭിനയിക്കുന്നു.

ഒരു പ്രത്യേക സാഹചര്യത്തിൽ സുഹൃത്തായ ദിലീപിന്റെ കഥാപാത്രത്തിന് ബിജുമേനോന്റെ ഭാര്യയായി വേഷമിടേണ്ടിവരികയാണ്. സിനിമയിലുടനീളം ദിലീപിന് ഈ വേഷംതന്നെയാണ്.

സിബി - ഉദയൻ സ്ക്രിപ്റ്റ് എഴുതുന്ന ചിത്രം മുഴുനീള കോമഡിയാണ്.

കളർഫാക്ടറിയുടെ ബാനറിൽ പി. സുകുമാറും മധുവാര്യരും നിർമ്മിക്കുന്ന ചിത്രത്തിന്റെ വൺലൈൻ പൂർത്തിയായി. സെപ്തംബറിൽ ചിത്രീകരണം തുടങ്ങും.



ഫോൺ ചെയ്യുന്ന പലർക്കും എന്റെ ദുരിതം അറിഞ്ഞാൽ മതിയായിരുന്നു. ഒരു ദിവസം ഉറക്കത്തിൽ നിന്നുണർന്നാണ് ഫോൺ എടുത്തത്. ഉറക്കപ്പിച്ചിൽ എന്റെ സംസാരം വ്യക്തമായില്ല. അന്നു തിരുവനന്തപുരത്തു കഥയിറങ്ങി. ബാലചന്ദ്രമേനോന്റെ പല്ലെല്ലാം കൊഴിഞ്ഞു. ഇപ്പോ സംസാരിച്ചാൽ ഒന്നും മനസിലാവില്ല.

– ബാലചന്ദ്രമേനോൻ

അവളുടെ രാവുകൾ ഈ മാസം തുടങ്ങും

സൂപ്പർഹിറ്റായ അവളുടെ രാവുകളുടെ റീമേക്കിന്റെ ഷൂട്ടിംഗ് ഈ മാസം അവസാനം തുടങ്ങും. ഷെരീഫ് തന്നെയാണ് തിരക്കഥയെഴുതുന്നത്. ഐ.വി. ശശി സംവിധാനം ചെയ്യും. ലിബർട്ടി ബഷീറാണ് നിർമ്മാതാവ്. പ്രിയാമണി, ഇന്ദ്രജിത്ത്, രവിമേനോൻ തുടങ്ങിയവരാണ് പ്രധാന താരങ്ങൾ. പഴയ അവളുടെ രാവുകളിലെ നായിക രാജിയുടെ മകളാണ് ചിത്രത്തിലെ നായിക. ഷെരീഫും ഐ.വി. ശശിയും ദുബായിൽ തിരക്കഥാചർച്ചയിലാണ്.

മുഖചിത്രം: മമ്മൂട്ടി, ഫോട്ടോ: സാസ് ഹംസ

Chief Editor: M. Sukumaran. Editor: Prasad Laxman ◦ Joint. Editor: Beena Ranjini ◦ Special Correspondent: Yesodas Williams ◦ Senior Reporter: Seema Suresh ◦ Sub-Editor: S.Anilkumar ◦ Graphic Designers: N.R.Renjith Kumar, Shibu R.P, Biju S.K ◦ Photographer: Reghu Revathi

www.Mallutribes.com

മെഗാസ്റ്റാർ മമ്മൂട്ടിയുടെ മകൻ ദുൽക്കർ സൽമാൻ വെള്ളിത്തിരയിലെത്തുന്നു.

നവാഗതനായ ശ്രീനാഥ് രാജേന്ദ്രൻ സംവിധാനം ചെയ്യുന്ന സെക്കന്റ് ഷോയിലൂടെയാണ് സൽമാൻ അഭിനയരംഗത്ത് അരങ്ങേറുന്നത്.

മമ്മൂട്ടി നായകനായ ലൗഡ്സ്പീക്കറിൽ ജയരാജിന്റെ സഹസംവിധായകനായിരുന്നു ശ്രീനാഥ് രാജേന്ദ്രൻ.

നവാഗതനായ വിനി വിശ്വലാൽ കഥയും തിരക്കഥയും സംഭാഷണവുമെഴുതുന്ന സെക്കന്റ് ഷോയിൽ ഒരു അണ്ടർവേൾഡ് ഡോണിന്റെ വേഷമാണ് ദുൽക്കർ സൽമാൻ അവതരിപ്പിക്കുന്നത്.

ചിത്രത്തിന്റെ തിരക്കഥ മമ്മൂട്ടിയും സൽമാനും വായിച്ചുകഴിഞ്ഞു.

കഴിഞ്ഞ ഒന്നരമാസം സെക്കന്റ് ഷോയുടെ റിഹേഴ്സൽ ക്യാമ്പിലും സൽമാൻ പങ്കെടുത്തു.

ദുൽക്കർ സൽമാന്റെ സുഹൃത്തുക്കളാണ് ചിത്രത്തിന്റെ സംവിധായകനും തിരക്കഥാകൃത്തുമെല്ലാം.

രാജീവ് രവിയുടെ അസിസ്റ്റന്റ് പൂവാണ് ചിത്ര

മമ്മൂട്ടിയുടെ മകൻ നായകനാകുന്നു

www.Mallutribes.com

www.Mallutribes.com

നവാഗതനായ ശ്രീനാഥ് രാജേന്ദ്രൻ സംവിധാന ചെയ്യുന്ന സെക്കന്റ് ഷോയിൽ മെഗാസ്റ്റാർ മമ്മൂട്ടിയുടെ മകൻ ദുൽക്കർ സൽമാൻ നായകനാകുന്നു

ത്തിന്റെ ഛായാഗ്രഹണം നിർവ്വഹിക്കുന്നത്.

വയലിൻ നിർമ്മിച്ച എ.ഒ.പി.എൽ. ഇന്റർനാഷണൽ (പ്രൈ) ലിമിറ്റഡാണ് ചിത്രം നിർമ്മിക്കുന്നത്.

പുതുമുഖം ഡോ. അവന്തികയാണ് സെക്കന്റ് ഷോയിലെ നായിക.

ബാലഭാസ്കറിന്റെ ലെറ്റ് ഇറ്റ് ബി എന്ന ആൽബത്തിൽ ഒറ്റഷോട്ടിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട് അവന്തിക.

ബാബുരാജും സലിം കുമാറുമാണ് പുതുമുഖങ്ങൾക്കൊപ്പം ഈ ചിത്രത്തിൽ പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്നത്.

കൈത പ്രവും അവിയൽ ബാന്റും ചേർന്നാണ് സെക്കന്റ് ഷോയിലെ ഗാനങ്ങൾ ഒരുക്കുന്നത്. മമ്മൂട്ടി നായകനായ ആനന്ദത്തിലൂടെ തുടക്കം കുറിച്ച് തുടർന്ന് റൺ, ജി, സണ്ടക്കോഴി, ഭീമ, പയ്യ തുടങ്ങിയ ചിത്രങ്ങളൊരുക്കിയ സംവിധായകൻ എൻ. ലിംഗുസ്വാമിയുടെ ചിത്രത്തിലൂടെയാകും മമ്മൂട്ടിയുടെ മകന്റെ അരങ്ങേറ്റമെന്ന് വാർത്തകൾ വന്നിരുന്നു.

അൻവർ റഷീദിന്റെ ചിത്രത്തിലായിരിക്കും ദുൽക്കർ സൽമാൻ ആദ്യം അഭിനയിക്കുകയെന്ന് പിന്നീട് കേട്ടു.

സെക്കന്റ് ഷോയുടെ കഥ ഇഷ്ടമായതിനാലാണ് സൽമാൻ അഭിനയിക്കാമെന്നേറ്റത്.

കോഴിക്കോട് ആഗസ്റ്റ് 10ന് സെക്കന്റ് ഷോയുടെ ചിത്രീകരണം തുടങ്ങും. റോഷൻ ചിറ്റൂരാണ് പ്രൊഡക്ഷൻ കൺട്രോളർ.

എ.ഒ.പി.എൽ. സെക്കന്റ് ഷോ തിയേറ്ററുകളിലെത്തിക്കും.

-എസ്. അനിൽകുമാർ
anilvelli@gmail.com

ദുൽക്കർ സൽമാൻ, മമ്മൂട്ടി

www.Mallutribes.com



രാഹുൽ മോഹൻലാലിന്റെ മകനാണോ?

ഇടവേളക്കുശേഷമാണ് സത്യൻ അന്തിക്കാടിന്റെ മോഹൻലാൽ ചിത്രം പാലക്കാട് വീണ്ടും ആരംഭിച്ചത്.

മോഹൻലാലിന്റെ അമേരിക്കൻ പര്യടനവും പ്രണയത്തിന്റെ ഷൂട്ടിംഗുമൊക്കെയാണ് ഇടവേളയുണ്ടാക്കിയത്.

പുറത്ത് ചാനലുകൾ റെയ്ഡിനെപ്പറ്റി പുതിയ കഥകൾ സൃഷ്ടിക്കുമ്പോൾ കൂളായിട്ടാണ് മോഹൻലാൽ അജയനായി ക്യാമറക്കു മുന്നിലെത്തിയത്.

അതിനെപ്പറ്റി മോഹൻലാൽ സത്യൻ അന്തിക്കാടിനോട് പറഞ്ഞു.

സുനിലാണ് എന്നെ രക്ഷിച്ചുകൊണ്ടു പോകുന്നതെന്ന് ഒരു ഇൻകം ടാക്സ് ഓഫീസർ എന്നോടു പറഞ്ഞു.

സുനിൽ കുമാർ ഓഡിറ്ററാണ്. മമ്മൂട്ടിയുടേയും മോഹൻലാലിന്റെയും ഓഡിറ്റർ. അദ്ദേഹം കൃത്യമായി ടാക്സുകൾ അടപ്പിക്കുന്ന ആളായതുകൊണ്ടാണ് അന്വേഷണ ഉദ്യോഗസ്ഥർ അങ്ങനെ പറഞ്ഞത്.

"കണക്കുകളെല്ലാം കൃത്യവും സുതാര്യവുമാണ്", മോഹൻലാൽ പറഞ്ഞു.

പാലക്കാട് ടൗണിൽ നിന്നും പതിനഞ്ചുകിലോമീറ്ററോളം അകലെ കൊട്ടവാല്ക്കരിനടുത്ത് വടവത്തൂർ എന്ന സ്ഥലത്താണ് ചിത്രീകരണം. മോഹൻലാൽ, ഷീല എന്നിവർക്കൊപ്പം ഈ ചിത്രത്തിലൂടെ സത്യൻ അന്തിക്കാട് അവതരിപ്പിക്കുന്ന പുതുമുഖനടൻ രാഹുൽശർമ്മയും ചിത്രീകരിക്കുന്ന രംഗത്തിൽ അഭിനയിക്കുന്നു.

www.Mallutribes.com

www.Mallutrikes.com

ഫോട്ടോ: എം. കെ. മോഹനൻ

മോഹൻലാൽ, പത്മപ്രിയ

രാഹുലിനെ സത്യൻ അന്തിക്കാട് പരിചയപ്പെടുത്തി.

കൊച്ചിയിലെ ഏതുരാണ് രാഹുലിന്റെ സ്വദേശം. ഇൻഡോറിലായിരുന്നു രാഹുൽ ഏറെക്കാലം. ഒരുപാട് അന്വേഷണത്തിനൊടുവിലാണ് രാഹുലിനെ കണ്ടെത്തിയത്. സെറ്റിൽ കുറച്ചു ദിവസം എല്ലാം കണ്ടുമനസ്സിലാക്കാൻ സത്യൻ രാഹുലിനോട് പറഞ്ഞു. അങ്ങനെ നിന്നിടത്തിയശേഷമാണ് ക്യാമറക്കു മുന്നിൽ നിർത്തിയത്. നയൻതാര ആദ്യം മനസ്സിനക്കരെയിൽ അഭിനയിക്കുവാനെത്തിയപ്പോഴും ഇങ്ങനെയായിരുന്നു.

മോഹൻലാൽ ചോദിച്ചു. നിങ്ങൾ പ്രണയത്തിന്റെ പ്രൊമോ കണ്ടോ?

ഇല്ല...

ഓ കാണിച്ചുതരാം. തന്റെ മടിയിലിരുന്ന ലാപ്ടോപ്പിൽ നിന്നും പ്രണയത്തിന്റെ പ്രൊമോ മോഹൻലാൽ കാട്ടിത്തന്നു.

അപ്പോഴേക്കും അതുവഴി വന്ന സത്യൻ അന്തിക്കാടിനോടായി മോഹൻലാൽ പറഞ്ഞു.

സത്യേട്ടാ, ദേ പ്രണയത്തിന്റെ പ്രൊമോ.. ആന്റണി ഇപ്പോൾ കൊണ്ടുവന്നതാണ്.

സത്യനും ക്യാമറാമാൻ വേണുവിനും പ്രൊമോ കാട്ടിക്കൊടുത്തു.

പ്രൊമോ കണ്ട സത്യൻ അന്തിക്കാട് മോഹൻലാലിന്റെ രൂപത്തെയും അഭിനയത്തെയും ഏറെ പ്രശംസിച്ചു.

ശരിയാണ്. താരത്തിന്റെ ഇമേജ് തകർക്കുന്ന ഒരു കഥാപാത്രത്തെയാണ് പ്രണയത്തിൽ മോഹൻലാൽ അവതരിപ്പിക്കുന്നത്.

അജയനും അമ്മുക്കുട്ടിയമ്മയും താമസിക്കുന്ന വീടായിട്ടാണ് ഇവിടം ചിത്രീകരിക്കുന്നത്. ചെന്നൈയിലും ബോംബെയിലുമൊക്കെ ഏറെനാൾ ജോലി ചെയ്ത് നാട്ടിലെത്തി വിശ്രമജീവിതം നയിക്കുന്ന അജയൻ ഒരു വീട് വാങ്ങി. ഇവിടെ അജയനും അമ്മയും മാത്രമേയുള്ളൂ. ഇവരുടെ സ്നേഹബന്ധം ഏറെ ആഴത്തിലു

www.Mallutrikes.com

www.Nalluvibes.com

ലെന, കെപിഎസിലളിത, ഇന്നസെന്റ്



ണുമ്പോൾ അത് അജയന്റെ സ്വഭാവത്തിൽ നിന്ന് ഉടലെടുത്തപോലെ അവർക്കു തോന്നി. അവർ കാർത്തിക്കിനെ മനസ്സുകൊണ്ടു കൊച്ചുമകനായി അംഗീകരിച്ചു.

നാട്ടുകാർ പോലും കാർത്തിക് അജയന്റെ മകനാണെന്ന് വിശ്വസിച്ചു. സാഹചര്യങ്ങൾ ഉണ്ടായി. ആ തെറ്റിദ്ധാരണക്കു കാരണക്കാരനും അജയനാണ്. ചെന്നൈയിലും ബോംബയിലുമൊക്കെ ജീവിച്ച തന്റെ കഥ അജയൻ തന്നെയാണ് മറ്റുള്ളവർക്കു മുന്നിൽ പറഞ്ഞത്. താനൊരു വണ്ടിനെപ്പോലെയായിരുന്നു. പൂക്കൾ മാറി മാറി തേൻ നുകരുന്ന ഒരു വണ്ട്. പുതിയ പുതിയ പൂക്കൾ തേടിപ്പോയ വണ്ട്. അത്തരക്കാരനായ തൊൾക്ക് എന്നോ സംഭവിച്ച തെറ്റിന്റെ പ്രതിഫലനം മകന്റെ രൂപത്തിൽ അവതരിച്ചിരിക്കുന്നു.

ഉള്ളതാണ്.

ഈ സ്നേഹം വീതം വയ്ക്കുവാൻ അമ്മുക്കുട്ടിയമ്മയ്ക്കും ഇഷ്ടമല്ല. മകൻ വിവാഹം കഴിക്കണമെന്നതാണ് അമ്മയുടെ ഏറ്റവും വലിയ സ്വപ്നം. എന്നാൽ ആയളിത് ശ്രദ്ധിക്കുന്നു പോലുമില്ല. ഇവർക്കിടയിലേക്കാണ് കാർത്തിക്കെന്ന കൗമാരക്കാരൻ എത്തുന്നത്. അവൻ പറഞ്ഞു:

"ഞാൻ അജയന്റെ മകനാണ്". ഇതുകേട്ട് അജയനും അമ്മുക്കുട്ടിയമ്മയും ഞെട്ടി.

അജയന് സ്ഥലകാല ബോധം നഷ്ടപ്പെട്ടപോലെ ഈ സത്യമല്ലാത്ത രഹസ്യം നാട്ടിലും പാട്ടായി.

അമ്മുക്കുട്ടിയമ്മയ്ക്ക് ദിവസം ചെല്ലുംതോറും കാർത്തിക്ക് പ്രിയപ്പെട്ടവരായി മാറുകയാണ്.അവനിലെ ചില സ്വഭാവങ്ങൾ കാ

www.Nalluvibes.com

www.Malayalibes.com

മോഹൻലാലിന്റെ മൂന്നൂറാമത്തെ ചിത്രം

ആശിർവാദ് സിനിമാസിന്റെ ബാനറിൽ സത്യൻ അന്തിക്കാട് സംവിധാനം ചെയ്യുന്ന പുതിയ ചിത്രം മോഹൻലാലിന്റെ മൂന്നൂറാമത് ചിത്രമാണ്.

തനിക്കേറെ വിജയങ്ങൾ സമ്മാനിച്ച ഒരു സംവിധായകനോടൊപ്പം മൂന്നൂറാമത് ചിത്രത്തിൽ അഭിനയിക്കാനായത് അതികച്ചും നിമിത്തമാണെന്ന് മോഹൻ ലാൽ പറഞ്ഞു. ഈ ചിത്രവും ഏറെ പ്രതീക്ഷ നൽകുന്നുയെന്ന് മോഹൻലാൽ വ്യക്തിമാക്കി.

ആശിർവാദ് സിനിമാസിന്റെ പതിനാലാമത്തെ ചിത്രം കൂടിയാണിത്. ആശിർവാദിന്റെ മൂന്നാമത്തെ സത്യൻ അന്തിക്കാട് ചിത്രവുമാണ്.

ബിജുമേനോൻ, മോഹൻലാൽ

സത്യൻഅന്തിക്കാട്, വേണു, മോഹൻലാൽ

ഫോട്ടോ: എം. കെ. മോഹനൻ

അവനെ വീട്ടിൽ നിന്നും പുറത്താക്കാൻ എത്രയൊക്കെ ശ്രമിച്ചിട്ടും നടന്നില്ല. അപ്പോഴൊക്കെ അജയൻ വീട്ടിലെത്തും മുൻപ് അവൻ വീട്ടിലെത്തും.

അയൽവാസികൾക്കാകെട്ടെ കാർത്തിക് പല രീതിയിലും അപകടകാരിയാണെന്നു തോന്നി. അവനെ കൂടുക്കാൻ ശ്രമിച്ച മത്തായിക്ക് ലഭിച്ചത് എട്ടു തുന്നിക്കെട്ടായിരുന്നു. കൂടെയുള്ള മൂന്നുപേർ ആശുപത്രിയിലായത് മിച്ചം. മത്തായി പറയുന്നു:

ഇവൻ ആള് പ്രശ്നക്കാരൻ തന്നെയാ. പക്ഷെ സത്യം അവനല്ലേ അറിയൂ.

സ്വയരക്ഷയ്ക്ക് നടത്തിയ ചെറുത്തു നിൽപ്പാണ് മറ്റുള്ളവരുടെ മുന്നിൽ ആള് ഭയങ്കരനാകാൻ കാരണം.

വീട്ടിൽ ആധിപത്യം സ്ഥാപിക്കാനെത്തിയവനെ പുറത്താക്കാനുള്ള അജയന്റെ ശ്രമങ്ങളും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് ചിത്രം പറയുന്നത്.

ഇന്നസെന്റാണ് കരിങ്കണ്ണൻ മത്തായിയാകുന്നത്. ബിജു മേനോന്റെ എസ്. ഐ ബാലചന്ദ്രൻ ഗംഭീര കഥാപാത്രമാണ്.

മാമുക്കോയ, ശശി കലിംഗ, ചെമ്പിൽ അശോകൻ, കെ. പി. എ. സി ലളിത, ലെന, അരുന്ധതി, ഊർമ്മിളാ ഉണ്ണി തുടങ്ങിയവരാണ് മറ്റ് പ്രധാനതാരങ്ങൾ.

തിരക്കഥ സത്യൻ അന്തിക്കാട്. വയലാർ ശരത്ചന്ദ്ര വർമയുടെ ഗാനങ്ങൾക്ക് ഇളയരാജ ഈണം പകരുന്നു. വേണു ഛായാഗ്രഹണം നിർവ്വഹിക്കുന്നു.എഡിറ്റിംഗ് കെ. രാജഗോപാൽ. കലാസംവിധാനം ജോസഫ് നെല്ലിക്കൽ, മേക്കപ്പ് പാണ്ഡ്യൻ, വസ്ത്രാലങ്കാരം വേലായുധൻ കീഴില്ലം, അസോസിയേറ്റ് ഡയറക്ടർ ശ്രീബാല. കെ മേനോൻ, സഹസംവിധാനം വർഗ്ഗീസ് ആന്റണി, അഖിൽ, സത്യൻ, പി. ആർ. രാജീവ്, പ്രൊഡക്ഷൻ കൺട്രോളർ സേതു മണ്ണാർക്കാട്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ബിജു തോമസ്, പ്രൊഡക്ഷൻ മാനേജർ വിനോദ് ശേഖർ.

ആശിർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂർ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം പാലക്കാട് പുരോഗമിക്കുന്നു. അട്ടപ്പാടിയിലും ചെന്നൈയുമാണ് മറ്റു ലൊക്കേഷനുകൾ.

ചിത്രം മാക്സ് ലാബ് റിലീസ് ചെയ്യും.

– വാഴൂർ ജോസ്

www.Malayalibes.com

www.Mallutribes.com

മുട്ടോളം നില്ക്കുന്ന നിക്കറും പട്ടിസുമണിഞ്ഞ് വലിയ തൊപ്പിയുമണിഞ്ഞ പഴയ നിക്കർ പൊലീസായി മമ്മൂട്ടി വന്നപ്പോൾ

മമ്മൂട്ടി പഴയകാലത്തെ പൊലീസുകാരന്റെ വേഷമണിഞ്ഞെത്തി.

ഷാഫി സംവിധാനം ചെയ്യുന്ന വെനീസിലെ വ്യാപാരിക്കു വേണ്ടിയാണ് എൺപതുകൾക്കു മുൻപുള്ള കാലത്തെ പൊലീസുകാരന്റെ ട്രൗസറും പഴയ തൊപ്പിയും കാലിൽ കാക്കി പട്ടിസുമണിഞ്ഞ് മമ്മൂട്ടി വന്നത്.

ആള് യേഡ് ങ്ങുന്നാണ്. എന്ന് പറഞ്ഞാൽ ഹെഡ് കോൺസ്റ്റബിൾ. പേര്: പവിത്രൻ.

കൊച്ചിയിലെ ഇടക്കൊച്ചി കളപ്പുരയ്ക്കൽ ബംഗ്ലാവിൽ ആഗസ്റ്റ് ഒന്ന് തിങ്കളാഴ്ചയാണ് വെനീസിലെ വ്യാപാരിയുടെ ചിത്രീകരണം ആരംഭിച്ചത്.

ഒരു പൊലീസ് സ്റ്റേഷൻ രംഗമാണ് ഇവിടെ ചിത്രീകരിക്കുന്നതെന്ന് ഷാഫി പറഞ്ഞു. നാലുദിവസ

ഫോട്ടോ: സാബു ഹംസ

www.Mallutribes.com

www.Mallutribes.com

മനീസാമല വ്യാപാരി

മുണ്ട് ഇവിടെ ഷൂട്ടിംഗ്. തുടർന്ന് ചിത്രം ആലപ്പുഴയിലേക്കു ഷിഫ്റ്റ് ചെയ്യും. ആലപ്പുഴയും പരിസരവുമാണ് ഈ ചിത്രത്തിന്റെ പ്രധാന പശ്ചാത്തലം.

മഴ എത്തും മുൻപേ, അഴകിയരാവണൻ, ചമ്പക്കുളം തച്ചൻ, സിദ്ധാർത്ഥ് തുടങ്ങിയ നല്ല ചിത്രങ്ങൾ നിർമ്മിച്ച മുരളി ഫിലിംസിന്റെ വി.പി. മാധവൻ നായരാണ് നിർമ്മാതാവ്.

ഇടക്കാലത്ത് വിതരണരംഗത്തു മാത്രം ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടിരുന്ന മുരളി ഫിലിംസ് ഈ ചിത്രത്തിലൂടെ വീണ്ടും നിർമ്മാണ രംഗത്ത് സജീവമാകുകയാണെന്ന് മാധവൻ നായർ പറഞ്ഞു.

മമ്മൂട്ടി, ജനാർദ്ദനൻ, ജോണി, സാജു കൊടിയൻ എന്നിവരാണ് സെറ്റിലുള്ളത്. രഘുരാമവർമ്മയാണ് ജനാർദ്ദനൻ അഭിനയിക്കുന്നത്. മറ്റുള്ളവർ പൊലീസ് കോൺസ്റ്റബിൾമാർ.

മാതാപിതാക്കളുടെ വിയോഗത്തെത്തുടർന്ന് ചെറുപ്രായത്തിലേ ഒറ്റപ്പെട്ടവനാണ് പവിത്രൻ. അവന്റെ ജീവിതത്തിന്റെ ഓരോരോ അവസ്ഥകളിലൂടെയാണ് ചിത്രം വികസിക്കുന്നത്. പൊലീസുകാരനായ പവിത്രൻ പിന്നീട് കയർ കച്ചവടക്കാരനാകുന്നു. രണ്ടു സ്ത്രീകൾ ഇദ്ദേഹത്തിന്റെ ജീവിതത്തിലേക്കു കടക്കുന്നു. അതിന്റെ ഫലങ്ങൾ പവിത്രൻ അനുഭവിക്കുകയാണ്. ഒരു ജീവിതത്തിന്റെ അസാധാരണമായ ഉയർച്ചയും താഴ്ചയും സ്വപ്നങ്ങളും പ്രതീക്ഷകളുമെല്ലാം ഈ ചിത്രത്തിൽ കാണാം.

ഇങ്ങനെയൊന്നുമാകേണ്ടതല്ല എന്റെ ജീവിതം; എങ്ങനെയോ പൊലീസിന്റെ കുപ്പായമിട്ടുപോയതാണ് താൻ. ഇങ്ങനെ പവിത്രൻ വിശ്വസിക്കുന്നതുകൊണ്ടാകാം പവിത്രന്റെ സ്വഭാവത്തിൽ നിറയെ അരസികതയുണ്ടായത്. എന്തായാലും പവിത്രന്റെ പൊലീസ് ജീവിതത്തിന് അധികം ആയുസുണ്ടായിരുന്നില്ല. ഈ കാലഘട്ടത്തിലാണ് ലക്ഷ്മി എന്ന ബാങ്കുമാനേജരെ പവിത്രൻ പരിചയപ്പെട്ടത്. എസ്.പി. രഘുരാമവർമ്മയുടെ മകളാണ് ലക്ഷ്മി. പവിത്രന്റെ ജീവിതം ആലപ്പുഴയിലെ കയർ വ്യവസായവുമായി ബന്ധപ്പെടുമ്പോൾ ലക്ഷ്മിയുടെ സാന്നിദ്ധ്യമുണ്ടാകുന്നുണ്ട്. അവൾ ട്രാൻസ്ഫറായി വരുന്നു.

അക്കാലത്ത് ആലപ്പുഴയുടെ തീരങ്ങളിൽ കയർ പിരിക്കുന്ന അഥവാനികളായ പുരുഷന്മാരും സ്ത്രീകളും ഏറെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട കച്ചവടങ്ങളും തകൃതിയായി നടന്നു. ആലപ്പുഴയുടെ ഉല്പന്നങ്ങൾ കടൽ കടന്നു പറന്നു.

അക്കൂട്ടത്തിലൊരു നല്ല കച്ചവടക്കാരനാണ്

www.Mallutribes.com

പവിത്രൻ. ഇവർക്കിടയിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ വളർന്നു പന്തലിച്ചു. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളുടെ കൊടിക്കീഴിൽ.

വള്ളുമുന്നുകാരൻ ഗോവിന്റെ മകൾ അമ്മു കയർ തൊഴിലാളികളുടെ നേതാവാണ്. വിടർന്ന കണ്ണുകളും നിതംബം മറയുന്ന കാർകൂന്തലുമൊക്കെയായി എത്തുന്ന അമ്മു. പവിത്രന്റെ മനസ്സിൽ സ്വപ്നങ്ങൾ നെയ്തു.

യന്ത്രങ്ങളുടെ വരവാണ് ആലപ്പുഴയിലെ കയറുപിരിക്കുന്ന തൊഴിലാളികളെ അപ്രത്യക്ഷരാക്കിയത്. ഇന്നിപ്പോ കയറിനു പകരം പ്രചാരം നേടുന്നത് മറ്റ് കയർ ഉത്പന്നങ്ങളാണ്. സാധാരണക്കാരുടെ ജീവിതത്തിൽ നിന്നും കയറു പിരിക്കുന്നവർ അകന്നുപോയിരിക്കുന്നു. എന്നാൽ ഇതെല്ലാം സജീവമായ സമയത്ത് പവിത്രന്റെ ജീവിതത്തിലുണ്ടാകാന്ന അനുഭവങ്ങൾ ഷാഫി രസകരമായും ത്രില്ലിംഗായും അവതരിപ്പിക്കുകയാണ് ഈ ചിത്രത്തിൽ.

അമ്മുവിനെ അവതരിപ്പിക്കുന്നത് കാവ്യാമാധവനാണ്. കാവ്യ. മമ്മൂട്ടിയുടെ നായികയാകുന്ന ആദ്യ ചിത്രവും ഇതാണ്. ശിക്കാരി, ചൈനാടൗൺ എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയയായ പുനം ബജ്വ ലക്ഷ്മിയെ അവതരിപ്പിക്കുന്നു.

ജയിംസ് ആൽബർട്ടിന്റേതാണ് തിരക്കഥ. ചിരിയും ചിന്തയും ഉണർത്തുന്ന ചിത്രങ്ങളിലൂടെ തിരക്കഥ, രചനയിൽ സ്വന്തം ഇടം ഒരുക്കിയ ജയിംസ് ആൽബർട്ടും ഷാഫിയും ഒന്നിക്കുന്ന ആദ്യ ചിത്രവുമാണിത്.

ചിത്രീകരണം തുടരുന്ന കിംഗ് ആന്റ്

കോസ്റ്റ്യും: സമീറ സനീഷ്

www.Mallutribes.com

www.Mallutribes.com



ഷാഫി

കമ്മീഷണറിന്റെ ഷെഡ്യൂൾ ബ്രേക്കു ചെയ്താണ് ഈ ചിത്രം ആരംഭിച്ചത്.

നോമ്പുകാലം കൃത്യമായി ആചരിക്കാറുള്ള മമ്മൂട്ടി ഇത്തവണയും അതാവർത്തിക്കുന്നു. ചിത്രീകരണത്തിനിടയിൽ ജലപാനമില്ലാതിരുന്ന മമ്മൂട്ടിയോട് ഷാഫി ചോദിച്ചു.

പ്രയാസമാണോ?

"ആദ്യത്തെ ഒന്നുരണ്ടുദിവസം അല്പം ക്ഷീണം തോന്നും. വെളുപ്പിനുള്ള ഉണരലുമെല്ലാം ചേർത്ത് പിന്നെയിതങ്ങ് ശീലമാകും. ബോഡിയുമായി ഒന്നിണങ്ങി വരുമ്പോഴേക്കും നോമ്പു കഴിയും." മമ്മൂട്ടി പറഞ്ഞു.

"നോമ്പിനിടെ ചില ചിത്രങ്ങളിൽ ഫൈറ്റ്വരെ ചെയ്തിട്ടുണ്ട്. അതൊന്നും ഒരു കാര്യമല്ല." മമ്മൂട്ടി വിശദമാക്കി.

വിജയരാഘവൻ, ഇഗതി, സലിംകുമാർ, സുരാജ് വെഞ്ഞാറമൂട്, കലാഭവൻ ഷാജോൺ, ശ്രീരാമൻ, അജിത്, അബു സലിം, മജീദ്, രാജൻ പാടൂർ എന്നിവരും ഈ ചിത്രത്തിലെ പ്രധാന താരങ്ങളാണ്.

കൈതപ്രത്തിന്റെ ഗാനങ്ങൾക്ക് ബിജിബാൽ ഈണം പകർന്ന നാലു ഗാനങ്ങൾ ചിത്രത്തിലുണ്ട്.

ഷാംദത്താണ് ഛായാഗ്രാഹകൻ. ഷാഫിയുടെ സൂപ്പർ ഹിറ്റായ മേരിക്കുണ്ടൊരു കുഞ്ഞാട് എന്ന ചിത്രത്തിലും ഛായാഗ്രാഹകൻ ഷാംദത്തായിരുന്നു.

എഡിറ്റിംഗ്- മനോജ്. കലാസംവിധാനം- ജോസഫ് നെല്ലിക്കൽ.

മേക്കപ്പ്- പട്ടണം റഷീദ്. വസ്ത്രാലങ്കാരം എസ്. ബി. സതീശൻ. ചീഫ് അസോസിയേറ്റ് ഡയറക്ടർ- കെ.സി. രവി. അസോസിയേറ്റ് ഡയറക്ടേഴ്സ്- അജയ് വാസുദേവ്. റിയാസ് കെ. എം. സഹസംവിധാനം അനിൽ തൃക്കാക്കര, വിജയൻ, രതീഷ് മൂന്നാർ. പ്രൊഡക്ഷൻ കൺട്രോളർ- ഡിക്സൺ പൊടുത്താസ്. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ്- സതീഷ് കാവിൽക്കോട്ട, രാജേഷ് മേനോൻ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- മനോജ് മാധവൻ. വിതരണം: മുരളി ഫിലിംസ് റിലീസ്.

— വാഴൂർ ജോസ്

www.mallutribes.com

www.malluvibes.com

ഫോട്ടോ: അജി മസ്കറ്റ്

കണ്ണും കരളും നിറച്ച കമലഹാസൻ

ആസിഫ് അലി തന്റെ പ്രിയ

ഈ ഉലകത്തിൽ ഉല കനായകൻ കമലഹാസന്റെ ഏറ്റവും വലിയ ആരാ ധകനാരാണെന്ന് ചോ ദിച്ചാ അത് താനാണെന്ന് ആസിഫ് അലി പറയും.

"കമലഹാസൻ കരയു ന്നത് കണ്ടാൽ എനിക്ക് സഹിക്കാൻ പറ്റില്ല. നെഞ്ചു പിളരുന്ന പോലെ തോന്നും." ആസിഫ് അലി പറയുന്നു.

"എനിക്കേറ്റവും ഇഷ്ട മുള്ള ചിത്രങ്ങളും ഉലക നായകൻ കമലഹാസന്റെ താണ്".

ആസിഫിന് ഏറ്റവും ഇഷ്ടപ്പെട്ട ചിത്രങ്ങൾ

നായകൻ

കമലഹാസന് മികച്ച നടനുള്ള ദേശീയ പുര സ്ക്കാരം ആദ്യമായി നേടി കൊടുത്ത നായകനാണ് ആസിഫ് അലിക്ക് ഏറ്റവും പ്രിയപ്പെട്ട കമലഹാസൻ ചിത്രം. മണിരത്നമാണ് ഈ ചിത്രത്തിന്റെ സംവിധായ കൻ. വേലുനായ്ക്കൻ എന്ന കഥാപാത്രത്തെയാണ് കമ ലഹാസൻ അവതരിപ്പിച്ചത്.

> സ്വന്തം അച്ഛനെ കൊലപ്പെടുത്തിയ പൊലീസുകാരനെ കൊന്നിട്ട് നാടു വിടുന്ന വേലുനാ യ്ക്കൻ കണ്ണു നന യ്ക്കുന്ന ഒരനുഭവമാണ്.

മനു അങ്കിൾ

അഡൾട്ടായ മനുവി ന്റെ കഥയാണ് ചിത്രം പറ യുന്നത്. അവധിക്കുവരുന്ന സഹോദരങ്ങളുടെ മക്കളുമായി മനുവും കുട്ടി കളും ഒരു ആർട്ട് ഗാലറി സന്ദർശിക്കാൻ പോയി. ഈ സമയത്ത് ഗാലറിയിലുണ്ടാ യിരുന്ന മാർത്താണ്ഡവർ മയുടെ കിരീടം കാണാ തെപോയി. കള്ളന്മാരെ കുട്ടികൾ കണ്ടു.

കുട്ടിക്കാലത്ത് ചോറുണ്ണാ തെയിരുന്ന് വാശിപിടിക്കു മ്പോൾ ഉമ്മ സ്ഥിരമായി വി.സി. ആറിൽ ഇട്ടുതരുന്ന സിനിമയാണ് മനു അങ്കിൾ.

മനു അങ്കിളിലേത് പോലെ കൊസ്രാക്കൊള്ളികളായ ഒരു പിള്ളേര് സെറ്റ് ഗ്യാംഗ് എനി ക്കുമുണ്ടായിരുന്നു. എല്ലാ വർക്കും കൊച്ചു സൈക്കിളു മുണ്ടായിരുന്നു.

മനു അങ്കിളിലെ പാട്ടുകൾ കേൾക്കുമ്പോൾ കുസൃതി നിറഞ്ഞ കുട്ടിക്കാലം ഓർമ്മ വരും.

ഓ ഫാബി

ഓ ഫാബിയുടെയും കാസറ്റ് വീട്ടിലുണ്ടായി രുന്നു. ഫാബിയെപ്പോലൊരു ചങ്ങാതിയെ കിട്ടാൻ കുട്ടി ക്കാലത്ത് ഞാൻ ഒരുപാട് മോഹിച്ചിട്ടുണ്ട്.

പപ്പയുടെ സ്വന്തം അപ്പൂസ്

മമ്മൂക്കയും മകനുമായുള്ള ആത്മബന്ധം, ബാലഗോ പാലനെ എണ്ണതേപ്പിക്കുമ്പം എന്ന പാട്ട്. അതിൽ അപ്പൂ സിനെ കാറിന്റെ ബോണറ്റി ലിരുത്തി മമ്മൂക്ക ഡ്രൈവ്

www.Mallutribes.com

പ്പെട്ട സിനിമകളെക്കുറിച്ച്...



കമലഹാസൻ



ആസിഫ് അലി

ചെയ്യുന്ന പോലെ എന്റെ വാപ്പ പണ്ട് എന്നെ കാറിന്റെ ബോണറ്റിലിരുത്തി ഡ്രൈവ് ചെയ്തിട്ടുണ്ട്. വാരണം ആയിരം

സൂര്യയുടെ ആൾ ടൈം റൊമാന്റിക് മൂവി. ഒപ്പം അച്ഛനും മകനും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയും. മകനെ മോട്ടിവേറ്റ് ചെയ്യുന്ന അച്ഛൻ.

ഉസ്താദ്

ബിസിനസ് പങ്കാളി യൂസഫ് ഷായുമായി ഒന്നു കൊമ്പുകോർത്തശേഷമാണ് ഉസ്താദ് എന്ന പരമേശ്വരൻ നാട്ടിലെത്തുന്നത്. പരമേശ്വരനെല്ലാം അനിയത്തി പത്മജയാണ്. ഇവരുടെ സ്നേഹത്തിന്റെയും അധോലോകത്തിന്റെയും കഥയാണ് ഉസ്താദ്.

ഏട്ടനായും അധോലോക നായകനുമായുള്ള ലാലേട്ടന്റെ ഡിഫറന്റ് സ്റ്റൈൽ. ആ ഒരു ചെയ്ഞ്ച് ഓവർ എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്.

കിരീടം

ചെയ്യാത്ത തെറ്റിന് ജീവിതം കൈവിട്ടുപോയ സേതുമാധവന്റെ കഥയാണ് കിരീടം. ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുതെന്ന് അനുശാസിക്കുന്ന ഇന്ത്യൻ നിയമസംഹിത പലപ്പോഴും തെറ്റുന്നു എന്നതിന് ഉദാഹരണമാണ് ഈ ചിത്രം.

എന്റെ ഫേവറിറ്റ് സിനിമകളിലൊന്ന്. നിഷ്കളങ്കനായ ഒരാളുടെ ജീവിതത്തിലുണ്ടാകുന്ന ദുരന്തം എത്ര തീവ്രമായാണ് ആവിഷ്കരിച്ചിരിക്കുന്നത്. അതിനേക്കാളെല്ലാം നെഞ്ചിനൊന്ന് ഗംഭീരം.

രാവണപ്രഭു

മംഗലശ്ശേരി നീലകണ്ഠന്റെ മകൻ കാർത്തികേയൻ മദ്യരാജാവാണ്. മകന്റെ പണമുണ്ടാക്കുന്ന രീതിയോട് താത്പര്യമില്ലാത്തതിനാൽ നീലകണ്ഠൻ കാർത്തികേയനെ അകറ്റി നിർത്തിയിരിക്കുകയാണ്. ഒടുവിൽ നെഞ്ചിനൊന്ന് തീരുമാനിച്ച മുഹൂർത്തത്തിൽ കാർത്തികേയന് നീലകണ്ഠനെ നഷ്ടമാകുന്നു.

ലാലേട്ടൻ അടിച്ചുപൊളിച്ച ഒരു സിനിമ. അതിലെ ഓരോ ഡയലോഗുകളും മനപ്പാഠമാണെനിക്ക്.

കുങ്ഫു പാണ്ഡ

അനിമേഷൻ സിനിമയാണ്. മടിയനായ പാണ്ഡ കുങ്ഫു മാസ്റ്ററുടെ ഉപദേശപ്രകാരം പഠിച്ച് യുദ്ധിഷു മാസ്റ്ററുടെ കഥ.

മജീദ് മജീദിയുടെ ചിൽഡ്രൺ ഒഫ് ഹെവൻ, ഹോം എലോൺ സീരിസിലെ എല്ലാ സിനിമകളും.

സ്വന്തം സിനിമകളിലോ?

അപൂർവ്വരാഗം, സിബി സാർ എനിക്ക് ഒരുപാട് ഫ്രീഡം തന്നു. എന്റെ ഉള്ളിലെ വില്ലനെ വലിച്ച് പുറത്തിട്ട സിനിമ. ഇപ്പോൾ നിങ്ങളെ എല്ലാവരെയും പോലെ സോൾട്ട് ആന്റ് പെപ്പറും എന്റെ ഫേവറിറ്റാണ്.

— എസ്. അനിൽകുമാർ

www.Mallutribes.com

www.Mallutribes.com

സൂപ്പർഹിറ്റായ ആകാശദീപമെങ്ങുമുണരുകയോ എന്ന ഗാനത്തിലൂടെ മലയാള സിനിമയിൽ സ്ഥാനം നേടിയ ശരത് പറയുന്നു പ്രതിഭാശാലികളുടെ ഈണം കോപ്പിയടിക്കാൻ തയ്യാറല്ല

ചെന്നൈയിലെ ശാന്തം തിയേറ്ററിൽ ഇയേ്യാ സംവിധാനം ചെയ്ത് നൂറിയെൺപതിന്റെ ആദ്യപ്രദർശനം നടക്കുന്നു.

സിനിമ തുടങ്ങി അഞ്ചുമിനിട്ടിനുള്ളിൽ പ്രേക്ഷകർ പ്രതീക്ഷിച്ചിരുന്ന ഗാനരംഗം. ഉവ്വ സല ഊത്...

അടിപൊളി മ്യൂസിക്കിനൊപ്പം സിദ്ധാർത്ഥ ചുവടുവയ്ക്കവേ പ്രേക്ഷകരും ഗാനം ഏറ്റുപാടി ചുവടുവച്ചു.

ഇതു കണ്ട് ബാൽക്കണിയിലെ ഏറ്റവും പിന്നിലത്തെ നിരയിൽ ഇരുന്നൊരാൾ പുഞ്ചിരിക്കുകയാണ്. മറ്റാരുമല്ല, നമ്മുടെ ശരത്. ക്ലാസിക് സ്പർശമുള്ള ഗാനങ്ങളിലൂടെ കേരളത്തെ സംഗീതവിരുന്നൂട്ടുന്ന ശരത് നൂറിയെൺപതിലെ ഗാനങ്ങളിലൂടെ ദക്ഷിണേന്ത്യയിൽ തരംഗമാകുന്നു.

സംഗീതത്തിന്റെ വഴികളിൽ ശരത്തിന്റെ യാത്ര കല്ലും മുള്ളും നിറഞ്ഞതായിരുന്നു.

"അമ്മ നന്നായി പാടുമായിരുന്നു. സംഗീതത്തിൽ അമ്മയ്ക്ക് നല്ല അവഗാഹമായിരുന്നു. അമ്മയാണ് എന്നെ ആദ്യം സംഗീതം പഠിപ്പിച്ചത്. അമ്മാവന്മാരും സംഗീതവിദ്വാന്മാരായിരുന്നു. അവരും സംഗീതം പഠിപ്പിച്ചു. പത്താംക്ലാസ് പാസ്സായപ്പോൾ സംഗീതമാണ് ജീവിതമെന്ന് നിശ്ചയിച്ചു. സംഗീതം പഠിപ്പിക്കാൻ കൊല്ലത്തെ വീട് വാടകയ്ക്ക് കൊടുത്ത് അച്ഛനും അമ്മയും എന്നെയുംകൊണ്ട് മദ്രാസിലെത്തി. പി.എ ചിദംബരനാഥിന്റെ ശിക്ഷണത്തിൽ സംഗീതം പഠിച്ചു."

സിനിമയിലെത്തിയത്?

ശരത്: പതിനാറു വയസ്സുള്ളപ്പോഴാണ് ഞാൻ സ്വതന്ത്ര സംഗീതസംവിധായകനായത്. സംഗീത പാവൈ എന്ന ആൽബത്തിലൂടെ. എന്റെ സുഹൃത്ത് രാജുയാണ് അതിലെ ഗാനങ്ങൾ രചിച്ചത്. ഞാനും വാണിജയറാമുമായിരുന്നു ഗായകർ. ഈ ആൽബത്തെക്കുറിച്ചറിഞ്ഞ വൈരമുത്തുസാറാണ് എന്നെ സിനിമയിലെത്തിച്ചത്.

ശരത്

വൈരമുത്തുസാറിന്റെ വരികൾക്ക് സംഗീതം നൽകിക്കൊണ്ട് രംഗപ്രവേശം ചെയ്യുക ഏതൊരു മ്യൂസിക് ഡയറക്ടറുടെയും സ്വപ്നമാണല്ലോ. സന്തോഷം കൊണ്ട് ഞാൻ തുള്ളിച്ചാടി. ചിത്ര, മനോ തുടങ്ങിയവരായിരുന്നു ഗായകർ. കയ്യും മനവും മറന്ന് ഞാൻ വൈരമുത്തുവിന്റെ വരികൾക്ക് ഈണമിട്ടു. റെക്കോർഡിംഗ് കഴിഞ്ഞുകലാകാരന്മാർക്ക് പണം കൊടുക്കണം.

www.Mallutribes.com

www.Mallutribes.com

നോക്കിയപ്പോൾ അമ്മുവിനെ തിരഞ്ഞുനടന്ന സിദ്ധിക്ക് ഇന്നസെന്റ് മുകേഷ് ഉടൻ കൈവീശുകയും നിമിഷനേരം കൊണ്ട് സ്വർണ്ണമോതിരവും ഇട്ടു. ചിരിച്ചു കളിച്ചു നിന്ന നിർമ്മാതാവിനെ കാണാനില്ല. അയാൾ മുങ്ങിയെന്നറിഞ്ഞപ്പോൾ ഉള്ളൊന്നു കാളി. കലാകാരന്മാർ പണത്തിനായി എന്റെ പുറ്റും കൂടി. ഒടുവിൽ വീട്ടിൽ നിന്നും നുള്ളിപ്പെറുക്കിയെടുത്ത 25,000 രൂപകൊടുത്ത് ഞാൻ അവരെ തൃപ്തരാക്കി. എൺപതുകളിൽ 25,000 രൂപയെന്നാൽ വലിയൊരു തുകയാണ്.

ശരത് കോംപ്രമൈസിനില്ല

ക്ഷണക്കത്തിൽ എത്തിയത്?

ആദ്യസിനിമാമോഹം തകർന്ന ഞാൻ കാമുകിയെ നഷ്ടപ്പെട്ട കാമുകനെപ്പോലെ ദുഃഖിതനായി. എന്നാൽ എന്റെ സുഹൃത്ത് സുരേഷ് കാന്തൻ ഞാൻ സംഗീതസംവിധാനം ചെയ്ത തമിഴ്ചിത്രത്തിന്റെ ഗാനങ്ങളടങ്ങിയ കാസറ്റ് നവോദയ ജിജോസാറിനയച്ചു. ഒരാഴ്ചകഴിഞ്ഞപ്പോൾ നവോദയയിൽ നിന്നും വിളിവന്നു. ഞാൻ ജിജോ സാറിനെ കണ്ടു. നഷ്ടപ്പെടുന്ന പ്രണയത്തിന്റെ സിറ്റുവേഷനിൽ ഒരു ഗാനമൊരുക്കാൻ അദ്ദേഹം പറഞ്ഞു. പതിനഞ്ചുദിവസത്തെ സമയവും തന്നു. എന്നാൽ ഞാൻ പതിനഞ്ചുമിനിട്ടിനുള്ളിൽ സംഗീതമൊരുക്കി ജിജോസാറിനെ കേൾപ്പിച്ചു.

അമിതപ്രതീക്ഷയില്ലാതെ നവോദയയിൽ നിന്നും മടങ്ങി. രണ്ടാഴ്ച കഴിഞ്ഞ് വിളി വന്നു. ജിജോയ്ക്കും ട്യൂൺ ഇഷ്ടപ്പെട്ടു. അങ്ങനെ നവോദയയുടെ പുതിയ സിനിമയിൽ സംഗീത സംവിധായകനായി. സിനിമയുടെ പേര് ഗാന്ധർവം. സംവിധായകൻ ടി.കെ. രാജീവ് കുമാർ. ഗാനരചന കൈതപ്രം. ആറുഗാനങ്ങൾക്ക് സംഗീതമൊരുക്കി. ഗാനങ്ങളെല്ലാം റിക്കാർഡ് ചെയ്തപ്പോഴാണ് ഗാന്ധർവത്തിന്റെ അതേ പശ്ചാത്തലത്തിൽ പത്മരാജൻസാർ ഞാൻ ഗന്ധർവൻ ഒരുക്കുന്നതായി അറിഞ്ഞത്. അതോടെ ഗാന്ധർവം ഉപേക്ഷിച്ചു. ഞാനും കൈതപ്രവും ഫോണിലൂടെ സങ്കടം പങ്കുവച്ച് കരഞ്ഞു.

അത് കഴിഞ്ഞ് ഒന്നരവർഷം കഴിഞ്ഞാണ് ക്ഷണക്കത്തിലേക്ക് രാജീവ്കുമാർ ക്ഷണിച്ചത്. ക്ഷണക്കത്തിലെ ഗാനങ്ങളെല്ലാം സൂപ്പർഹിറ്റായി. ഇതിലെ ആകാശദീപമെങ്ങു മുണരുമിടമായോ എന്ന ഗാനം ഗാന്ധർവത്തിനുവേണ്ടി റിക്കാർഡ് ചെയ്തതായിരുന്നു.

ക്ഷണക്കത്തിനുശേഷം?

ഒരു ഗ്യാപ്പ് വന്നു. അതെന്തുകൊണ്ടാണെന്നറിയില്ല. ആരുടെ മുന്നിലും ചാൻസ് തേടിപോകാത്തതാകാം കാരണം. പിന്നീട് ഒറ്റയാൾ പട്ടാളം ചെയ്തു. അതിലെ മായാമഞ്ചലിൽ ഹിറ്റായി. അതുകഴിഞ്ഞ് പവിത്രം ചെയ്തു. അതിലെ ഗാനങ്ങളെല്ലാം ശ്രദ്ധിക്കപ്പെട്ടു. സാഗരംസാക്ഷി, രുദ്രാക്ഷം എന്നിവയ്ക്കും ഈണമിട്ടു. പക്ഷേ, തുടരെ പടങ്ങൾ ലഭിച്ചില്ല.

അതുകൊണ്ടാണോ തമിഴിലേക്ക് തിരിഞ്ഞത്?

തമിഴിൽ നിന്നും ഇൗണ് ആറിലേക്ക് ഓഫർ വന്നു. അതിലെ ഗാനങ്ങൾ ഞാൻ ഏറെ പ്രതീക്ഷയോടെയാണ് ചെയ്തത്. അതിനിടയ്ക്കാണ് കുശ്ബുവും തമിഴ് സ്ത്രീസംഘടനകളും തമ്മിലുള്ള വിവാദമുണ്ടായത്. കുശ്ബു അഭിനയിച്ച ചിത്രമായതിനാൽ ഇൗണ് ആറ് തമിഴ് സ്ത്രീ സംഘടനകൾ ബഹിഷ്കരിച്ചു. ചിത്രം പൊട്ടി. എന്റെ ഗാനങ്ങൾ ശ്രദ്ധിക്കപ്പെടുമില്ല.



ജിജോ

അവസരം കുറഞ്ഞപ്പോൾ നിരാശയുണ്ടായോ?

നിരാശയൊന്നും തോന്നിയില്ല. പാട്ടുകൾക്ക് സംഗീതമൊരുക്കാനേ എനിക്ക് അവസരം കുറഞ്ഞുള്ളൂ. എന്നാൽ ധാരാളം സിനിമകൾക്ക് പശ്ചാത്തലസംഗീതം ചെയ്തു. പരസ്യങ്ങൾക്ക് സംഗീതം നൽകി. എനിക്കെന്നും തിരക്കായിരുന്നു.

> അടിപൊളി പാട്ടുകൾ ഒരുക്കാനാണ് എനിക്കിഷ്ടം. എന്നാൽ പവിത്രത്തിലെ ശ്രീരാഗമോ, താളമയഞ്ഞു തുടങ്ങിയ ഗാനങ്ങൾ എനിക്ക് നൽകിയ ഇമേജാണ് അടിപൊളി ഗാനങ്ങളൊരുക്കുന്നതിന് തടസ്സമായത്

www.Mallutribes.com

www.Malayalamtribes.com



അതിശയിപ്പിച്ച സംഗീതജ്ഞൻ

തന്നെ അതിശയിപ്പിച്ച സംഗീതജ്ഞൻ ഇളയരാജയാണെന്ന് ശരത് പറഞ്ഞു. ഇളയരാജയെക്കുറിച്ചുള്ള ശരത്തിന്റെ വാക്കുകൾ...

"നിമിഷനേരംകൊണ്ടാണ് രാജാസാർ ഈണമിടുന്നത്. ഒന്നിനൊന്നു വ്യത്യസ്തമായ ഈണങ്ങൾ. നാടൻ താളവും ഡപ്പാംകുത്തുമെല്ലാം അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നും വിരൽത്തുമ്പിലെത്തുന്നത് ദൈവികമായൊരു സിദ്ധികൊണ്ടാണ്. ഇളയരാജയെ വെല്ലാൻ മറ്റൊരു സംഗീതസംവിധായകനില്ല."

ഇളയരാജ

കോപ്രൈമൈസിന് തയ്യാറാകാത്തതായിരുന്നോ ശരത്തിന്റെ പ്രശ്നം?

എന്തു കോപ്രൈമൈസിനാണ് ഞാൻ തയ്യാറാകേണ്ടത്? ഞാൻ സംഗീതം പകരുന്ന ഗാനങ്ങൾക്ക് എന്റെ സിഗ്നേച്ചറുണ്ടാകണം. പ്രശസ്തമായ പല ട്യൂണുകളും കോപ്പിയടിച്ച് ഗാനമുണ്ടാക്കാൻ എന്നോട് പല സംവിധായകരും ആവശ്യപ്പെട്ടിട്ടുണ്ട്. അവരോട് പോയി പണി നോക്കാൻ പറഞ്ഞു. ഒരുപാട് പ്രതിഭാശാലികൾ സംവിധായകരുടെ നിർബന്ധത്തിന് വഴങ്ങി ട്യൂണുകൾ കോപ്പിയടിക്കാറുണ്ട്. എന്നാൽ എനിക്കതിനുകഴിയില്ല.

വിവാഹം?

ഇതിനിടയിൽ അത് സംഭവിച്ചു. കണ്ണൂർ രാജന്റെ മകൾ സീതയാണ് ഭാര്യ. വിവാഹത്തിന് ശേഷം വാടകവീട്ടിലേക്ക് ഞങ്ങൾ താമസം മാറി. ആ സമയത്ത് സിനിമയിൽ അവസരവും കുറഞ്ഞു. വാടകവീട്ടിലെ ജീവിതം ദുസ്സഹമായിരുന്നു. ഞങ്ങളുടെ ബെഡ്റൂമിൽ ഒരു ഫാനുണ്ടായിരുന്നു. അത് കറങ്ങുന്നതിന്റെ ശബ്ദം അരകിലോമീറ്റർ ദൂരെ കേൾക്കും. കറങ്ങുന്നതല്ലാതെ കാറ്റൊന്നുമില്ല. ചെന്നൈയിലെ ചൂടാണെങ്കിൽ കഠിനവും. മൂന്നു മാസം വയർമുറുക്കിയുടുത്ത് ജീവിച്ചു. പിന്നീട് പശ്ചാത്തലസംഗീതത്തിന് അവസരം കിട്ടിയതോടെ ജീവിതം പച്ചപിടിച്ചുതുടങ്ങി.

കണ്ണൂർ രാജൻ അർഹിക്കുന്ന തരത്തിൽ അംഗീകരിക്കാത്തതിനു കാരണമെന്താണ്?

ദേവീക്ഷേത്രനടയിൽ എന്ന എവർഗ്രീൻ ഹിറ്റ് ഒരുക്കിയ സംഗീതജ്ഞനായിരുന്നു കണ്ണൂർ രാജൻ. നിങ്ങൾ നേരത്തെ പറഞ്ഞതുപോലെ കോപ്രമൈസിന് തയ്യാറാകാത്തതുകൊണ്ടാണ് അദ്ദേഹത്തിനും അവസരം കുറഞ്ഞത്. എങ്കിലും അദ്ദേഹം ചെയ്ത ഓരോ ഗാനവും കാലത്തെ അതിജീവിക്കുന്നു.

കണ്ണൂർ രാജൻ ശരത്തിനെ സ്വാധീനിച്ചിട്ടുണ്ടോ?

ശുദ്ധസംഗീതത്തെ മാത്രമേ ഉപാസിക്കാവൂ എന്ന കാര്യത്തിൽ പ്രചോദനമായത് അദ്ദേഹത്തിന്റെ ജീവിതദർശനമാണ്.

ഭാര്യ ശരത്തിനെ വിമർശിക്കാറുണ്ടോ?

തീർച്ചയായും. സീതയ്ക്ക് സംഗീതത്തെക്കുറിച്ച് നല്ല ധാരണയുണ്ട്. എന്റെ ഗാനങ്ങളെ തലനാരിഴകീറി വിമർശിക്കാറുണ്ട്.

പാട്ടുകൾ ഹിറ്റാകാത്തതിനും കാരണം?

ഗ്രൂപ്പായിരുന്ന് ചർച്ച ചെയ്ത് പാട്ടുകൾ ഒരുക്കുന്നതിന് പകരം ടെലഫോൺ വഴിയും ഇന്റർനെറ്റ് വഴിയുമാണ് ഇപ്പോൾ സംഗീതമൊരുക്കുന്നത്. പഴയതുപോലൊരു സൗഹൃദാന്തരീക്ഷം ഇപ്പോഴില്ല. പാട്ടിനു പറ്റിയ നല്ല സിറ്റുവേഷനും ഇപ്പോഴത്തെ സിനിമകളിൽ കുറവാണ്. ഇതാണ് ഹിറ്റുകൾ കുറയാൻ കാരണം.

സ്റ്റാർസിംഗറല്ലേ ശരത്തിന് രണ്ടാംജന്മം നൽകിയത്?

തീർച്ചയായും. എനിക്ക് തിരിച്ചുവരവ് നൽകിയത് ഐഡിയാ സ്റ്റാർസിംഗറാണ്. സ്റ്റാർസിംഗറിന്റെ വിധികർത്താവായി എന്നെ ക്ഷണിച്ചപ്പോൾ മനസ്സില്ലാമനസ്സോടെയാണ് സമ്മതിച്ചത്. എന്നാൽ ഈ പ്രോഗ്രാം എന്റെ തലവര മാറ്റി.

ശാസ്ത്രീയ സംഗീതത്തിൽ നിന്നും പുറത്തുകടക്കാൻ ശരത് പ്രയാസപ്പെടുന്നുണ്ടോ?

അടിപൊളി പാട്ടുകൾ ഒരുക്കാനാണ് എനിക്കിഷ്ടം. എന്നാൽ പവിത്രത്തിലെ ശ്രീരാഗമോ, താളമയഞ്ഞു തുടങ്ങിയ ഗാനങ്ങൾ എനിക്ക് നൽകിയ ഇമേജാണ് അടിപൊളി ഗാനങ്ങളൊരുക്കുന്നതിന് തടസ്സമായത്. നൂറിയെൺപതിലൂടെ ഞാൻ ലക്ഷ്യം നേടി.

നൂറിയെൺപതിലെ ഗാനങ്ങളുടെ പ്രത്യേകത എന്താണ്?

തമിഴ്നാട്ടിൽ പുതിയൊരു സംഗീതസംസ്കാരം സൃഷ്ടിക്കാനാണ് ഞാൻ ശ്രമിച്ചത്. ഉവ്വ സല ഊത് അടിപൊളിഗാനമാണ്. സന്ധിപ്പാനെ കൺകൾ വിരഹനോവുള്ളതാണ്. മനം മറക്കുതേയും നീ പോതി നാറും പ്രണയഗാനമാണ്. ഇങ്ങനെ വ്യത്യസ്തമായ ഗാനങ്ങൾ ഒരുക്കി. വൈരമുത്തു സാറിന്റെ മകൻ മദൻകാർഗിയും വിവേകും ചേർന്നാണ് ഗാനങ്ങൾ രചിച്ചത്. ഇതിലെ ഗാനങ്ങളെല്ലാം ചിത്രം ഇറങ്ങുന്നതിന് മുമ്പുതന്നെ സൂപ്പർഹിറ്റായി.

പുതിയ പ്രോജക്ടുകൾ?

പി. ബാലചന്ദ്രന്റെ ഇവൻ മേഘരൂപൻ, പാർത്ഥിപൻ സംവിധാനം ചെയ്യുന്ന പുതിയ തമിഴ്ചിത്രം, സരീഷ്. കെ ഷെട്ടിയുടെ തെലുങ്കുചിത്രം എന്നിവയാണ് പുതിയ പ്രോജക്ടുകൾ.

– കെ.എൻ. ഷാജികുമാർ

www.malayalamtribes.com

www.Mallutribes.com

കലാകൗമുദി
ഓണം ഓഫർ 2011

അവസാന തീയതി 31-08-2011

ഓഫർ 1

യഥാർത്ഥ വില
1740 രൂപ
അടയ്ക്കേണ്ട തുക
1111 രൂപ
ലാഭം
629 രൂപ + എം.സി. ആർ മുണ്ട്

ആവശ്യമുള്ളത് ✓ ചെയ്യുക

☐ { or or or } + ☐ ☐ ☐ ☐

ഓഫർ 2

യഥാർത്ഥ വില
960 രൂപ
അടയ്ക്കേണ്ട തുക
799 രൂപ
ലാഭം
161 രൂപ + എം.സി. ആർ മുണ്ട്

☐ { or or or } ☐ ☐ ☐ ☐

പേര് _____ വിലാസം _____

_____

പിൻ: _____ ഫോൺ: _____ ഇ-മെയിൽ: _____

വയസ്: _____ പുരുഷൻ / സ്ത്രീ: _____ ചെക്ക് / ഡി ഡി നമ്പർ: _____

ഓഫർ 1 വിശദാംശം: കലാകൗമുദി 52 ലക്കങ്ങൾ + വെള്ളിനക്ഷത്രം 52 ലക്കങ്ങൾ + ____ മാസികയുടെ 12 അപ്പുക്കിൽ കഥയുടെ ലോഭങ്ങൾ

ഓഫർ 2 വിശദാംശം: കലാകൗമുദി 52 ലക്കങ്ങൾ + _____ മാസികയുടെ 12 അപ്പുക്കിൽ കഥയുടെ ലക്കങ്ങൾ

കാലാവധി: 2011 ജൂലായ് 1 മുതൽ 2011 ആഗസ്റ്റ് 31 വരെ

ഇന്നാണ് മാനേജർ, കലാകൗമുദി പബ്ലിക്കേഷൻസ് പ്രൈ. ലിമിറ്റഡ്, തിരുവനന്തപുരം എന്ന പേരിൽ മാറാവുന്ന ചെക്ക് / ഡി ഡി അയക്കേണ്ട വിലാസം : ഇന്നാണ് മാനേജർ, കലാകൗമുദി, കലാകൗമുദി ഗാർഡൻസ്, കുമാരപുരം, മെഡിക്കൽ കോളേജ് പി. ഒ., തിരുവനന്തപുരം - 11. ചെക്ക് അയയ്ക്കുന്നവർ 20 രൂപ കളക്ഷൻ ചാർജ്ജ് കൂടി അയയ്ക്കണം. ഫോൺ: 0471 2443531, 2447870

സമ്മാനമായി ലഭിക്കുന്ന എം സി ആർ മുണ്ട് ഈ പദ്ധതിയിൽ ചേരുന്നവർ കലാകൗമുദിയുടെ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് ഓഫീസുകളിൽ നിന്ന് നേരിട്ടോ പ്രതിനിധികൾ മുഖേനയോ കൈപ്പറ്റുന്നതിനുള്ള കൂപ്പണിലെ ഏജൻസിയിൽ നിന്നോ ലഭിക്കേണ്ടതാണ്.

ഈ പദ്ധതിയെ സംബന്ധിച്ച് സർക്കുലേഷൻ വിഭാഗത്തിൽ നിന്നുള്ള കോൾ നിർദ്ദേശങ്ങൾ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ.

www.Mallutribes.com

www.Mallutribes.com

172 എപിസോഡ് പിന്നിട്ട മുകേഷിന്റെ ഡീൽ ഓർ നോ ഡീലിന്

63 രിക്കൽ കവയത്രി റോസ്മേരി മുകേഷിനോട് ചോദിച്ചു: "സിനിമാതാരങ്ങളും, വലിയ വലിയ രാഷ്ട്രീയ നേതാക്കളും പങ്കെടുക്കുന്ന ചടങ്ങിൽ അവരെ ഒരു നോക്ക് കാണാൻ, കഴിഞ്ഞെങ്കിൽ, ഒന്ന് തൊടാൻ കഴിഞ്ഞെങ്കിൽ എന്നോർത്ത് ആൾക്കൂട്ടം ഇരമ്പിയാർക്കുന്നതെന്തുകൊണ്ടെന്നറിയാമോ?"

ഉത്തരം മുട്ടി നിന്ന മുകേഷിനോട് റോസ്മേരി പറഞ്ഞു: "പോസിറ്റീവ് എനർജിയുള്ളവരായിരിക്കുമല്ലോ വലിയ വലിയ താരങ്ങളാകുന്നത്. ആ പോസിറ്റീവ് എനർജിയിലേക്ക് ആകർഷിക്കപ്പെടുകയാണ് ആൾക്കൂട്ടം."

ജീവിതത്തിന്റെ കടുത്ത പ്രതിസന്ധികളിൽ കൊടിയ ദാരിദ്ര്യത്തിൽ പകച്ചും പതറിയും നില്ക്കുന്നവരാണ് ഗെയിം ഷോയായ ഡീൽ ഓർ നോ ഡീലിലെ മത്സരാർത്ഥികൾ.

മുകേഷ് അവതാരകനായി എത്തുന്ന ഈ പരിപാടിയിലേക്ക് ഓരോ മത്സരാർത്ഥിയെയും ഹസ്തദാനം ചെയ്താണ് അദ്ദേഹം വരവേല്ക്കുന്നത്.

തകർന്ന് നില്ക്കുന്ന അവരിൽ നിന്ന് പ്രവഹിക്കുന്നത് നെഗറ്റീവ് എനർജിയായിരിക്കും.

അവർക്ക് കൈകൊടുക്കുമ്പോൾ ആ നെഗറ്റീവ് എനർജി നമ്മളിലേക്കും വ്യാപിക്കും.

"ഇത്രയും നെഗറ്റീവ് എനർജി കടന്നുവന്നിട്ടും പോസിറ്റീവായി ഓരോ നിമിഷവും മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നത് മുകേഷിന്റെ ദൈവാനുഗ്രഹം കൊണ്ട് മാത്രമാണ്." റോസ് മേരി പറഞ്ഞു.

"നൂറ് ശതമാനം ശരിയാണ്." മുകേഷ് ആ അഭിപ്രായത്തോട് പൂർണ്ണമായും യോജിച്ചു.

'അമ്മ'യുടെ ജനറൽ ബോഡി മീറ്റിംഗിൽ കെ. ബി. ഗണേഷ്കുമാർ പ്രസംഗിച്ചു. "മന്ത്രിമാരും പഞ്ചായത്ത് മെംബർമാരും എം. എൽ. എ മാരുമൊക്കെ ഡീൽ ഓർ

മുകേഷ്

www.Mallutribes.com

താല്‍ക്കാലിക വിരാമം. അവസാന എപ്പിസോഡ് ആഗസ്റ്റ് 16 ന്

ഇനി NO ഡീൽ



നോ ഡീലിൽ പങ്കെടുക്കാനെന്താണ് ചെയ്യേണ്ടതെന്നാണ് എന്നോട് ചോദിക്കുന്നത്.''

പത്മശ്രീ ലഭിച്ചതിന് ശേഷമുള്ള സ്വീകരണച്ചടങ്ങിൽ പങ്കെടുക്കാൻ പോയപ്പോഴൊക്കെ ജയറാമിനോട് പലർക്കും പറയാനുണ്ടായിരുന്ന ഒരേ ഒരു കാര്യം ''മുകേഷിനോട് പറഞ്ഞ് ഡീൽ ഓർ നോ ഡീലിൽ പങ്കെടുക്കാൻ ഒരു ചാൻസ് ഒപ്പിച്ചു തരണേയെന്നായിരുന്നു.''

കെ.പി. എ.സി ലളിത പരിചയക്കാരിയായ ഒരു കാൻസർരോഗിക്ക് വേണ്ടി മുകേഷിന്റെയടുത്തെത്തി:

''എനിക്കും ഡീൽ ഓർ നോ ഡീലിൽ പങ്കെടുക്കണം അവർക്ക്വേണ്ടി. എന്ത് കിട്ടിയാലും എനിക്കൊന്നും വേണ്ട അവർക്ക് കൊടുത്തേക്ക്....''

ഡീൽ ഓർ നോ ഡീലിൽ പങ്കെടുക്കാനുള്ള ആഗ്രഹം കേന്ദ്രമന്ത്രി കെ.വി. തോമസും ഒരിക്കൽ പറഞ്ഞു.

മന്ത്രിമാർ, സിനിമാതാരങ്ങൾ മത്സ്യത്തൊഴിലാളികൾ, കൂലിപ്പണിക്കാർ, രോഗികൾ... അങ്ങനെ സമൂഹത്തിന്റെ നാനാതുറയിലുമുള്ള ആൾക്കാർ നെഞ്ചേറ്റിയ ഈ പ്രോഗ്രാമിന് പക്ഷേ കർട്ടൻ വീഴുകയാണ്.

നൂറ്റി എഴുപത്തിരണ്ട് എപ്പിസോഡ് പിന്നിട്ട ഡീൽ ഓർ നോ ഡീൽ എന്ന ഗെയിം ഷോ താത്കാലികമായി അവസാനിപ്പിക്കാനുള്ള തീരുമാനമാണ് മലയാളത്തിനു പുറമെ ഡീൽ ഓർ നോ ഡീൽ ഉണ്ടായിരുന്നത്.

ഡീൽ ഓർ നോ ഡീലിന് താത്ക്കാലിക വിരാമമിടാൻ കാരണമെന്താണ്?

അമ്പത് എപ്പിസോഡ് അവതരിപ്പിക്കാനായിരുന്നു ഞാനാദ്യം കോൺട്രാക്ട് ഒപ്പിട്ടത്.

എഴുപത്തിമൂന്ന് രാജ്യങ്ങളിൽ നിലവിലുള്ള ഒരു ഗെയിം ഷോ ആണിത്.

ഇന്ത്യയിൽ ഹിന്ദിയിലും തമിഴിലും തെലുങ്കിലുമാണ് മലയാളത്തിനു പുറമെ ഡീൽ ഓർ നോ ഡീൽ ഉണ്ടായിരുന്നത്.

മറ്റെല്ലാ ഭാഷകളിലും ഷോ ഫ്ളോപ്പായി. നമ്മുടെ കൊച്ചു കേരളത്തിൽ മാത്രമേ ഈ ഷോയെ ഇത്രയും വികാരവായ്പ്പോടെ പ്രേക്ഷകർ ഏറ്റെടുത്തിട്ടുള്ളൂ.

സൺ നെറ്റ്വർക്കിന്റെ ആഭ്യന്തരകാര്യങ്ങളാണ് ഷോയ്ക്ക് താത്ക്കാലിക വിരാമമിടാനുള്ള കാരണം.

പല പ്രതിസന്ധികളുണ്ട്. ഒരു ചെറിയ ഇടവേള അത്രയേയുള്ളൂ.

ഒരു ടിവി പ്രോഗ്രാം അവസാനിപ്പിക്കുന്നുവെന്ന് കേട്ടപ്പോൾ മുതൽ ആളുകൾ ഇത്രയ്ക്ക് രോഷാകുലരാകുന്നത് ഇതാദ്യമാണെന്ന് തോന്നുന്നു.

പതറിപ്പോകുന്ന ജീവിതാവസ്ഥകളിൽ നില്ക്കുന്ന പലരുടെയും പ്രതീക്ഷ ഡീൽ ഓർ നോ ഡീലിൽ എന്നെങ്കിലും പങ്കെടുത്ത് അതുവഴി പല പ്രശ്നങ്ങൾക്കും പരിഹാരം കാണണമെന്നുയെന്നാണ് എനിക്ക് തോന്നുന്നത്.

അത്ര നന്മ ഈ പ്രോഗ്രാമിനുണ്ട്. എന്തൊക്കെ പ്രശ്നങ്ങളുണ്ടെങ്കിലും അതൊക്കെ പരിഹരിച്ച് ഈ പരിപാടി പുനരാരംഭിക്കണം.

അമ്പത് എപ്പിസോഡ് അവതരിപ്പിക്കാനുള്ള കോൺട്രാക്ട് ഒപ്പിടുമ്പോൾ ഇത് ഇത്രയും വലിയ സെൻസേഷനാകുന്ന പ്രോഗ്രാമായിരിക്കുമെന്നൊന്നും തോന്നിയില്ല.

ഒരു പുണ്യ കർമ്മമാണിതെന്ന് എനിക്കുറപ്പുണ്ട്. എന്ത് ത്യാഗം സഹിച്ചും മുന്നോട്ട് കൊണ്ടുപോണം.

—എസ്. അനിൽകുമാർ
anilvelli@gmail.com

www.Mallutribes.com

www.Malayalamtribes.com

ഇത്രയധികം
ആരോപണങ്ങൾക്ക്
വിധേയനായ മറ്റൊരു നടൻ
മലയാളത്തിലുണ്ടാകില്ല...
എല്ലാ
ആരോപണങ്ങൾക്കും
സായികുമാർ
മറുപടി പറയുന്നു

സായികുമാർ കുഴപ്പക്കാരനാണോ?

സായികുമാർ

കുന്നത്ത് വീടിന്റെ രണ്ടാംനിലയിലിരുന്നാൽ എലത്തൂർ റെയിവേസ്റ്റേഷൻ കാണാം....

സെൽഫോൺ ശബ്ദിച്ചു.

"മോളാ..." സായികുമാർ ഫോണെടുത്തു.

മകളോട് അല്പനേരം സംസാരിച്ചശേഷം സായികുമാർ ഒരു സിഗരറ്റിന് തീ കൊളുത്തി.

"മോള് വിളിക്കാറുണ്ടോ?" സായികുമാറിനോട് ചോദിച്ചു.

"എന്റെ മോള് എന്നെ വിളിക്കാതെ? ചോദ്യത്തിലെ ധ്വനി മനസ്സിലായി... പക്ഷേ ഇപ്പോൾ അതെക്കുറിച്ചൊന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല." സായികുമാർ പറഞ്ഞു.

വർഷങ്ങൾക്ക് മുമ്പേ കേട്ടു പഴകിയ കഥകളിലെ 'മഹാകുഴപ്പക്കാരനാ'ണ് മുന്നിലിരിക്കുന്നത്.

രാജസേനന്റെ ഇന്നാണ് ആ കല്യാണത്തിന്റെ ലൊക്കേഷനിൽ സായികുമാർ ഹാപ്പിയാണ്.

"ഫുൾലെങ്ത് കോമഡി ക്യാരക്ടറാണ്. പൊങ്ങച്ചക്കാരനായ ഒരു കോടീശ്വരൻ." സായികുമാർ ഇന്നാണ് ആ കല്യാണത്തിലെ കഥാപാത്രത്തെക്കുറിച്ച് പറഞ്ഞു.

സായിയേട്ടന്റെ അഭിനയജീവിതത്തിന് നാല് സ്റ്റേജുകളുണ്ടെന്ന് തോന്നിയിട്ടുണ്ട്?

ശരിയാ... ഹ്യൂമർ, ആക്ഷൻ, വില്ലൻ, ഇപ്പോ ക്യാരക്ടർ റോളുകൾ.... പക്ഷേ എന്റെ ആദ്യ സിനിമയായ റാംജിറാവ് സ്പീക്കിംഗിൽ ഈ നാലും ഞാൻ ചെയ്തിട്ടുണ്ട്.

എല്ലാത്തരം വേഷങ്ങളും എനിക്ക് തരാൻ എല്ലാവർക്കും ധൈര്യം കൊടുത്തത് റാംജിറാവ് തന്നെയായിരിക്കും.

ഒരാർട്ടിസ്റ്റിന് എല്ലാത്തരം വേഷങ്ങളും ചെയ്യാൻ കഴിയണം.

അങ്ങനെ കഴിയുന്നത് സ്റ്റേജിന്റെ പിൻബലമുള്ളതുകൊണ്ടല്ലേ?

അതെ. തോപ്പിൽ ഭാസി എന്ന വലിയ മനുഷ്യന്റെ ശിക്ഷണം. അതിഭാവുകത്വം നിറഞ്ഞ നാടകങ്ങളുടെ പതിവ് ശൈലികൾ മാറ്റി മറിച്ചത് ഭാസി സാറാണ്.

അഭിനയത്തിൽ അച്ഛന്റെ ഉപദേശം തേടാറുണ്ടായിരുന്നോ?

സംശയം തോന്നുമ്പോ അച്ഛന്റെ ഉപദേശം തേടുമായിരുന്നു.

പിറ്റേന്ന് സ്റ്റേജിൽ എന്റെ പ്രകടനം കാണുമ്പോൾ ഭാസിസാർ ചോദിക്കുമായിരുന്നു "നീ ശ്രീധരൻ നായരോട് ചോദിച്ചല്ലേ"യെന്ന്!

അച്ഛൻ പറഞ്ഞിട്ടുണ്ട് ഒരിക്കലും ചാൻസ് ചോദിക്കരുതെന്ന്. സിനിമ പറ്റുന്ന മേഖലയാണെങ്കിലേ അതിലേക്ക് തിരിയാ

www.Malluvibes.com





കൊടുമണ്ണ ശ്രീധരൻ നായർ

ഷൊർണൂർ കാർത്തികേയൻ

വുവെന്ന്.

അച്ഛന്റെ വാക്കുകൾ പാലിക്കാൻ കഴിഞ്ഞുവെന്ന സംതൃപ്തിയുണ്ട്. ഇതുവരെ ചാൻസ് തേടി ഞാൻ പോയിട്ടില്ല.

സിനിമ തേടിവരികയായിരുന്നില്ലേ?

അതെ. ചവറ കോളേജിൽ സംഘചേതനയുടെ സ്വാതിതിരുനാൾ നാടകം നടക്കുന്ന ദിവസം രണ്ടു പേർ കാണാൻ വന്നു. നാടകം കാണാനുള്ള പാസിന് വേണ്ടിയായിരിക്കുമെന്നാണ് ഞാനാദ്യം വിചാരിച്ചത്.

അതിലൊരാളെ സ്റ്റേജിൽ കണ്ട പരിചയമുണ്ട്. ഫൈൻ ആർട്സ് കോളേജിൽ സ്വാതിതിരുനാൾ നാടകം നടന്ന ദിവസം കലാഭവന്റെ മിമിക്രി അവതരിപ്പിച്ച ആന്റണി, ചായ ആന്റിന്നായിരുന്നു പിന്നീട് ആന്റണിയെ ഞങ്ങൾ വിളിച്ചിരുന്നത്.

ഫാസിൽ സാറിന്റെ പുതിയ സിനിമയ്ക്ക് വേണ്ടി പുതുമുഖ നായകനെ തേടി വന്നതാണ് ഇരുവരും. ചായ ആന്റിയും, സാക്ഷാൽ ലാലും, പി. എ. ലത്തീഫിക്ക പറഞ്ഞുവിട്ടതാണ്.

ഫാസിൽ സാർ എന്നെ നായകനാക്കുമോ എന്നതായിരുന്നു സ്വാഭാവികമായും എന്റെ സംശയം.

ഫാസിൽ നിർമ്മിക്കുന്ന സിനിമയാണ്. സിദ്ദിഖും ലാലുമാണ് സംവിധായകർ. എന്നെ കാണാൻ വന്ന രണ്ടാളും പിന്നീട് വിളിക്കാമെന്ന് പറഞ്ഞ് പോയി.

അന്നെന്റെ വീട്ടിൽ ഫോണില്ല. പി.പി. നമ്പരാണ്. കാലിന് വേദന വന്ന് ഞാൻ വിശ്രമിക്കുന്ന സമയം. എനിക്ക് പകരം സ്വാതിതിരുനാളായി റിസബാവ അഭിനയിക്കുന്നു.

ഫോൺ വന്നു; മദ്രാസിൽ ചെന്ന് ഫാസിൽ സാറിനെ കാണണം.

ഞാൻ മദ്രാസിൽ ചെന്നു. പാച്ചിക്ക ബിസ്സിയായിരുന്നു. വർഷം 16 ന്റെ പ്രിവ്യൂ നടന്ന ദിവസം.

പാച്ചിക്കയെ കണ്ടു, ആലപ്പുഴ ബ്രദേഴ്സിൽ വച്ച് വീണ്ടും കണ്ടു. ഒരു ടോക്കൺ അഡ്വാൻസും തന്നു. 1989-ൽ ആയിരുന്നു റാംജിറാവ് സ്പീക്കിംഗ്.

തുടക്കകാലത്ത് സായികുമാർ വലിയ പ്രശ്നക്കാരനായിരുന്നുവെന്ന് കേട്ടിട്ടുണ്ട്?

മനസ്സറിഞ്ഞ് ഞാനൊരു പ്രശ്നവുമുണ്ടാക്കിയിട്ടില്ല.

ആറ് മണിക്ക് റെഡിയായി ലൊക്കേഷനിലെത്താൻ പറഞ്ഞാൽ മൂന്ന് മണിക്കേ എത്തുന്നയാളാണ് ഞാൻ. അച്ഛൻ മദ്യപിക്കുമായിരുന്നു. അച്ഛനെക്കാൾ വലിയ മദ്യപാനിയാണ് ഞാനെന്നതായിരുന്നു ഒരു ആരോപണം. തെറ്റുകൾ ചെയ്തിട്ടുണ്ട്. തെറ്റെന്ന് ബോധ്യപ്പെട്ടപ്പോൾ തിരുത്തിയിട്ടുണ്ട്.

ഫോണിൽ കിട്ടില്ല, കൃത്യനിഷ്ഠയില്ല... വേറെയും ആരോപണങ്ങൾ ഉണ്ടായിരുന്നില്ലേ?

അന്ന് മൊബൈൽ ഫോണൊന്നുമില്ലാത്ത കാലമല്ലേ? ഡയറക്ടർ എന്നെ വിളിക്കാൻ പറഞ്ഞാൽ ചിലപ്പോ എന്നോട് ഇഷ്ടക്കേടുള്ള ഏതെങ്കിലും പ്രൊഡക്ഷൻ കൺട്രോളറോ, എക്സിക്യൂട്ടീവോ ആകും വിളിക്കുക. 'പെട്ടെന്ന് വിളിക്കുമ്പോ "ഇവിടെ രണ്ട് ദിവസം കൂടിക്കഴിഞ്ഞാൽ ഷൂട്ടിംഗ് തീരും. രണ്ട് ദിവസം അഡ്ജസ്റ്റ് ചെയ്യാൻ പറ്റുമോ"യെന്ന് ചോദിക്കും.

സായിയെ വിളിച്ചു, വരാൻ പറ്റില്ലെന്നാകും വിളിച്ചയാൾ ഡയറക്ടറോട് പറയുന്നത്.

ഒന്നര വർഷത്തോളം ഒരു സിനിമയുമില്ലാതെ ഞാൻ വീ

തെറ്റുകൾ ചെയ്തിട്ടുണ്ട്. തെറ്റെന്ന് ബോധ്യപ്പെട്ടപ്പോൾ തിരുത്തിയിട്ടുണ്ട്

www.Malluvibes.com

www.Malayalibhoomi.com

ടിൽ കുത്തിയിരുന്നു.

മുലധനത്തിൽ നിന്നൊടുത്ത് ജീവിച്ചു. പല ബിസിനസ്സ് ചെയ്താലോയെന്നാലോചിച്ചു. ചിക്കൻ ഫ്രൈയും സ്റ്റഡിൽസുമൊന്നുമില്ലായിരുന്നെങ്കിലും കഞ്ഞികുടിച്ചു ജീവിച്ചു.

ഏറ്റവും വലിയ വേദന?

അച്ഛന്റെ മരണം.

അവസാന കാലത്ത് കുറച്ചേറെ മദ്യപിച്ചിരുന്നു അച്ഛൻ. സിനിമയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിന്റെ നിരാശ... ഫ്രസ്ട്രേഷൻ....

ചങ്കൂറ്റത്തോടെ നേരിടണമെന്നൊക്കെ ഞാൻ പറയുമ്പോ ഒന്നും മിണ്ടാതെ കേട്ടിരിക്കുമായിരുന്നു അച്ഛൻ.

അഭിനയമായിരുന്നോ അതോ യാഥാർത്ഥ്യമായിരുന്നോയെന്ന് അറിയില്ല... കെട്ടുകേൾവിയാണ്.. അച്ഛൻ കൊട്ടാരക്കര ബസ്സ്റ്റാന്റിൽ ഭിക്ഷ യാചിച്ചിട്ടുണ്ടെന്ന്..?

കൊട്ടാരക്കര ശ്രീധരൻനായർക്ക് ഞാനുൾപ്പെടെ എട്ട് മക്കളാണ്. ഏഴ് പെണ്ണും ഞാനൊരാണും. ഞങ്ങളൊക്കെ ജീവിച്ചിരിക്കുമ്പോ അച്ഛന് അങ്ങനെയൊരവസ്ഥ ഉണ്ടായിട്ടില്ല.

കപടതയില്ലാത്ത മനുഷ്യനായിരുന്നു അച്ഛൻ. ഉള്ളത് ഉള്ളതുപോലെ പറയും.

സായികുമാർ മദ്യപാനശീലം ഉപേക്ഷിച്ചതെന്താണ്?

പതിമൂന്ന് വർഷം മുമ്പ്... എന്റെ മോളുടെ ഏഴാമത്തെ ബർത്ത്ഡേയ്ക്ക്. മോൾക്കിപ്പോൾ ഇരുപത് വയസ്സായി.

പതിമൂന്ന് വർഷത്തിനിടെ മദ്യം കൈകൊണ്ടു തൊട്ടിട്ടില്ല.

ഏതെങ്കിലും ഫങ്ഷനൊക്കെ വരുമ്പോൾ വല്ലപ്പോഴും ഒരുഗ്ലാസ് ബിയർ കഴിക്കാറുണ്ട്.

രഹസ്യമായി മദ്യപിക്കുന്ന ആളല്ല ഞാൻ. മുറിയിൽ കയറി കതകടച്ചിരിക്കില്ല. ആരെങ്കിലും കൂട്ടുവേണം. ആര് വന്നാലും കഴിക്കുന്നോ എന്നൊക്കെ ചോദിക്കുമായിരുന്നു. അതുകൊണ്ടൊക്കെയായിരിക്കും ഒരു ഭീകരമദ്യപാനിയുടെ ഇമേജ് എന്റെ മേൽ പതിഞ്ഞത്.

സൂപ്പർ നായകന്മാരായ മമ്മൂട്ടിയെയും മോഹൻലാലിനെയും പോലെ സൂപ്പർ വില്ലന്മാരായ സിദ്ദിഖും സായികുമാറും ഒരാൾ മമ്മൂട്ടിയെയും മറ്റൊരാൾ മോഹൻലാലിനെയും അനുകരിക്കുന്നുവെന്നൊരു ആരോപണമുണ്ട്?

മമ്മൂട്ടിയെയും മോഹൻലാലും ചെയ്യാത്ത വേഷങ്ങളെന്തെങ്കിലുമുണ്ടോ?

ദാസേട്ടന്റെ പാട്ടുകൾ മാർക്കോസ് പാടാറുണ്ട്. പക്ഷേ മാർക്കോസ് മാർക്കോസിന്റെ പാട്ടുകൾ പാടുമ്പോൾ അതിൽ അനുകരണമുണ്ടെന്ന് ആരും പറയാറില്ല.

ചില രസങ്ങൾ വികാരങ്ങൾ ആരവതരിപ്പിച്ചാലും സാമ്യം തോന്നും. ദി കിംഗ് ആന്റ് ദി കമ്മീഷണറിൽ ഞാനൊരു സ്വാമിയെയാണ് അവതരിപ്പിക്കുന്നത്.

ഏകലവ്യനിലെ അമൂർത്താനന്ദസ്വാമിയോട് ഒരു സാമ്യവും തോന്നാതിരിക്കാൻ ഞാൻ തീവ്രമായി യത്നിക്കുന്നുണ്ട്. ഒരു നിമിഷം കൈവിട്ടുപോയാൽത്തന്നെ പ്രേക്ഷകർ അനുകരണം ആരോപിക്കും.

പഴയൊരു സംഭവം ഓർമ്മ വരുന്നു... മഞ്ഞിലാസിന്റെ എം. ഒ. ജോസഫും അച്ഛനുമായി അല്പം നീരസത്തിൽ കഴിയുന്ന സമയം. ഒരിക്കൽ എം. ഒ ജോസഫ് അച്ഛനെ അന്വേഷിച്ചുവന്നു. വീടിന്റെ പുമുഖത്ത്

അച്ഛന്റെ മടിയിലിരിക്കുകയായിരുന്നു ഞാൻ.

"വീട് തേടി വരുന്നവരോട് മര്യാദയ്ക്ക് പെരുമാറണമല്ലോ"യെന്ന മുഖവുരയോടെ അച്ഛൻ എം. ഒ. ജോസഫിനെ സ്വീകരിച്ചിരുത്തി.

അരനാഴിക നേരത്തിലെ കുഞ്ഞോനച്ചനായി അച്ഛൻ അഭിനയിക്കണമെന്നാണ് എ. ഒ. ജോസഫിന്റെ ആവശ്യം. അച്ഛൻ പറ്റില്ലെന്ന് പറഞ്ഞു. രാത്രി സത്യൻ മാഷ് വീട്ടിലെത്തി.

"എങ്കിൽ തനിക്ക് ചെയ്തൂടേ?" സത്യൻമാഷ് നിർബന്ധിച്ചപ്പോൾ അച്ഛൻ ചോദിച്ചു.

"എനിക്ക് ചെയ്യാൻ പറ്റില്ല. ആ വേഷമവതരിപ്പിക്കാൻ തനിക്ക് മാത്രമേ കഴിയൂ..." സത്യന്റെ മറുപടി അതായിരുന്നു. സത്യൻമാഷിനെപ്പോലൊരു മഹാനടൻ അങ്ങനെ പറഞ്ഞപ്പോൾ അച്ഛൻ മറുത്തൊന്നും പറഞ്ഞില്ല.

അച്ഛന്റെ ഓർമ്മയ്ക്കായി ഒരു ഫൗണ്ടേഷൻ സ്ഥാപിച്ചുകൂടേ?

കൊട്ടാരക്കര ശ്രീധരൻ നായർ മെമ്മോറിയൽ ലൈബ്രറിയുണ്ട്. പല അഭിനേതാക്കളുടെയും ചരമവാർഷികത്തിന് പത്രമാധ്യമങ്ങളിൽ ലേഖനങ്ങളൊക്കെ വരും. കൊട്ടാരക്കര ശ്രീധരൻ നായരുടെ ചരമദിനം പോലും പലർക്കുമറിയില്ല. (ക്ടോബർ പത്തൊൻപതിനാണ് കൊട്ടാരക്കര ശ്രീധരൻനായർ അന്തരിച്ചത്)

സ്വന്തം ട്രൂപ്പ്?

കൊട്ടാരക്കര ജയശ്രീ എന്ന നാടക ട്രൂപ്പുണ്ടായിരുന്നു. തിരക്കിനിടയിൽ അത് നോക്കിനടത്താൻ കഴിയുന്നില്ല.

- എസ്. അനിൽകുമാർ
anilvelli@gmail.com

www.Malayalibhoomi.com

www.Mallutribes.com

ഓണാഘോഷം കെങ്കേമം

25 ലക്ഷം ബഹുകേമം

ഇത്തവണ ഓണം ആഘോഷിക്കുന്നതിനോടൊപ്പം പൂരം കുറീസിലൂടെ 25 ലക്ഷത്തിന്റെ ഉടമയാവാനുള്ള അവസരമുണ്ട് എന്നത് മറക്കേണ്ട. വെറും 7500 രൂപ മാസതവണയിൽ തുടങ്ങുന്ന 25 ലക്ഷം രൂപ പ്രൈസ് മണിയായി ലഭിക്കുന്ന പൂരം കുറീസിന്റെ സുരക്ഷാ ഗോൾഡ് പ്ലസ്സിൽ അംഗമാകൂ. തിരുവോണത്തിന് മുമ്പ് ചേരുന്നവർക്ക് വിലപിടിപ്പുള്ള ഓണസമ്മാനവും ലഭിക്കുന്നതാണ്.

പ്രവീൺ, ഡബ്ബിംഗ് ആർട്ടിസ്റ്റ്

25 ലക്ഷത്തിന്റെ ഉടമ

പൂരം കുറീസിന് നന്ദി

വെറും 7500/-

രൂപയിൽ തുടങ്ങുന്ന

25 ലക്ഷത്തിന്റെ

"സുരക്ഷാ ഗോൾഡ് പ്ലസ്സ്"

ആരംഭം

ഒക്ടോബർ 10 - 2011

ചെറിയ നീക്കിയിരിപ്പിലൂടെ വലിയ കാര്യങ്ങൾ

ഒരു നറുക്കെടുപ്പും ബാക്കി ലേലവും

ആകെ തവണ	-	187
തവണസംഖ്യ	-	15,000 രൂ.
ആദ്യ തവണ	-	7,500 രൂ.
പ്രൈസ് സംഖ്യ	-	25 ലക്ഷം രൂ.

*Conditions apply

നിങ്ങളുടെ ഭാഗ്യ നമ്പറുകൾ മുൻകൂട്ടി ബുക്ക് ചെയ്യൂ...

10 Kg സ്വർണ്ണം* ബോണസ് പ്രൈസ്

* ബോണസ് സമ്മാനങ്ങൾക്കുള്ള കേന്ദ്ര സംസ്ഥാന നികുതികൾ വരിക്കാരൻ വഹിക്കേണ്ടതാണ്.

Since 1995

POORAM KURIES

കുറി വിളിച്ചാലും ലാഭം വിളിച്ചില്ലെങ്കിലും ലാഭം

Incorporated under Indian Companies Act 1956, Reg: No. 09/08666/95

Corporate Office: Pathayappura (Near Ragam Theatre), Round South, Thrissur - 1, Ph. 0487 - 2441752, 2444849.,
സംശയങ്ങൾക്ക് നേരിട്ട് വിളിക്കുക : +91 93879 24441, +91 94470 42772, +91 94470 53199, +91 93871 12227, +91 93498 24441, +91 94470 85116, +91 98467 95151., S.B.T. East Fort Branch, Thrissur: - 67049819426., S.B.T. Round South Branch, Thrissur: - 57002860348., Dhanlaxmi, Round South. Thrissur : 0015053000004347., Federal Bank East Fort, Thrissur : 12720200004736., South Indian Bank,East Fort Thrissur : 0368073000000481. എന്നീ ബാങ്കുകളുടെ ഇന്ത്യയിലെ എല്ലാ ബ്രാഞ്ചുകളിലും പണമടക്കാം.

www.Mallutribes.com

www.Mallutribes.com

റീമാസെൻ വെല്ലുവിളിയോടെ സ്വീകരിച്ച ഒര

ഉറക്കമില്ലാത്ത രാവുകളുടെ

റീമാസെൻ

ഇളവരശി

ഇളവരശി ബംഗാളിലെ ഒരുൾനാടൻ ഗ്രാമത്തിലെ സുന്ദരിയാണവൾ.

ജീവിതംമുന്നോട്ടു കൊണ്ടുപോകാൻ നന്നെ കഷ്ടപ്പെടുന്ന അവൾക്ക് ഒരുപാട് സ്വപ്നങ്ങളുണ്ട്. സൗഭാഗ്യം നിറഞ്ഞ ഒരു ജീവിതം തന്നെയാണ് അവളുടെ ഏറ്റവും വലിയ അഭിലാഷം

ഒരിക്കൽ ഗ്രാമത്തിലെ ജമീന്ദാർ അവളെ കണ്ടു. അയാളുടെ കണ്ണിൽ പെടുന്ന ഒരു പെണ്ണും പിന്നെ രക്ഷപ്പെട്ടിട്ടില്ല. അവളെ രക്ഷപ്പെടുത്താൻ സ്വന്തം മാതാപിതാക്കൾക്കു പോലും കഴിയുകയുമില്ല.

ജമീന്ദാർ അവളെ തന്റെ ഔട്ടുഹൗസിലേക്ക് കൊണ്ടുപോയി. വലിയൊരു തുക നൽകിയാണ് ജമീന്ദാർ അവളെ കൊണ്ടുപോകുന്നത്.

വിലയ്ക്കു വാങ്ങിയാൽ പിന്നെ അവൾ അയാളുടെ ദാസിയാണ്. അയാൾക്ക് വഴങ്ങുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

സ്വന്തം ആവശ്യം കഴിഞ്ഞാൽ ജമീന്ദാർ അവളെ വൻതുകയ്ക്ക് മറ്റുള്ളവർക്ക് വില്ക്കുകയാണ് പതിവ്.

അങ്ങനെ സമൂഹത്തിലെ ഉന്നതർക്കും, പ്രമാണിമാർക്കും മുൻപിൽ അവൾക്കും വസ്ത്രമുരിയേണ്ടിവന്നു. അപ്പോഴും അവളുടെ മനസ്സിൽ

www.Malluvibes.com

...ു ദാസിയുടെ കഥ

ഒരാഗ്രഹമുണ്ടായിരുന്നു. സ്നേഹിക്കുന്ന പുരുഷനുമൊത്ത് ഒരു കുടുംബജീവിതം.

പക്ഷേ, ജമീന്ദാരുടെ കൈയിൽനിന്ന് രക്ഷപ്പെടാതെ അതിന് കഴിയില്ലെന്ന് അവൾക്കറിയാമായിരുന്നു.

റീമാസെൻ നിരാലംബയായ ഈ പെൺകുട്ടിയെ അവതരിപ്പിക്കുന്നു. സോഹ അലിഖാൻ നായകനാകുന്നു.

തരിഗിലെ നമ്പർ വൺ ഗ്ലാമർ നായികയായ റീമാസെന്നിന്റെ ചൂടൻ കിടപ്പറ രംഗങ്ങളും നഗ്നതാ പ്രദർശനവുമാണ് ഇളവരശിയുടെ ഹൈലൈറ്റ്.

ദാസിയുടെ സ്വഭാവത്തെക്കുറിച്ച് തുടക്കം മുതൽക്കേ തീപ്പൊരി മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ചലച്ചിത്രപ്രേമികളെ ത്രസിപ്പിക്കുന്നതാണ്.

ക്യാമറയ്ക്ക് മുന്നിലോ, പുരുഷനു മുൻപിലോ ശരീരസൗന്ദര്യം തുറന്നുകാണിക്കാൻ ലജ്ജയില്ലാത്ത റീമാസെൻ ഇളവരശിയിൽ നഗ്നതയുടെ അതിർവരമ്പുകൾ ലംഘിച്ചാണ് അഭിനയിച്ചിരിക്കുന്നത്.

ബംഗാളിയിൽ സിനിമകൾ സംവിധാനം ചെയ്യുന്ന അർജുൻ ദാസിന് നിരവധി പുരസ്കാരങ്ങളും കിട്ടിയിട്ടുണ്ട്. ദേശീയ ശ്രദ്ധയാകർഷിച്ച ഈ ചിത്രത്തിന് സ്പെഷൽ സൗണ്ട് എഫക്ടിനും, ആർട്ട് ഡയറക്ഷനുമുള്ള നാഷണൽ അവാർഡുകൾ കിട്ടിയിട്ടുണ്ട്.

അന്യ ഭാഷകളിലേക്ക് ഡബ്ബ് ചെയ്യുന്ന അർജുൻ ദാസിന്റെ ആദ്യചിത്രമാണ് ഇളവരശി.

- ദേവസ്സിക്കുട്ടി

WWW.MALLUVIBES.COM

16 സംവിധായകർ ഒരു ചിത്രത്തിൽ

16 സംവിധായകർ അഭിനയിക്കുന്ന ചിത്രമാണ് ഞ്ജാനി. സംവിധായകൻ തരുൺ ഗോപി നായകനും ശ്വേത നായികയുമായ ഈ ചിത്രത്തിൽ എസ്.എസ്. സ്റ്റാൻലി, പ്രഭു സാലമൻ, തമ്പി രാമയ്യ, ശരവണ സുബ്ബയ്യ, ശിങ്കം പുലി, രവിമരിയ, അരവിന്ദ് രാജ്, ചിത്രാലക്ഷ്മണൻ, ശശി മോഹൻ, മനോ ബാല, കെയാർ, ശെൽവമാരൻ, പ്രവീൺ ഗാന്ധി, സഞ്ജയ്, ആർത്തികുമാർ എന്നീ 15 സംവിധായകരാണ് പ്രധാന താരങ്ങൾ. പ്രശാന്ത്, രാഘവേന്ദ്ര, റോബാർട്ട്, ഇബ്രാഹിം, അയ്യർ എന്നീ 5 നവാഗത സംഗീത സംവിധായകരാണ് ഗാനങ്ങൾ ഒരുക്കുന്നത്. സഹോദരനെ കൊന്നവരോട് ജ്യേഷ്ഠൻ പകരം ചോദിക്കുന്ന കഥ പറയുന്ന ഈ ചിത്രത്തിന്റെ രചന സംവിധാനം - ആർത്തികുമാർ, കുമരേ - മതിയഴകൻ.

നയൻതാര

രജനിക്ക് മാനുവിന്റെ സഹായം

സിംഗപ്പൂരിൽ ചികിത്സയ്ക്കെത്തിയ രജനിക്കുവേണ്ട എല്ലാ സഹായവും നല്കിയത് കാതൽ മന്നനിൽ അജിത്തിനൊപ്പം അഭിനയിച്ച നടി മാനുവായിരുന്നു. വിവാഹത്തോടെ അഭിനയം വിട്ട മാനു സിംഗപ്പൂരിൽ സ്ഥിരതാമസമാക്കി. രജനിയുടെ ഫാൻ ആയ തനിക്ക് ലഭിച്ച ഭാഗ്യമാണ് അദ്ദേഹത്തിനുവേണ്ടി ഇത്രയുമെങ്കിലും ചെയ്യാൻ കഴിഞ്ഞതെന്ന് മാനു പറഞ്ഞു.

രജനീകാന്ത്

മനു

നയൻതാര അഭിനയം മതിയാക്കി

പ്രഭുദേവയുമായുള്ള വിവാഹശേഷം അഭിനയം മതിയാക്കാൻ നയൻതാര തീരുമാനിച്ചു. പ്രഭുദേവയുടെ നിർദ്ദേശപ്രകാരമാണ് നയൻ രംഗം വിടുന്നത്. കണ്ണീരോടെയാണ് സഹപ്രവർത്തകരോട് നയൻസ് വിട പറഞ്ഞതെങ്കിലും പ്രഭുദേവയെ ജീവിത പങ്കാളിയായി കിട്ടിയതിൽ നയൻതാര സന്തോഷവതിയാണ്.

www.Mallutribes.com

www.Mallutribes.com

ഡ്യൂയറ്റ് മടുത്തു: അനുഷ്ക

Hit Chart

ആട്ടവും പാട്ടും മടുത്തു. ഇനി നല്ല വേഷങ്ങളിലേ അഭിനയിക്കുന്നുള്ളൂ. ദൈവതിരുമകളിൽ നല്ലവേഷം ലഭിച്ചു. പ്രേക്ഷകരിൽ നിന്ന് നല്ല പ്രതികരണവും ലഭിക്കുന്നു. ഇത്തരം ശ്രദ്ധേയ കഥാപാത്രങ്ങൾ സെലക്ട് ചെയ്ത് അഭിനയിക്കും. വെറുതെ വന്നുപോകുന്ന വേഷങ്ങൾ ഇനി സ്വീകരിക്കില്ല. അനുഷ്ക പറഞ്ഞു.

സ്ത്രീകൾക്ക് വിലയില്ല: സിംഹ

"സിനിമയിൽ പെണ്ണുങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല. എന്തിനാണ് ഞങ്ങളെ തഴയുന്നതെന്ന് മനസ്സിലാകുന്നില്ല." ഈശൽ ഫെയിം സിംഹ പറയുന്നു.

സേലം സ്വദേശിയാണ് സിംഹ. കൃഷ്ണപ്രിയ എന്നാണ് യഥാർത്ഥ പേര്.

പ്ലസ്ടു പഠിത്തം പകുതിക്ക് ഉപേക്ഷിച്ചിട്ടാണ് സിംഹ അഭിനയിക്കാനെത്തിയത്.

സിംഹ

അനുഷ്ക

ഇഷ്ടം മോഡേൺ വേഷം: ഭാവന

"വിപണിയിൽ എത്തുന്ന ഏത് പുതിയ മോഡേൺ വേഷവും സ്വന്തമാക്കണമെന്നത് എന്റെ ആഗ്രഹമാണ്. വാങ്ങിക്കൂട്ടിയ ജീൻസിനും ടോപ്പിനും കണക്കില്ല."

ഭാവന പറയുന്നു. "അലമാര നിറയെ കോസ്റ്റ്യൂംസാണ്. കണ്ണടകളുടെയും വലിയ കളക്ഷനുണ്ട്. വസ്ത്രത്തിനനുസരിച്ചുള്ള കണ്ണടകളാണ് ഉപയോഗിക്കുന്നത്. എന്റെ സെലക്ഷനിൽ ഇഷ്ടമുള്ള വസ്ത്രം ധരിച്ച് ഒരു സിനിമയിലെങ്കിലും അഭിനയിക്കണമെന്നതാണ് മോഹം". ഭാവന വ്യക്തമാക്കി.

ഭാവന

വടിവേലുവിന് അവസരം കുറയുന്നു

ഒന്നാം സ്ഥാനത്ത് തിളങ്ങി നിന്ന ഹാസ്യതാരം വടിവേലുവിന് അവസരം കുറയുന്നു. രാഷ്ട്രീയത്തിന്റെ ബാലപാഠം അറിയാതെ രാഷ്ട്രീയത്തിലിറങ്ങിയതാണ് വടിവേലുവിന് വിനയായത്. ഈ ഊരാക്കുടുക്കിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന ചിന്തയിലാണ് വടിവേലു.

ദൈവത്തിരുമകൾ

25 ദിവസം പിന്നിടുമ്പോഴും ദൈവത്തിരുമകൾ മുന്നിലാണ്. പിതാമകന് ശേഷം വിക്രമിനു ലഭിച്ച നല്ല കഥാപാത്രമാണ് ഈ ചിത്രത്തിലേതെന്ന് മാധ്യമങ്ങൾ വിലയിരുത്തുന്നു. ഈ ചിത്രം വിക്രമിന് ദേശീയ അവാർഡ് നേടിക്കൊടുക്കുമെന്നാണ് സംസാരം. ഹൈക്ലാസ് പ്രേക്ഷകർക്കും സ്ത്രീകൾക്കും ചിത്രം ഇഷ്ടമാകുന്നു.

വേങ്ക

ധനുഷിന്റെ തീപ്പൊരി പ്രകടനം. പ്രണയം ആക്ഷൻ രംഗങ്ങളിൽ ധനുഷ് ഗംഭീരമായി അഭിനയിച്ചു. സംവിധായകൻ ഹരിയുടെ ഒരു സൂപ്പർ ഹിറ്റ് ചിത്രമാണിത്.

അവൻ ഇവൻ

സഹോദരന്മാരുടെ വേഷങ്ങളിൽ വ്യത്യസ്തത പുലർത്തികൊണ്ട് ആര്യയും വിഷാലും മത്സരിച്ചഭിനയിച്ചിരിക്കുന്നു. ജൂനിയറായി എത്തുന്ന രാജ് കിരൺ അസ്സലായി.

കാഞ്ചന

മുനി പാർട്ട് 2. ശത്രുക്കളുടെ മുന്നിൽ പുലിയായി മാറുന്ന നായകനെ രാഘവലോറൻസ് ഗംഭീരമാക്കി. ഹൊറർ രംഗങ്ങൾ ഭയപ്പെടുത്തുന്നു.

കരിങ്കാലി

ഭാര്യാ ഭർത്തൃബന്ധം ശിഥിലമാകുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുകയാണ് ഈ ചിത്രം. നായകനാകുന്ന സംവിധായകൻ മുകളഞ്ചിയം മികച്ച പ്രകടനം കാഴ്ചവച്ചു.

– വലിയശാല. എസ്. ഗുണശേഖർ

www.Mallutribes.com

www.Mallutribes.com

തെലുങ്കിൽ
സൂപ്പർഹിറ്റായ
വീര
മലയാളത്തിൽ
മൊടിമാറ്റി
പ്രദർശനത്തി
നെത്തുന്നു.

വീര

www.Mallutribes.com

സത്യസന്ധനാണ് അസിസ്റ്റന്റ് പൊലീസ് കമ്മിഷണർ പ്രസാദ്. മുഖം നോക്കാതെ നിയമം നടപ്പിലാക്കുന്ന പ്രസാദിന് തെക്കൻ നഗരത്തിലെ പ്രശസ്ത കോളേജിൽനിന്നും തെറ്റിദ്ധരിപ്പിച്ചു വിദ്യാർത്ഥിനിയെ അറസ്റ്റുചെയ്യാനുള്ള ഉത്തരവ് ലഭിച്ചു. കോളേജ് അധികൃതരാണ് പരാതി നൽകിയത്. മഹാ ക്രിമിനലായ ധനരാജിന്റെ മകനാണവൻ. കിഴക്കോട്ടുള്ള ശ്രമത്തിൽ വിദ്യാർത്ഥി കൊല്ലപ്പെട്ടു.

ക്രൂരനും എന്തും ചെയ്യാൻ മടിയില്ലാത്തവനുമായ ധനരാജ്, പ്രസാദിന്റെ മകനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി പകരം വീട്ടി. പ്രസാദിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്യാനായിരുന്നു തുടർന്ന് ധനരാജിന്റെ തീരുമാനം. പ്രസാദിന്റെ ജീവന് ഭീഷണിയായതോടെ അദ്ദേഹത്തിനും കുടുംബത്തിനും പൊലീസ് സംരക്ഷണം നല്കി.

പ്രസാദിന്റെയും കുടുംബത്തിന്റെയും സംരക്ഷണം ഏറ്റെടുക്കാൻ ദേവ എന്ന പൊലീസ് ഓഫീസറെ നിയോഗിച്ചു. ധനരാജിന്റെ ഗുണ്ടകളിൽ നിന്നും പ്രസാദിന്റെയും മകളുടെയും ഭാര്യയുടെയും ജീവൻ രക്ഷിക്കാൻ ദേവ നടത്തുന്ന സാഹസികമായ മുന്നേറ്റത്തിന്റെ കഥയാണ് വീര എന്ന ചിത്രത്തിൽ പറയുന്നത്.

തെലുങ്കിൽ സൂപ്പർഹിറ്റായ വീര എന്ന ചിത്രം മലയാളത്തിൽ മൊഴിമാറ്റി പ്രദർശിപ്പിക്കുന്നു. ദേവയായി രവി തേജ അഭിനയിക്കുന്ന ചിത്രത്തിൽ കാജൽ അഗർവാൾ, തപ്സി എന്നിവരാണ് നായികമാരാകുന്നത്. ശ്യാം, നാസ്സർ എന്നിവരാണ് മറ്റു പ്രധാന കഥാപാത്രങ്ങൾ. കോടിക്കണക്കിന് രൂപ ചെലവഴിച്ച് രമേഷ്വർമ്മ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ മലയാളസംഭാഷണവും ഗാനങ്ങളും മനോമ്പ് ഗോപാലകൃഷ്ണൻ എഴുതുന്നു. തമനാണ് സംഗീതസംവിധായകൻ. ജാസി ഗിഫ്റ്റ്, മധു ബാലകൃഷ്ണൻ, ജ്യോത്സ്ന, പ്രദീപ് പള്ളുരുത്തി, പ്രീത എന്നിവരാണ് ഗായകർ.

സൂര്യ ഫിലിംസിന്റെ ബാനറിൽ സുനിൽ അവതരിപ്പിക്കുന്ന വീരയിൽ ആറു ഗാനങ്ങളുണ്ട്. വിദേശത്താണ് ഇവ ചിത്രീകരിച്ചത്. ഛായാഗ്രഹണം ചോട്ട.കെ. നായിഡു. സൂര്യ ഫിലിംസ് ഈ മാസം ചിത്രം പ്രദർശനത്തിനെത്തിക്കുന്നു.

www.Mallutribes.com

www.Mallutribes.com

ഡോക്ടറുടെ അരികിൽ ചികിത്സ തേടിയെത്തിയതായിരുന്നു അവർ. സുന്ദരിയും അവശയുമായ ഒരു യുവതി. ഒപ്പം ഒരു അഞ്ചുവയസ്സുകാരൻ. ഡോക്ടറുടെ അടുത്തെത്തുമ്പോഴേക്കും അവശയായിക്കഴിഞ്ഞ യുവതി.

അധികം വൈകാതെ മരിച്ചു.

അനാഥയായ അഞ്ചുവയസ്സുകാരനെ എന്തുചെയ്യണമെന്നറിയാതെ ഡോക്ടർ കുഴഞ്ഞു. ഒടുവിൽ കുട്ടിയുടെ അച്ഛനെ കണ്ടുപിടിച്ച് അവനെ ഏല്പിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഡോക്ടർ കുഞ്ഞുമായി യാത്രതിരിച്ചു. അതൊരു വല്ലാത്ത യാത്രയായിരുന്നു. സാഹസികത നിറഞ്ഞ, അനുഭവങ്ങൾ നിറഞ്ഞ ഒരു യാത്ര.

ഒടുവിൽ അവർക്ക് കുട്ടിയുടെ അച്ഛനെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചു. ഒരു തീവ്രവാദസംഘടനയുടെ നേതാവായിരുന്നു അവന്റെ അച്ഛൻ. ഇക്കാര്യം അറിഞ്ഞിട്ടും ഡോക്ടർ പിന്മാറിയില്ല. സ്വന്തം ജീവൻ പണയംവച്ച് പ്രതിസന്ധികൾ തരണം ചെയ്ത് മുന്നോട്ടുപോകുന്ന ഡോക്ടർ നടത്തുന്ന യാത്രകളുടെയും ജീവിതങ്ങളുടെയും കഥയാണ് വീട്ടിലേക്കുള്ള വഴി

സംസ്ഥാന ദേശീയ അവാർഡുകൾ വാരിക്കൂട്ടിയ പൃഥ്വിരാജ്–ഡോ. ബിജുവിന്റെ വീട്ടിലേക്കുള്ള വഴി പ്രദർശനത്തിനെത്തുന്നു

വീട്ടിലേക്കുള്ള വഴി

www.Mallutribes.com

www.Mallutribes.com

എന്ന ചിത്രം പറയുന്നത്.

ഡോക്ടർ ബിജു സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ അദ്ദേഹം ഒരു പ്രധാന വേഷത്തിൽ അഭിനയിക്കുന്നുമുണ്ട്.

പൃഥിരാജ് ആണ് ഡോക്ടറായി അഭിനയിക്കുന്നത്.

സൈറ, രാമൻ എന്നീ ചിത്രങ്ങൾക്കുശേഷം ഡോക്ടർ ബിജു സംവിധാനം ചെയ്യുന്ന ഈ ചിത്രം ജ്യോതിർഗമയ റിലീസ് പ്രദർശനത്തിനെത്തിക്കും.

സൂര്യ സിനിമയുടെ ബാനറിൽ ബി.സി. ജോഷിയാണ് ചിത്രം നിർമ്മിക്കുന്നത്.

ഇന്നത്തെ ചിറ്റപ്പാടുകളിൽ, തീവ്രവാദത്തിന്റെ കളത്തിനുള്ളിൽ ചിലരുടെ ജീവിതം, അറിഞ്ഞോ അറിയാതെയോ എങ്ങനെ പെടുന്നുയെന്നാണ് ചിത്രം ചൂണ്ടിക്കാണിക്കുന്നത്. ഇന്ദ്രജിത്ത്, ഇർഷാദ്, കിരൺരാജ്, കെ.ടി.സി അബ്ദുള്ള, ധന്യ മേരിവർഗ്ഗീസ്, രശ്മി ബോബൻ, ഉദയ് ചന്ദ്ര എന്നിവർക്കൊപ്പം സംവിധായകന്റെ മകൻ മാസ്റ്റർ ഗോവർദ്ധനനും ശ്രദ്ധേയമായ കഥാപാത്രത്തെ അവതരിപ്പിക്കുന്നു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായാണ് ചിത്രം പൂർത്തിയാക്കിയത്. ഏറെ പ്രത്യേകതയുള്ള പാനാവിഷൻ ക്യാമറയാണ് ചിത്രീകരണത്തിന് ഉപയോഗിച്ചിരിക്കുന്നത്. ഈ ക്യാമറ ഉപയോഗിച്ച് ചിത്രീകരിച്ച ആദ്യ ദക്ഷിണേന്ത്യൻ ചിത്രമെന്നതാണ് മറ്റൊരു പ്രത്യേകത.

എം.ജെ. രാധാകൃഷ്ണനാണ് ഛായാഗ്രാഹകൻ. സംഗീതം: രമേശ് നാരായണൻ.

മികച്ച മലയാള ചിത്രത്തിനുള്ള ദേശീയ അവാർഡ്, മികച്ച ഛായാഗ്രഹണത്തിനു പ്രോസസിംഗ് ലാബിനുള്ള കേരള സംസ്ഥാന അവാർഡ്, തുടങ്ങി ദേശീയ, സംസ്ഥാന അന്തർദ്ദേശീയ അവാർഡുകൾ നിരവധി കരസ്ഥമാക്കിയ ഡോക്ടർ ബിജുവിന്റെ വീട്ടിലേക്കുള്ള വഴി സമകാലിക രാഷ്ട്രീയ സാമൂഹ്യജീവിതത്തിൽ നേരിടുന്ന ദുരിതാനുഭവങ്ങളും മാനസിക സംഘർഷങ്ങളും ദൃശ്യവൽക്കരിക്കുന്നു. ജ്യോതിർഗമയ റിലീസ് ചിത്രം പ്രദർശനത്തിനെത്തിക്കും.

– എ. എസ്. ദിനേശ്

Mallutribes.com

www.Mallutribes.com

എന്നും ദിവസവും നറുക്കെടുപ്പ്

6 TIMEX WATCH സമ്മാനം

2011 ജൂലൈ 11 മുതൽ 2011 ആഗസ്റ്റ് 30 വരെ

എല്ലാ പ്രവൃത്തി ദിവസവും നറുക്കെടുപ്പ്

കലാകൗമുദി വാരിക ഒരു വർഷം തപാലിൽ വരുത്തുവാൻ ആഗ്രഹിക്കുന്നവർക്ക് 585 രൂപ അടച്ച് ഈ പദ്ധതിയിൽ ചേരാം. 2011 സെപ്റ്റംബർ ആദ്യ ആഴ്ച മുതൽ ഒരു വർഷം കലാകൗമുദി വാരിക ഇന്ത്യയിലെവിടെയും തപാലിൽ ലഭിക്കും. ഒറ്റപ്രതിക്ക് 15 രൂപയുള്ള കലാകൗമുദി വാരിക ഒരു വർഷം തപാലിൽ വരുത്താൻ 780 രൂപയും 26 രൂപ തപാൽ ചാർജ്ജും വേണ്ടിവരും. അതായത് ഈ സ്കീമിൽ ചേർന്നാൽ 221 രൂപ ലാഭിക്കാം.

നാട്ടിലുള്ള ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും വേണ്ടി വിദേശമലയാളികൾക്കും ഈ പദ്ധതിയിൽ ചേരാം.

ഇതോടൊപ്പമുള്ള കൂപ്പൺ പൂരിപ്പിച്ച് തിരുവനന്തപുരത്ത് മാറാവുന്ന ഡ്രാഫ്റ്റ് 'മാനേജർ കലാകൗമുദി'യുടെ പേരിലെടുത്ത് അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 20 രൂപ ബാങ്ക് ചാർജ്ജ് കൂടി അയയ്ക്കണം.

2011 ജൂലായ് 11 മുതൽ എല്ലാ പ്രവൃത്തിദിവസവും നറുക്കെടുപ്പ്. ഓരോ ദിവസവും ഈ പദ്ധതിയിൽ ചേരുന്നവരുടെ പേരുകൾ നറുക്കിട്ടെടുത്ത് ദിവസവും 6 വിജയികളെ നിശ്ചയിക്കും. ഇവരുടെ പേരുകൾ കലാകൗമുദി വാരികയിലും കൗമുദി പ്ലസ് ഡോട്ട് കോമിലും പ്രസിദ്ധീകരിക്കും.

2011 ആഗസ്റ്റ് 30-ാം തീയതിവരെ ലഭിക്കുന്ന കൂപ്പണുകളെ സ്വീകരിക്കുകയുള്ളൂ. കൂപ്പൺ പൂരിപ്പിച്ച് മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് അയയ്ക്കേണ്ട വിലാസം:

ജനറൽ മാനേജർ
കലാകൗമുദി പബ്ലിക്കേഷൻസ്
പ്രൈവറ്റ് ലിമിറ്റഡ്
കലാകൗമുദി ഗാർഡൻസ്, കുമാരപുരം,
തിരുവനന്തപുരം-695011
ഇ-മെയിൽ
kalakaumudi@vsnl.net
Helpline No: 9562600260

585 രൂപ മാത്രം ഒരു വർഷത്തേക്ക് കലാകൗമുദി Special Offer 2011

കലാകൗമുദി സ്പെഷ്യൽ ഓഫർ 2011

ഞാൻ കലാകൗമുദി സ്പെഷ്യൽ ഓഫർ 2011-ൽ ചേരുവാൻ ആഗ്രഹിക്കുന്നു. ഈ പദ്ധതിപ്രകാരം ഒരു വർഷത്തേക്ക് തപാലിൽ കലാകൗമുദി വാരിക ലഭിക്കുന്നതിന് 585 രൂപ അയയ്ക്കുന്നു.

പേര്: ശ്രീ/ശ്രീമതി/മിസ്: ..... വയസ്സ്: .....

പ്രസിദ്ധീകരണം ലഭിക്കേണ്ട വിലാസം: .....

..... പിൻകോഡ്: .....

ഫോൺ: ..... ഇ-മെയിൽ: .....

അയയ്ക്കുന്ന തുക: ..... ചെക്ക്/ഡ്രാഫ്റ്റ് നമ്പർ: .....

ബാങ്ക്: ..... ശാഖ: ..... തീയതി: .....

ഒപ്പ് .....

"ഈ പദ്ധതിയെ സംബന്ധിച്ച് തർക്കങ്ങൾക്ക് വല്ലതും ഉണ്ടായാൽ തീർപ്പുകൽപ്പിക്കുവാൻ തിരുവനന്തപുരത്തെ കോടതികൾക്കു മാത്രമേ അധികാരമുള്ളൂ."

www.Mallutribes.com

www.Mallutribes.com

ദിലീപ് - ലാൽ ജോസ് - ബെന്നി പി. നായരമ്പലം ടീമിന്റെ പുതിയ ചിത്രമായ സ്പാനിഷ് മസാല സ്പെയിനിൽ ആരംഭിച്ചു

ചാന്തുപൊട്ടിനുശേഷം ലാൽജോസും ദിലീപും ബെന്നി പി. നായരമ്പലവും വിദ്യാസാഗറും ഒന്നിക്കുന്ന പുതിയ ചിത്രമാണ് സ്പാനിഷ് മസാല. ആഗസ്റ്റ് ഒന്ന് തിങ്കളാഴ്ച സ്പെയിനിൽ ഈ ചിത്രത്തിന്റെ ചിത്രീകരണം ആരംഭിച്ചു.

ബെസ്റ്റ് ആക്ടറിനു ശേഷം ബിഗ്സ്ക്രീൻ സിനിമയുടെ ബാനറിൽ നൗഷാദ് ആണ് ഈ ചിത്രം നിർമ്മിക്കുന്നത്.

സ്പെയിനിൽ ഒരു മലയാളസിനിമ ആദ്യമായാണ് ഒരുങ്ങുന്നത്. സ്പെയിനിന്റെ ദൃശ്യഭംഗി അപ്പാടെ ഒപ്പിയെടുക്കുന്ന ഈ ചിത്രം അത്യന്തം രസകരമായ ഒരു പ്രണയകഥയാണ് പറയുന്നത്.

ഒരു വിദേശനടിയാണ് ചിത്രത്തിലെ നായിക.

ഇന്ത്യയിലെ സ്പാനിഷ് അംബാസിഡറായിരുന്ന ആളിന്റെ മകൾ കമീല എന്ന കഥാപാത്രത്തെയാണ് ഇവർ അവതരിപ്പിക്കുന്നത്.

കേരളത്തിലെ നമ്പർ വൺ ഷെഫ് ആയിരുന്ന ചാർലി സ്പെയിനിലെത്തി. ഇവിടെ ഒരു റസ്റ്റോറന്റിൽ ഷെഫ് ആയി. പാചകകലയിൽ അതി വിദഗ്ദ്ധൻ. നല്ല കൈപ്പുണ്യമുള്ളവൻ. അയാൾ അവിടെ എല്ലാവർക്കും പ്രിയങ്കരനായി.

കമീല ജനിച്ചതും പഠിച്ചതുമെല്ലാം ഇന്ത്യയിലായിരുന്നു. ഇന്ത്യയുടെ സംസ്കാരവും കലകളും ആചാരങ്ങളുമെല്ലാം അവൾ ഇഷ്ടപ്പെടുന്നു. അതു കൊണ്ടുതന്നെ ഇന്ത്യാക്കാരോട് അവൾക്ക് വലിയ സ്നേഹമായി. ചാർലിയെ പരിചയപ്പെട്ട കമീലക്കും അവനെ ഇഷ്ടമായി. മാനസികമായും ഇരുവരും അടുത്തു. മുൻ അംബാസിഡറിന്റെ മകൾ ഷെഫിന്റെ കാമുകിയായി.

കുഞ്ചാക്കോ ബോബൻ മറ്റൊരു പ്രധാന വേഷത്തിൽ അഭിനയിക്കുന്നു. രാഹുൽ എന്നാണ് കഥാപാത്രത്തിന്റെ പേര്.

സ്പെയിൽ അംബാസിഡറുടെ പേഴ്സണൽ മാനേജർ മേനോനെ അവതരിപ്പിക്കുന്നത് ബിജുമേനോനാണ്.

നെൽസൺ, വിനയപ്രസാദ്, കലാരഞ്ജിനി എന്നിവരും ഈ ചിത്രത്തിലെ പ്രധാനതാരങ്ങളാണ്.

വേണുവിന്റേതാണ് ഗാനങ്ങൾ. സംഗീതം- വിദ്യാസാഗർ. കലാസംവിധാനം- ഗോകുൽദാസ്, പ്രൊഡക്ഷൻ കൺട്രോളർ- വിനോദ് ഷൊർണ്ണൂർ.

www.Mallutribes.com

www.Mallutribes.com

മലപ്പുറം ഹാജി മഹാനായ ജോജിക്കുശേഷം മുകേഷും സിദ്ദിഖും മുഖ്യവേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന തുളസീ

ദീലീപ് ടീമാൻ



മുകേഷ്, മേഘനായർ

മുംബായിലെ ക്രൗൺ ഹോട്ടലിൽ ഒരു പ്രോഗ്രാമുമായി ബന്ധപ്പെട്ട് മുകേഷും നെടുമുടി വേണുവും അടങ്ങുന്ന സംഘം താമസിക്കുന്ന സമയം.

കഴിഞ്ഞയാഴ്ചവരെ അക്ഷയ്കുമാർ അടക്കമുള്ള ബോളിവുഡ് താരങ്ങളുടെ മേളമായിരുന്നു ഹോട്ടലിൽ.

"രാത്രിയായാൽപ്പിന്നെ സുന്ദരിമാരുടെ വരവാ... പാട്ടും കൂത്തും." ഹോട്ടൽ ജീവനക്കാർ പല കഥകളും പറഞ്ഞ് കൊതിപ്പിക്കുകയാണ്.

അംഗരക്ഷകരുടെ അകമ്പടിയോടെയാണ് താരങ്ങൾ ഹോട്ടലിൽ വരുന്നതും പോകുന്നതും.

അക്ഷയ്കുമാർ വരുന്ന നേരത്ത് എതിരെ പാർത്തിട്ട ഒരു സ്ത്രീ

ബ്ലാക്ക് കാറ്റ്സ് അവരോട് എന്തൊക്കെയോ ചോദിച്ചു. തനിയ്ക്കുള്ള ഉത്തരങ്ങൾ കേട്ട് കണ്ണുരുട്ടുകൾ ഒന്നു പകച്ചു.

അവർ പാർത്തിട്ട സ്ത്രീയെ പോകാനനുവദിച്ചു.

അക്ഷയ്കുമാർ തൊട്ടടുത്തെത്തിയപ്പോൾ അവർ പാർത്തു മാറ്റി അക്ഷയ്കുമാറിനെ കെട്ടിപ്പിടിച്ച് ചുംബിച്ചു.

അന്ന് അക്ഷയ്കുമാർ താമസിച്ചിരുന്ന മുറിയിൽ ഇന്ന് നെടുമുടി വേണുവാണ് താമസിക്കുന്നത്.

മുകേഷ്, നെടുമുടി വേണുച്ചേട്ടന്റെ മുറിയിലേക്ക് ചെന്നു.

ഒരു തോർത്തുമുണ്ടുടുത്ത് മേലാസകലം സോപ്പ് തേച്ചുപിടിപ്പിക്കുകയായിരുന്നു വേണുച്ചേട്ടൻ.

"ഈ മുറിയിൽ നിന്ന് വേണുച്ചേട്ടൻ ഉടനെ മാറണം. കഴിഞ്ഞയാഴ്ച എന്തൊക്കെ ആഘോഷങ്ങൾ നടന്ന മുറിയാണെന്നറിയാമോ ഇത്. സുന്ദരികൾക്ക് പകരം ഇപ്പോ കുറേ കുഴമ്പും എണ്ണയും."

പൊടിപ്പും തൊങ്ങലും വച്ച മുകേഷ് കഥ കേട്ട് കൂട്ടച്ചിരിയുയർന്നു.

നായികമാരായ മേഘനായരും പ്രിയാലാലും ഗിന്നസ് പക്രു, ജാഫർ ഇടുക്കി...

തൊടുപുഴ ചാഴിക്കാട്ട്

ഹോസ്പിറ്റലിൽ കില്ലാടി രാമനിലെ നിർണ്ണായകമായ ഒരു രംഗം ചിത്രീകരിക്കുകയാണ് തുളസീദാസ്.

സൂര്യയുടെ ഏഴാം അറിവിൽ അഭിനയിച്ചതിന്റെ വിശേഷം പറയുകയാണ് ഗിന്നസ് പക്രു.

"ഞാൻതന്നെ ആ പടത്തിൽ ഡബ് ചെയ്തു. ആർട്ടിസ്റ്റ് സ്വന്തമായി ഡബ് ചെയ്താലേ പൂർണ്ണത വരൂ." ഗിന്നസ് പക്രു പറഞ്ഞു.

"അയ്താം പടൈ എന്ന തമിഴ് സിനിമയ്ക്കുവേണ്ടി ഞാനും ഡബ് ചെയ്തു." മുകേഷ് പറഞ്ഞു.

മേഘനായരും പ്രിയാലാലും പരിചയപ്പെട്ടു.

"മിസ്റ്റർ മരുമകനിലല്ലേ

www.Mallutribes.com

www.Mallutribes.com

...ദാസ് - രാജൻ കിരിയത്ത് ടീമിന്റെ കില്ലാടി രാമന്റെ വിശേഷങ്ങൾ

ഒടുവിൽ അഭിനയിച്ചത്?" പ്രിയമണി ചോദിച്ചു.

"അതെ. റിംഗ് ടോണിലാണ് ആദ്യം നായികയായത്." മേഘനായർ പറഞ്ഞു.

"ജനകൻ ഞാൻ കണ്ടിട്ടുണ്ട്. പ്രിയയുടെ ആ പാട്ട് എനിക്കിഷ്ടമാണ്. ഒളിച്ചിരുന്നേ..." മേഘനയുടെ കോംപ്ലിമെന്റ് കേട്ട് പ്രിയയ്ക്ക് സന്തോഷമായി.

മലപ്പുറം ഹാജി മഹാനായ ജോജിയിലെ ഏറ്റവും രസകരമായ ഒരു രംഗമുണ്ട്.

മുകേഷിന്റെ കുഞ്ഞാലിക്കുട്ടി മാഷ് യഥാർത്ഥത്തിൽ ജോനകപുറമ്പിൽ ജിതേന്ദ്രവർമ്മയെന്ന ജോജിയാണെന്ന് ഹാജിയാരെ അറിയിക്കാൻ ഒടുന്ന ജഗതിയുടെ അലിയാർ മാഷ്.

അലിയാർ മാഷ് ആ രഹസ്യം ഹാജിയാരോട് പറഞ്ഞാൽ 'കഥ' തീർന്നു.

"എന്തു ചെയ്യും?" തിരക്കഥാകൃത്ത് രാജൻ കിരിയത്ത് നാലഞ്ചു ദിവസം തലപുകച്ചു.

ഒടുവിൽ ഗത്യന്തരമില്ലാതെ രാജൻ ചേട്ടൻ ബാലു കിരിയത്തിനെ വിളിച്ചു.

എം.ജി.ആറും എം.ആർ. രാധയും തമിഴകത്ത് സൂപ്പർനായകനും വില്ലനുമായി വിലസുന്ന കാലം.

ജഗതീഷ്

രാജൻ കിരിയത്ത്

ആനക്കുഴിക്കൽ

ഇരുവരും തമിൽ എന്തോ ഒരു ഈഗോ ക്ലാഷ്.

എം.ആർ. രാധ എയർഗൺ കൊണ്ട് എം.ജി.ആറിനെ വെടിവച്ചു.

എം.ജി.ആറിന്റെ കഴുത്തിലാണ് വെടിയേറ്റത്.

കഴുത്തിലെ പില്ലറ്റ് ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്താൽ അപകടസാദ്ധ്യതയുണ്ടെന്നായിരുന്നു ഡോക്ടർമാരുടെ വിശദീകരണം.

മരിക്കുംവരെ ആ പില്ലറ്റ് എംജിആറിന്റെ കഴുത്തിലുണ്ടായിരുന്നത്രെ!

"ആ സംഭവം ഇവിടെ ഉപയോഗിക്കാം." ബാലു കിരിയത്ത് പറഞ്ഞു.

അങ്ങനെയാണ് ജഗതിയുടെ അലിയാർ മാഷിന് കഴുത്തിൽ വെടികൊള്ളുന്ന സീൻ ഉണ്ടായത്.

വെടിയുണ്ട നീക്കം ചെയ്താൽ ആളു മരിക്കും. ഇല്ലെങ്കിൽ ശബ്ദം കിട്ടില്ല.

കുഞ്ഞാലിക്കുട്ടി മാഷ് റെജിനോൾ ജോജിയാണെന്ന് മധുവിന്റെ ഹാജിയാരോട് പറയാൻ അലിയാർമാഷിന് ഒരിക്കലും കഴിഞ്ഞതുമില്ല.

മഹാവിജയമായ മലപ്പുറം ഹാജി

ഹരീഷ്കുമാരനല്ലൂർ, ഗിന്നസ് പക്രു


മുകേഷ്, മേഘനായർ

ഫോട്ടോ: മോഹൻ സുരേഷ്

www.Mallutribes.com

www.MalayalamMovies.com

മഹാനായ ജോജിക്കുശേഷം മുകേഷും സിദ്ദിഖും തുളസീദാസും രാജൻ കിരിയത്തും ഗിരീഷ് വൈക്കവും ഒന്നിക്കുന്ന സിനിമയാണ് കില്ലാടി രാമൻ.

"ആരാണ് കില്ലാടി" തുളസീദാസിനോടും രാജൻ കിരിയത്തിനോടും ചോദിച്ചു.

ഇരുവരും പൊട്ടിച്ചിരിയോടെ പരസ്പരം നോക്കി. "ആരാണ് കില്ലാടിയെന്നതാണ് സസ്പെൻസ്. രണ്ടു കില്ലാടിമാരുണ്ട് ഇതിൽ. മുകേഷിന്റെ മഹാദേവനും നിർമ്മാതാവിന്റെ മകൻ ഫ്ളമിംഗ് ഫ്രാൻസിസ് അവതരിപ്പിക്കുന്ന കഥാപാത്രവും."

മഹാദേവൻ പരീക്ഷിക്കാത്ത ബിസിനസ്സുകളില്ല.

കൈവച്ച ബിസിനസ്സുകളിലെല്ലാം കൈപൊള്ളാനായിരുന്നു മഹാദേവന്റെ യോഗം.

ഒടുവിൽ സുന്ദരേശൻ മുതലാളിയുടെ കൈയിൽനിന്ന് ഏഴുലക്ഷം രൂപ കടംവാങ്ങി മഹാദേവൻ ചെമ്മീൻ കയറ്റുമതി കമ്പനി തുടങ്ങി.

കുട്ടിക്കാലം മുതലേയുള്ള ഉറ്റ ചങ്ങാതിയായ ചന്ദ്രുവിനെയാണ് കമ്പനി ഉദ്ഘാടനം ചെയ്യാൻ മഹാദേവൻ ക്ഷണിച്ചത്.

കോടീശ്വരനായ ചന്ദ്രു സിംഗപ്പൂരിലാണിപ്പോൾ.

കമ്പനി തുടങ്ങി നാളുകൾ കഴിയും മുമ്പേ കടക്കെണിയിൽപ്പെട്ട് മഹാദേവൻ വീണ്ടും നെട്ടോട്ടം തുടങ്ങി.

സുന്ദരേശൻ മുതലാളിയെയുംകൊണ്ട് സന്തതസഹചാരിയായ കത്തി ഹംസ ബുള്ളറ്റിൽ വരുമ്പോൾ ഒരു പെൺകുട്ടിയെ ഇടിച്ചുതെറിപ്പിച്ചു.

ചോരവാർന്ന അവളെ ആശുപത്രിയിലെത്തിച്ചത് മഹാദേവനാണ്. മഹാദേവന്റെ നിഴലായി സദാപ്പം നടക്കുന്ന ബാർബർ മണികണ്ഠൻ തന്റെ മൊബൈൽ ഫോണിൽ ആ അപകടം ചിത്രീകരിച്ചിരുന്നു.

അതു കാണിച്ച് മുതലാളിയെ ബ്ലാക്ക്മെയിൽ ചെയ്യാൻ തുടങ്ങി ഇരുവരും.

ആശുപത്രിയിൽ അബോധാവസ്ഥയിൽ കഴിയുന്ന രാധിക എന്ന ആ പെൺകുട്ടിയെ തേടി ബാംഗ്ലൂരുനിന്ന് കുര്യാക്കോസും ചെന്നൈയിൽ നിന്ന് അബ്ദുൽ ഗഫൂറും മുംബയിൽനിന്ന് പ്രഭാകരൻ തമ്പിയുമെത്തി.

മൂന്നുപേരുടെയും മുന്നിൽക്കിടന്ന് നട്ടംതിരിഞ്ഞ മഹാദേവന്റെ മുന്നിലേക്ക് നാലാമതൊരാൾ കൂടി വന്നു. രാധികയുടെ കൂട്ടുകാരി മീര.

ചിരിയുടെ അകമ്പടിയോടെ ഹൃദ്യമായ ഒരു സസ്പെൻസ് ത്രില്ലറാണ് തുളസീദാസ്- രാജൻ കിരിയത്ത് ടീം അവതരിപ്പിക്കുന്നത്.

മുകേഷും സിദ്ദിഖുമാണ് കില്ലാടിരാമനിലെ മഹാദേവനും ചന്ദ്രുവും.

മേഘനായർ മീരയെയും പ്രിയാലാൽ രാധികയെയും അവതരിപ്പിക്കുന്നു.

ശിൽപ്പസ് പകുവാണ് സുന്ദരേശൻ മുതലാളി. ജാഫർ ഇടുക്കി ബാർബർ മണികണ്ഠനും.

പ്രവാസി മലയാളിയായ ഹനീഫ് കുമരനല്ലൂരാണ് കില്ലാടി രാമനിലെ കത്തി ഹംസ.

മുകേഷ്, മേഘനായർ

ജാഫർ ഇടുക്കി

ശിൽപ്പസ് വൈക്കം പ്രതാപൻകല്ലിയൂർ രഞ്ജിത്ത്കോത്താരി

WWW.MALAYALAMMOVIES.COM

www.Mallutribes.com

"പതിമൂന്നു വർഷമായി ഹനീഫ് അഭിനയരംഗത്തുണ്ട്. സ്നേഹമാണ് ആദ്യചിത്രം. വില്ലനിവേഷങ്ങളിൽ നിന്ന് വില്ലനിസം കലർന്ന കോമഡിയിലേക്ക് മാറുകയാണ് ഹനീഫ് ഈ ചിത്രത്തിലൂടെ.

ഫാർ ഈസ്റ്റ് ക്രിയേഷൻസ് ഇന്റർനാഷണലിന്റെ ബാനറിൽ ഫ്രാൻസിസ് ആന്റണി കാരാഞ്ചിറ, ജോസഫ് ചെറിയാൻ എന്നിവർ നിർമ്മിക്കുന്ന കില്ലാടി രാമനിൽ സിദ്ദിഖ്, ജഗതി ശ്രീകുമാർ, ലാലു അലക്സ്, കൊച്ചുപ്രേമൻ, ഇന്ദ്രൻസ്, ചാലി പാല, നോയൽ ജേക്കബ്, കലാഭവൻ ഹനീഫ്, സൂര്യ ടി.എസ്. നായർ, ലെന, ശ്രീലത നമ്പൂതിരി, ബിന്ദു മുരളി, റാണി ലാതിയസ് തുടങ്ങിയവരും വേഷമിടുന്നുണ്ട്.

ആനന്ദക്കുട്ടനാണ് ഛായാഗ്രാഹകൻ. എഡിറ്റിംഗ്: പി.സി. മോഹനൻ. കലാസംവിധാനം: രഞ്ജിത്ത് കോത്താരി. മേക്കപ്പ്: സന്തോഷ് വെൺപകൽ. വസ്ത്രാലങ്കാരം:

ഫ്രണ്ട്ഷിപ്പ്ഡേയിൽ ബർത്ത്ഡേ

ആഗസ്റ്റ് 1 സൗഹൃദത്തിന്റെ ദിനമാണ്; ഫ്രണ്ട്ഷിപ്പ് ഡേ.

"പ്രിയേ... ബർത്ത് ഡേയല്ല, ചെലവു ചെയ്യണം..." തുളസീദാസ് പറഞ്ഞപ്പോൾ പ്രിയാലാൽ അമ്പരന്നു പോയി.

"എങ്ങനെ അറിഞ്ഞു?"

ഫേസ്ബുക്കാണ് തന്റെ ബർത്ത്ഡേ സീക്രട്ട് ലീക്ക് ചെയ്തതെന്നറിഞ്ഞപ്പോൾ അമ്പരപ്പ് മാറി പ്രിയയുടെ മുഖത്ത് ചിരി വിടർന്നു.

"ഈ ഇന്നലെയ്ക്ക് ഒരു പ്രത്യേകതയുണ്ട്. പതിനെട്ടാം പിറന്നാളാണ്..." പ്രിയ പറഞ്ഞു.

ഉച്ചയ്ക്ക് ബ്രേക്ക് ടൈമിൽ ബർത്ത്ഡേ കേക്ക് മുറിച്ച് ലളിതമായ ഒരു ആഘോഷം.

"പ്രിയ നാളെ ലിവർപൂളിലേക്ക് തിരിച്ചുപോകുകയാണ്. പതിനാലിന് വീണ്ടും ജോയിൻ ചെയ്യും. വന്നു കഴിഞ്ഞ് ഗംഭീരമായ ബർത്ത്ഡേ പാർട്ടി നടത്താമെന്നേറ്റിട്ടുണ്ട്." പ്രിയയ്ക്ക് ഇന്നലെകളുടെ ആശംസകൾ നേർന്നുകൊണ്ട് തുളസീദാസ് പറഞ്ഞു. കൈയടിയും ചിരിയും മുഴങ്ങി.

കേക്കിൽ വയസ്സ് സൂചിപ്പിക്കുന്ന 18 എന്നെഴുതിയ മെഴുകുതിരികൾ പ്രിയ ഊതിക്കെടുത്തി. പിന്നെ കേക്ക് മുറിച്ചു.

മുകേഷും ജഗദീഷും ഇടുക്കിയും ഗിന്നസ് പക്രുവും മേളാനായരും അടങ്ങുന്ന കില്ലാടി രാമന്റെ താരങ്ങളും സാങ്കേതികപ്രവർത്തകരും കോറസ്സായി പാടി: "ഹാപ്പി ബർത്ത് ഡേ ടു യൂ... ഹാപ്പി ബർത്ത്ഡേ ടു ഡിയർ പ്രിയ..."

"ഒരിക്കലും ഈ പിറന്നാൾ ഞാൻ മറക്കില്ല. ഇത്ര മനോഹരമായ ഒരാഘോഷം ഒരുക്കിയതിന് എല്ലാവർക്കും നന്ദി." കൈയടികൾക്കിടയിൽ പ്രിയ പറഞ്ഞു.

പ്രിയാലാലിന്റെ ജന്മദിനാഘോഷം

പ്രിയാലാൽ

ഫോട്ടോ: മോഹൻ സുരഭി

റാണാപ്രതാപ്

സന്തോഷ് വെൺപകൽ

റാണാപ്രതാപ്. സ്റ്റിൽസ്: അജിത് വി. ശങ്കർ. അസോസിയേറ്റ് ഡയറക്ടർ: രാജീവ് കൃഷ്ണ. സഹസംവിധാനം: വിനോദ് ഭഗവതി. സംവിധാനസഹായികൾ: പ്രകാശ് ആർ. നായർ, സന്തോഷ്ലാൽ. പ്രൊഡക്ഷൻ കൺട്രോളർ: ഗിരീഷ് വൈക്കം. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: പ്രതാപൻ കല്ലിയൂർ. പ്രൊഡക്ഷൻ മാനേജർ: സുനീഷ്. രാജീവ് ആലുങ്കലിന്റെ വരികൾക്ക് എം. ജയചന്ദ്രൻ ഈണമിടുന്നു.

തൊടുപുഴയിലും പരിസരങ്ങളിലുമായി റ്റെഷെഡ്യൂളിൽ കില്ലാടിരാമൻ പൂർത്തിയാകും.

-എസ്. അനിൽകുമാർ
anilvelli@gmail.com

www.Mallutribes.com

www.Mallutribes.com

ആ വാക്ക് അതല്ല!

● വെള്ളിനക്ഷത്രത്തിൽ വന്ന എന്റെ അഭിമുഖത്തിനുള്ള മറുപടിയായി വിനയൻ എഴുതിയ കത്ത് വായിച്ചു. "നമ്മുടെ വീട്ടിലിരിക്കുന്ന വരെ കൊണ്ട് കാണിച്ചാലേ താരം ഡേറ്റ് തരൂ എന്ന അവസ്ഥ വന്നാൽ എന്തു ചെയ്യും?" എന്നാണ് താൻ ചോദിച്ചതെന്ന് വിനയൻ പറയുന്നു. സത്യത്തിൽ വിനയൻ പറഞ്ഞ വാക്ക് അതല്ലെന്ന് അന്ന് മാക്ട ഫെഡറേഷൻ മീറ്റിംഗിൽ പങ്കെടുത്ത സിനിമാ പ്രവർത്തകർക്കെല്ലാമറിയാം. വിനയന് നട്ടെല്ലുണ്ടെങ്കിൽ അന്ന് യഥാർത്ഥത്തിൽ പറഞ്ഞ ആ വാക്ക് എന്താണെന്ന് വെളിപ്പെടുത്താൻ തയ്യാറാകണം.

തുളസീദാസ്

തുളസീദാസ്

മരണാനന്തരം

● ഇന്ന് കേരളത്തിലെ മുഖ്യധാരയിലുള്ള ചാനലുകൾ എല്ലാംതന്നെ റിയാലിറ്റി ഷോകൾക്ക് പിന്നാലെയാണ്. അതിൽനിന്നെല്ലാം വേറിട്ടതും ഉള്ളുലയ്ക്കുന്നതുമായിരുന്നു ഏഷ്യാനെറ്റ് ന്യൂസ് ചാനൽ സംപ്രേഷണം ചെയ്ത മരണാനന്തരം എന്ന പ്രോഗ്രാം. കാശിയുടെ മറ്റൊരു മുഖമാണ് പ്രസ്തുത പ്രോഗ്രാം കാട്ടിത്തന്നത്. ഇവിടെ ശവക്കല്ലറകളോ, പേരെഴുതിയ ഫലകങ്ങളോ ഇല്ല. നിമിഷങ്ങൾകൊണ്ട് അനേകം ശവശരീരങ്ങൾ ഇവിടെവെച്ചും ചാരമായി മാറുന്നു. ഗർഭിണികളെ, പാമ്പുകടിച്ച് മരിച്ചവരെ, കുട്ടികളെ ഇവരുടെ ശവശരീരങ്ങൾ കല്ലിൽകെട്ടി ഗംഗയുടെ അടിത്തട്ടിലെറിയും എന്ന അറിവ് ഞെട്ടിക്കുന്നതാണ്. മരണാനന്തരത്തിൽ ഏറെ ശ്രദ്ധേയമായത് ക്യാമറയുടെ മികവാണ്.

രതീഷ് രഘുവിള, രേവതം, തിരുവനന്തപുരം

എളിമ

● രോമാഞ്ചത്തിനു ശേഷം അവതരിക്കുന്ന സൂര്യയിലെ സൂര്യപ്രഭയിലെ താരത്തിളക്കത്തിൽ കലാഭവൻ മണി പകർന്നാടിയ പരിപാടി ഏറെ നന്നായി. മണിയുടെ പ്രായം 40 ആണ്, വിഗ് വെച്ചിട്ടുണ്ട്. ഉപയോഗിക്കുന്ന മൊബൈൽ ഫോൺ 3500 രൂപമാത്രം വിലമതിച്ചതാണ് പോലുള്ള തുറന്ന മനസ്സിന്റെ വെളിപ്പെടുത്തലുകൾ അധികമാർക്കും അവകാശപ്പെടാൻ അർഹതയില്ലാത്ത ആ എളിമയെ വിളിച്ചോതുന്നതായി മാറി.

ഇ. നന്ദകുമാർ, എ-27, മാതൃപ്രഭാത, സായിനിർമ്മാർഗ്, ഹോംബിൾഡി ഈസ്റ്റ്

പരസ്യം

● സിനിമകളുടെ അപര്യാപ്തതയാണോ വേണ്ടത്ര പബ്ലിസിറ്റി കിട്ടാത്തതാണോ സമകാലിക പ്രസക്തിയുള്ള കുറച്ച് നല്ല ചിത്രങ്ങൾ സാധാരണക്കാരായ പ്രേക്ഷകരുടെയിടയിലേക്ക് വന്നില്ല. കുളിസോപ്പിനും അലക്ക് സോപ്പുപൊടിക്കും ടി.വി. റേഡിയോ മാധ്യമങ്ങളിൽ പരസ്യംകൊണ്ട് മാർക്കറ്റിംഗ് ഉണ്ട്. കാലികപ്രസക്തിയുള്ള ചിത്രങ്ങൾക്ക് വേണ്ടത്ര പബ്ലിസിറ്റി നൽകുന്നില്ല.

കിരൺരാജ്, ഫോൺ: 9562257639

വിജയ്

● തമിഴ് സൂപ്പർതാരം വിജയ്യുടെ വേലായുധത്തിനായി കാത്തിരിക്കുന്നു. തമിഴ് മക്കൾക്കൊപ്പം മലയാളികളും വേലായുധത്തിനായി കാത്തിരിക്കുന്നു. ആരൊക്കെ സിനിമയിൽ നിന്നാലും വിജയ്ക്കു തുല്യം വിജയ് മാത്രം.

സി. അബ്ദുഷ്, മാഹി. ഫോൺ : 9605043824.

തന്മാത്ര

● തന്മാത്ര ഒരു അനുഭവമാണ്. സ്ഥിരം വാണിജ്യഫോർമുലകളിൽ തീർക്കപ്പെടുന്ന സിനിമകൾക്കിടയിൽ മുൻപെ പറക്കുന്ന പക്ഷിയാണ്. ഇനിയും ഏറെ വർഷങ്ങൾ പിന്നിടുമ്പോഴും തന്മാത്രയും രമേശനും നമ്മെ വിസ്മയിപ്പിച്ചുകൊണ്ടേയിരിക്കും. കാരണം ഈ സിനിമ കാലാതീതമാണ്.

സന്ദീപ്, ബിബിഷ്, നിസീഷ്, കുട്ടൻ, അപ്പായൻ, ബിജു, ശിൽപ് , അനി
പെന്പ, തിരൂർ, ഫോൺ: 9946768085

പ്രണയം

● ബ്ലെസിയുടെ പ്രണയത്തെപ്പറ്റിയുള്ള കൂടുതൽ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കണം. കാര്യങ്ങൾ രൂപാട് രഹസ്യമാക്കി വച്ചാൽ അവസാനം മണിരത്നം ചിത്രങ്ങൾക്ക് സംഭവിച്ചതുപോലെയാകും പ്രണയത്തിന്റെ കാര്യം. പ്രണയത്തെപ്പറ്റിയുള്ള റിപ്പോർട്ടുകൾ വായിച്ചപ്പോൾ കണ്ണു നിറയുന്നു. മോഹൻലാലും ഇഷപ്രദയും അനുപമയും മത്സരിച്ചഭിനയിക്കുന്ന ഈ ചിത്രം മലയാള സിനിമയിലെ ഒരു സംഭവമായി മാറും.

മോഹൻലാൽ

ഷാജുൻ, വെള്ളയമ്പലം.

കാഴ്ച

● കഴിഞ്ഞ ആഴ്ച ടിവിയിൽ ബ്ലെസിയുടെ കാഴ്ച കണ്ടു. ശരിക്കും ഒരു മഹാകാഴ്ച തന്നെയായിരുന്നു അത്. മമ്മൂട്ടിയുടെയും ഗുജറാത്തിയായി അഭിനയിച്ച ബാലന്റെയും രംഗങ്ങൾ കണ്ടപ്പോൾ കണ്ണുനിറഞ്ഞു.

സുധാകർ, സെക്രട്ടറി, കൈരളി കൾച്ചറൽ അസോസിയേഷൻ, ഹോസ്പെറ്റ്, കർണ്ണാടക. ഫോൺ : 09449821528.

രഞ്ജിത്തിന് നന്ദി

● അഭിനയകലയുടെ പെരുന്തച്ചൻ തിലകനെ ഇന്ത്യൻ റുപ്പിയിൽ സഹകരിപ്പിക്കുന്ന രഞ്ജിത്തിന് നന്ദി. എല്ലാവരും ഈ മികച്ച നടനെ മാറ്റിനിർത്തുമ്പോഴാണ് വൈരാഗ്യവും മാറ്റിനിർത്തലും ഒരു കലാകാരനോട് പാടില്ലെന്ന് രഞ്ജിത്ത് കാട്ടിത്തരുന്നത്. മുൻ നിരസംവിധായകർ തിലകന് അടുത്ത സി

വയലാറിന്റെ കുളിപ്പാട്ടുകളി

വിസ്മൃതിയിലുള്ള കുളി അഥവാ നീരാട്ട് മലയാളികളുടെ ശീലവും ജീവിതശൈലിയുടെ ഭാഗവുമാണ്. മലയാള സിനിമ കുളിക്കും കുളിരംഗങ്ങൾക്കും പണ്ടുമുതൽക്കേ സവിശേഷമായ ഒരു സ്ഥാനം നൽകിപ്പോരുന്നു. വെളുക്കുമ്പോൾ കുളിക്കുവാൻ പോകുന്ന വഴിവക്കിൽ (കുട്ടിക്കുപ്പായം: പി. ഭാസ്കരൻ, എ.പി. കോമള), നീരാടുവാൻ നിളയിൽ (നഖക്ഷതങ്ങൾ: ഒ.എൻ.വി, യേശുദാസ്), പൊന്നിൽ കുളിച്ച രാത്രി (സിന്ദൂരച്ചെപ്പ്: യൂസഫലി, യേശുദാസ്) തുടങ്ങി നിരവധി കുളിപ്പാട്ടുകൾ വിവിധ സന്ദർഭങ്ങളിൽ നാം കേട്ടിട്ടുണ്ടെങ്കിലും ഏറ്റവും കടുത്ത 'കുളി' ഗീതങ്ങൾ നമുക്കു തന്നത് വയലാറാണ്.

വയലാർ രാമവർമ്മ

കൃഷ്ണപക്ഷക്കിളി ചിലച്ചു കുളിച്ചു വാ (നഖങ്ങൾ: യേശുദാസ്, മാധുരി), കുളിക്കുമ്പോളൊളിച്ചു ഞാൻ കണ്ടു (അച്ഛനും ബാപ്പയും: യേശുദാസ്), വെള്ളത്താമരപൊട്ടുപോലെ വെണ്ണക്കൽ പ്രതിമ പോലെ കുളിക്കാനിറങ്ങിയ പെണ്ണേ (തിരിച്ചടി: യേശുദാസ്, പി. സുശീല), അമ്പലക്കുളങ്കരെ കുളിക്കാൻ ചെന്നപ്പോൾ (ഓടയിൽ നിന്ന്: പി. ലീല), കുടമുല്ലപ്പൂവിനും മലയാളിപ്പെണ്ണിനും... കുളിക്കാൻ പനിനീർച്ചോല (ഇാലേ: യേശുദാസ് ബി. വസന്ത) തുടങ്ങി നിരവധി ഗാനങ്ങൾ വയലാർ നമുക്ക് തന്നു. ഗാനരംഗത്തിന്റെ ആദ്യന്തം നായികയുടെ കുളിക്ക് കാവലായി നിൽക്കുന്ന നായകന് അവളുടെ നിറഞ്ഞ താരുണ്യത്തെ പൊതിഞ്ഞൊഴുകുന്ന കുഞ്ഞോളമാകാനുള്ള മോഹം ഏറെ ചാരുതയോടെ വയലാർ വർണ്ണിക്കുന്നത് മരാളികേ മരാളികേ എന്ന ഗാനത്തിലാണ്. (ചിത്രം : അഴകുള്ള സെലീന, കുളിരംഗത്ത് വിൻസെന്റ്, ഇയാരേതി). വൈകിട്ട് തന്റെ പ്രിയകാമിനി കുളിക്കാൻ വന്നിട്ട് മുങ്ങിത്തോർത്താതെ വേഗം പോയത് തന്നെ കണ്ടിട്ടോ മാനം കണ്ടുചിട്ടോ എന്നു ശങ്കിക്കുന്ന കാമുകനും (പർവ്വതനന്ദിനീ നീ താമസിക്കും: തേനരുവി 1973), നായിക കുളിക്കുന്ന പു

www.Mallutribes.com

www.Mallutribes.com

നിമകളിൽ അവസരം നൽകണം.

കണ്ണൻ. ഫോൺ: 9744702937.

മനുഷ്യമൃഗം

● ബാബുരാജ് സംവിധാനം ചെയ്ത് നായകനായി അഭിനയിച്ച, മനുഷ്യമൃഗം നല്ല നിലവാരമുള്ള ചിത്രമായിരുന്നു. പൃഥ്വിരാജ് തന്റെ റോൾ ഭംഗിയാക്കി. പാട്ടുകൾ കൊള്ളാം. വളരെ നാളുകൾക്കുശേഷം തെന്നിന്ത്യൻ നടി കിരൺ നായികയാകുന്ന ചിത്രമാണ്.

രാജേഷ്, വണ്ടിയൂർ.

ആദ്യമല്ല

● ശ്യാമപ്രസാദിന്റെ ചിത്രത്തിൽ ദിലീപ് ആദ്യമായല്ല അഭിനയിക്കുന്നത്. കല്യാണരാമനിലും കല്ലുകൊണ്ടൊരു പെണ്ണ് എന്ന ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്.

ഷാഫി, കാസർകോട്.

പൃഥ്വിരാജ്

● യുവനടന്മാരിൽ ശ്രദ്ധേയനായ പൃഥ്വിരാജിനെ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ സംവിധായകർക്ക് കഴിഞ്ഞിട്ടില്ല. വാസ്തവം, തലപ്പാവ്, ഉറുമി, വർഗ്ഗം, അൻവർ, പുതിയ മുഖം, ക്ലാസ്മേറ്റ്സ് എന്നീ ചിത്രങ്ങളിൽ അദ്ദേഹത്തിന്റെ മികച്ച പ്രകടനം കാണാം. ആക്ഷൻ രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പൃഥ്വിരാജിന്റെ ഷാജികൈലാസ് ചിത്രത്തിന് കാത്തിരിക്കുന്നു.

പൃഥ്വിരാജ്

സി. ഇസ്മായിൽ, മലപ്പുറം.
വെങ്ങര. ഫോൺ : 9744706418.

ഭാവന

ഏത്ര ഉന്നതങ്ങളിൽ എത്തിയാലും ആരും ഗുരുത്വം മറക്കരുത്.' 1967ൽ മാടത്തരുവി കൊലക്കേസിലൂടെ സിനിമയിലെത്തി, മൂന്നൂറിലധികം ചിത്രങ്ങൾ പൂർത്തിയാക്കിയ പ്രശസ്ത നടി ഭാവനയുടെ ഈ വാക്കുകൾ യുവതാരങ്ങൾ മുഖവിലയ്ക്കെടുക്കണം. ജീവിത ക്ലേശങ്ങളിൽ മനംനൊന്ത് ആത്മഹത്യയ്ക്കു ശ്രമിച്ച ഇവരെ അഭിനയരംഗത്തെത്താൻ, പ്രോത്സാഹിപ്പിച്ചത് നടി മീനയായിരുന്നു. വാഴ്വേമായത്തിലും പ്രേമലേഖനത്തിലും ചിത്രമേളയിലും കള്ളിച്ചെല്ലമ്മയിലും കാട്ടുകുരങ്ങിലും ചന്ദനച്ചോലയിലും അസുരവിത്തിലും ഭാവന മിന്നിത്തിളങ്ങി. വനിതാ സി.ഐ.ഡി., കുശുമ്പി, വില്ലത്തി എന്നീ വേഷങ്ങളിൽ ഭാവനയെ വെല്ലാൻ മറ്റാരുമില്ലായിരുന്നു. അടുത്ത ഭാസി -ബഹദൂർ ടീമിനൊപ്പം ഭാവനയെ കാണുന്നത് ഹരമായിരുന്നു. സത്യനെയും പ്രേംനസീറിനെയും ഇവർ ആദരിച്ചിരുന്നു. സ്നേഹിച്ചിരുന്നു.

വിജയശ്രീയും ശ്രീലതയും ഉറ്റചങ്ങാതിമാരായിരുന്നു. വിജയശ്രീയുടെ മരണത്തിൽ ഇവരിന്നും ദുഃഖിക്കുന്നു. അക്കാലത്ത് നടികൾക്ക് കൃത്യമായി പ്രതിഫലം നൽകാൻ നിർമ്മാതാക്കൾക്ക് മടിയായിരുന്നുവെന്നും ഭാവന പറയുന്നു. ഒപ്പം അന്ന് താൻ കൈപിടിച്ചുയർത്തിയവർ ഇന്ന് തന്നെ ശ്രദ്ധിക്കുന്നില്ലെന്ന പരിഭവവുമുണ്ട്. എന്നാൽ താര സംഘടനയായ അമ്മയുടെയും മണിയൻപിള്ള രാജു, സുരേഷ് കുമാർ എന്നിവരുടെയും സഹായത്താൽ സന്തുഷ്ടയാണ് ഭാവന പറഞ്ഞു. 90ൽ പുറത്തിറങ്ങിയ തേന്മാവിൻ കൊമ്പത്തിലെ അപ്പൊഴി അമ്മുമയെ ഗംഭീരമാക്കിയ ഭാവന വിശ്രമത്തിലാണ്. കാലമെത്ര കഴിഞ്ഞാലും ഇന്നലെകളിലെ നടിയായ ഭാവനയോടുള്ള ഇഷ്ടം ഏറിയേറിവരും.

വിനോദ് ആന്റണി,
കുത്താട്ടുകുളം. ഫോൺ : 9388807948.

ദുഃഖം

● ലിവിംഗ് ടുഗദർ കണ്ടപ്പോൾ ദുഃഖം തോന്നി. എന്നും ആലപ്പുഴക്കാരനായി നിന്ന ഫാസിലിന് കുട്ടനാടൻ പശ്ചാത്തലത്തിലുള്ള ചിത്രം ചെയ്യാൻ ശ്രമിച്ചുകൂടേ? ഇംഗ്ലീഷ് ടൈറ്റിലുകളും ഉപേക്ഷിക്കണം. മറ്റുള്ള സംവിധായകർക്കുവേണ്ടി കഥകളെഴുതുക. വിജയം സുനിശ്ചയമാണ്.

ഇന്ദർ, കളർകോട്, ആലപ്പുഴ.

നന്നാകുന്നു

● സ്റ്റാർ സിംഗറിൽ മൃദുലയും ശില്പയും കല്പനയും ആതിരയും റെിമിനേക്കാൾ ഗാനത്തെക്കാൾ നന്നായി പാടുന്നു. ഇഡ്ഡലിസിന്റെ ചില കമന്റുകൾ അരോചകമാണ്.

സന്തോഷ് കരിപ്പാപ്പറമ്പിൽ, ഹാസ്യമാല,
പറത്താനം. കോട്ടയം. ഫോൺ : 9446339642.

അമ്മയും മകളും

● നടി അംബികയെപ്പോലെതന്നെ പ്രേക്ഷകർ രണ്ടു കൈയും നീട്ടി സ്വീകരിച്ച നടിയാണ് സഹോദരി രാധ. ഇവർ തമിഴിലും ഒന്നാംനിര

രാധ, കാർത്തിക

നായികയായി. ഇവരുടെ മകൾ കാർത്തിക കോ എന്ന തമിഴ്ചിത്രത്തിലും മലയാളത്തിൽ മകരമഞ്ഞിലും നായികയായി. ചട്ടക്കാരിയിലൂടെ മലയാളത്തിലെത്തിയ ലക്ഷ്മി മലയാള സിനിമയുടെ പ്രിയങ്കരിയായി. ഇവരുടെ മകൾ ഐശ്വര്യയും നായികാപദവി അലങ്കരിച്ചു. പഴയകാലനടി രേവതിയും മകൾ ശോഭയും സിനിമാതാരങ്ങളായി ശോഭിച്ചു. ശോഭ ചെറുപ്രായത്തിൽ ഉർവ്വശി പുരസ്കാരവും നേടി. അമ്മയും മകളും നായികമാരാകുന്നത് അപൂർവ്വമാണ്.

ശ്രീധരൻ, അവണൂർ.

ലെ വെള്ളത്താമര മൊട്ടുകൾ

ഴക്കടവിലൂടെ വന്ന കാറ്റിനോട് അവളുടെ പുമെയ് കണ്ടിട്ടുണ്ടോ എന്നു ചോദിക്കുന്ന കാമുകനും (സ്വർഗ്ഗത്തെക്കാൾ സുന്ദരമാണി : ദത്തുപുത്രൻ, 1970), കാർത്തികനാളിൽ കുളിച്ചൊരുങ്ങിവരുന്ന മുറപ്പെണ്ണിന്റെ തുടുത്തമാറിൽ തുളസിമാല ചാർത്തുന്ന നായകനും (ആമ്പൽപ്പൂവേ: കാവാലം ചുണ്ടൻ 1967), എത്താത്തോർത്ത് മുലക്കച്ചയാക്കി മംഗലം കടവിൽ മുങ്ങിക്കുളിക്കുന്ന നായികയും (മുത്തുമണിപ്പുലരുവെള്ള: ആരോമലുണ്ണി 1972), യേശുദാസിന്റെ സ്വരമാധുരിയിലൂടെ മലയാളക്കരയെ കുളിപ്പിച്ച വയലാർ ഗാനങ്ങളാണ്. സത്യനും അംബികയും തോരിമാരും രംഗത്തു നിറയുന്ന കടത്തുകാരനിലെ (1965) മനോഹരമായ ഒരു കുളിപ്പാട്ടിൽ (മുത്തോലക്കുടയുമായ് മുന്നാഴി: പി. ലീല) പെണ്ണുങ്ങൾ കുളിക്കുന്ന കടവിൽ വന്നെന്നിന് കണ്ണു കൊണ്ടീയൊരു തിരനോട്ടം എന്ന് തുറന്നു ചോദിക്കുവാനും കവി മടിച്ചില്ല. നാല്പാമരപ്പൂ ബോലകളിൽ നാലാം കുളി കഴിഞ്ഞുവരുന്ന സീതപ്പക്ഷിയെ വെള്ളപ്പിന് കണികാണുന്ന ഗ്രാമസുന്ദരിമാർക്ക് നിത്യമംഗല്യം എന്നു പാടാനും (സീതപ്പക്ഷി: ഒരു സുന്ദരിയുടെ കഥ), കുളിച്ചുതൊഴുവാനമ്പലമുള്ളൊരു കുഗ്രാമത്തെക്കുറിച്ച് പാടാനും (കുഹു കുഹു കുയിലുകൾ പാടും: ഗന്ധർവ്വക്ഷേത്രം), മനക്കലെ തത്തയോട് പൊന്നാറ്റിൽ പാടിത്തുടിച്ചു കുളിപ്പോ എന്നു ചോദിക്കാനും (മനയ്ക്കലെ തത്തേ : രാസലീല), വസന്തവും ശിശിരവും കുളിക്കാനിറങ്ങുന്ന വനസരോവരം എന്ന് പ്രകൃതിവർണ്ണന നടത്താനും (നീലഗിരിയുടെ സഖികളേ: പണി തീരാത്ത വീട്), മുങ്ങിക്കുളിച്ചു കോണകക്കല്പപ്പൂവിന് പുതിയൊരു നാണം എന്നു പാടാനും (കിലുകിലും കിലുകിലും : നീലപൊന്മാൻ), നാലാം കുളി കഴിഞ്ഞെത്തുന്ന പെണ്ണിന് നേരം വെളുക്കുമ്പോൾ വേളി (ഒന്നാം മാനം പുമാനം : ഏണിപ്പടികൾ) എന്നു വർണ്ണിക്കാനും വയലാറിന്റെ കവി ഹൃദയം സ്നാനഘട്ടത്തിന്റെ പടവുകളിൽ വിശ്രമം കൊള്ളുകയായിരുന്നു. കുളിക്കാൻ ഏറെ ഇഷ്ടമുള്ള മലയാളിയുടെ ഗൃഹാതുരസ്മരണകൾ പാട്ടായി മാറുമ്പോൾ വയലാറിന്റെ ഈ കുളിപ്പാട്ടുകൾ ഉരുവിടാതിരിക്കാൻ നമുക്കാകുമോ?

ലതേഷ് അഗസ്ത്യക്കോട്, അഞ്ചൽ.
ഫോൺ: 9946896295.

www.Mallutribes.com

www.Mallutribes.com

ഷാർവി സംവിധാനം ചെയ്യുന്ന അധികാരം ഓണത്തിന് പ്രദർശനത്തിനെത്തും

അധികാരം

കോഴിക്കോട് നഗരത്തെ തകർത്തു തരിപ്പണമാക്കാൻ ഇറങ്ങിത്തിരിച്ച രുപറ്റം ദേശദ്രോഹികൾ. വിവരം പൊലീസ് ഡിപ്പാർട്ട്മെന്റിൽ ചർച്ചയായി.

എന്തു വിലകൊടുത്തും അതിനെ നേരിടാൻ സർക്കാർ തീരുമാനിച്ചു. പൊലീസിൽനിന്ന് വിരമിച്ച പൊലീസ് ഉദ്യോഗസ്ഥരെ വിളിച്ച് ഒരു തീവ്രവാദ വിരുദ്ധ സ്കാഡ് രൂപീകരിച്ചു. ആറു തീവ്രവാദികൾ നഗരത്തിലെത്തിയതായിസന്ദേശം ലഭിച്ചയുടൻ തീവ്രവാദ വിരുദ്ധസേനയെ സഹായിക്കാൻ നാട്ടുകാരും മുന്നോട്ടു വന്നു.നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ ജോലി ചെയ്യുന്ന അഞ്ചുപേർ ചേർന്നായിരുന്നു പൊലീസിനെ സഹായിക്കാനെത്തിയത്. അതിൽ വിദ്യാർത്ഥിയുണ്ട്. ഓട്ടോഡ്രൈവറുണ്ട്, കൂലിപ്പണിക്കാരുണ്ട്.

ആറു പൊലീസ് ഓഫീസർമാരും അഞ്ചു ചെറുപ്പക്കാരും ചേർന്ന് തീവ്രവാദിസംഘത്തെ നേരിടാൻ തയ്യാറെടുത്തു.

ടിംവർക്ക് സിനിമാസിന്റെ ബാനറിൽ ഷാർവി സംവിധാനം ചെയ്യുന്ന അധികാരം എന്ന ചിത്രത്തിൽ സണ്ണിത്തിരാജ് കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നു. ജ്യോനിത ഡോഡ, ദേവയാനി ശർമ്മ എന്നിവരാണ് നായികമാർ.

ഇർഫാൻഖാൻ, മാനവ്, വിജയ് ആദിത്യ, എദിൻ ശർമ്മ, വിപിൻ, മാഹിർ ഷാൻ, സാം ജീവൻ, മധു ഒടുവിൽ, ഇസ്മായിൽ ഷാ, നോഫ് പുള്ളി, സക്കീർ അഞ്ചലക്കൽ, ശ്രീധരൻ നമ്പൂതിരി, റയ്ൻ, സാബു ഘോഷ്, ശരവണൻ, ദിലീൻ രാജ്, സന്താർ, കൃഷ്ണ രാസ്, ബാപ്പുട്ടിക്ക, സ്റ്റാർ അമൻ തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ. തിരക്കഥ: സന്തീഷ് മുതുകുളം. ഹരി ഹരിപ്പാടാണ് സംഭാഷണമെഴുതുന്നത്. കിഷോർ.കെ. ശങ്കർ ഛായാഗ്രഹണം നിർവ്വഹിക്കുന്നു.

ഗാനരചന: സുധാംശു. സംഗീതം: രജനീഷ്. കലാബാലകൃഷ്ണൻ കൈതപ്പുറം, വസ്ത്രാലങ്കാരം - നാഗരാജ്, സ്റ്റിൽസ്- ശിരിശങ്കർ, എഡിറ്റർ- ശ്രീകുമാർ, സംഘട്ടനം- ശില്പിശേഖർ, അസോസിയേറ്റ് ഡയറക്ടർ- വേലായുധൻ ചേലക്കര, സംവിധാന സഹായികൾ- വിനോദ് കാഞ്ഞങ്ങാട്, സൂര്യാ ബാലൻ, ഡികാൾ, റജിപോൾ, പ്രൊഡക്ഷൻ മാനേജർ- സുധീഷ് കുമാർ, വിപിൻ കാരന്തൂർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് രഞ്ജു അടൂർ, പ്രൊഡക്ഷൻ കൺട്രോളർ- ഷിബു പന്തലക്കോട്.ഓണത്തിന് അധികാരം തിയേറ്ററിലെത്തും.

– എ.എസ്. ദിനേശ്

ഫോട്ടോ: ശ്രീശങ്കർ

www.Mallutribes.com

ദ റിപ്പോർട്ടറിൽ കൈലാഷും അനന്യയും

കൈലാഷും അനന്യയും വീണ്ടും ജോടികളാകുന്ന ചിത്രം എസ്. സുരേഷ് ബാബുവിന്റെ രചനയിൽ വേണുഗോപൻ സംവിധാനം ചെയ്യുന്നു. ദ റിപ്പോർട്ടർ എന്നാണ് ചിത്രത്തിന്റെ പേര്.

സരയൂ മൂവീസിന്റെ ബാനറിൽ കെ.ആർ. ബാബുരാജ് , രാജു പനയമുളം എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിൽ സമുദ്രക്കനി, നാടോടികൾ ഫെയിം അഭിനയ, ഇഗതി, സുരാജ് വെഞ്ഞാറമൂട്, സലിംകുമാർ, ദേവൻ, കലിംഗ ശശി, സാദിഖ്, കെ.പി.എ.സി. ലളിത തുടങ്ങിയവരും വേഷമിടുന്നു. അഴകപ്പനാണ് ഛായാഗ്രാഹകൻ. സെപ്തംബർ 15 മുതൽ ഗുരുവായൂരും പട്ടാമ്പിയിലും ഷൊർണ്ണൂരിലുമായി ദ റിപ്പോർട്ടറുടെ ചിത്രീകരണം തുടങ്ങും.

വിവേക് മലയാളത്തിൽ

തമിഴ് ഹാസ്യതാരം വിവേക് ആദ്യമായി മലയാളത്തിൽ അഭിനയിക്കുന്ന ചിത്രമാണ് ഒരു നുണക്കഥ. ബെൻ ആർട്സിന്റെ ബാനറിൽ നവാഗതനായ ജോൺസൺ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ പുതുമുഖം പീയൂഷ്, റിയാസ്ഖാൻ, ഇഗതി ശ്രീകുമാർ, ദേവൻ, സുരാജ് വെഞ്ഞാറമൂട്, അശ്വതി, വൈഭവി, രേഖാ നിർമ്മൽ, രശ്മി ബോബൻ തുടങ്ങിയവർ അഭിനയിക്കുന്നു.

സാന്ദ്രയ്ക്ക് അഭിനയിക്കണം

സാന്ദ്ര ബിനുവിന് അഭിനയിക്കാനും മോഡലിംഗിനും താല്പര്യമുണ്ട്. മൊബൈൽ: 9847140161, 9847213172

വാടാമല്ലിയിൽ അപർണ്ണ എസ്. പിള്ള

വാടാമല്ലി എന്ന പുതിയ മലയാള ചിത്രത്തിലൂടെ ചലച്ചിത്രരംഗത്തേക്ക് കടന്നുവരികയാണ് അപർണ്ണ എസ്. പിള്ള. വാടാമല്ലിയിൽ നായികയുടെ കൂട്ടുകാരിയുടെ വേഷത്തിലാണ് മറുനാടൻ മലയാളിയായ അപർണ്ണ അഭിനയിക്കുന്നത്. ഡേവിഡ് കാച്ചപ്പള്ളിയുടെയും ലെനിൻ രാജേന്ദ്രന്റെയും പുതിയ സിനിമയിൽ അപർണ്ണ അഭിനയിക്കുന്നുണ്ട്.

ലുക്ക്മാൻസ് മോഡലിംഗ് കമ്പനിയുടെ മോഡലായ അപർണ്ണ എസ്. പിള്ള ലാക്മാൻസിലൂടെയാണ് സിനിമയിലെത്തിയത്. കുവൈറ്റിൽ വെസ്റ്റേൺ ബാങ്കിൽ ഉദ്യോഗസ്ഥനായ ശശിധരൻപിള്ളയുടെയും ഇന്ത്യൻ പബ്ലിക് സ്കൂളിൽ അദ്ധ്യാപികയായ സരള എസ്. പിള്ളയുടെയും രണ്ടാമത്തെ പുത്രിയാണ് അപർണ്ണ എസ്. പിള്ള. പ്ലസ് ടു വിദ്യാർത്ഥിനിയായ അപർണ്ണ രണ്ടുവട്ടം കലാതിലകം കരസ്ഥമാക്കിയിരുന്നു. ഫോൺ : 9744345728.

ആർട്ടിസ്റ്റ് രാധാകൃഷ്ണന്റെ നേതൃത്വത്തിൽ കൊല്ലം കുണ്ടറ കലാക്ഷേത്ര അക്കാഡമിയിൽ നടന്ന ചിത്ര രചന ക്യാമ്പ്. ലളിതകലാ അക്കാദമിയും കലാക്ഷേത്ര അക്കാദമിയും ചേർന്ന് നടത്തിയ ഈ ക്യാമ്പിൽ 68 കുട്ടികൾ പങ്കെടുത്തു. അനുപത്തി എട്ട് കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നല്കി

തിരുത്ത്

ചെന്നൈയിൽ കാർ അപകടത്തിൽ മരണമടഞ്ഞ സംവിധായകൻ ജോഷിയുടെ മകൾ ഐശ്വര്യയുടെ മുഖത്ത് പരിക്കേറ്റതായി വെള്ളിനക്ഷത്രത്തിൽ വന്ന പരാമർശം ശരിയല്ലെന്ന് നിർമ്മാതാവ് ലിബർട്ടി ബഷീർ അറിയിച്ചു. "കണ്ണിനു താഴെ ഒരു പോറൽ മാത്രമാണുണ്ടായിരുന്നത്". ബഷീർ ദൃക്സാക്ഷികളെ ഉദ്ധരിച്ച് പറഞ്ഞു. ഇതിനു വിരുദ്ധമായ ഒരു പരാമർശം റിപ്പോർട്ടിൽ കടന്നു കൂടിയതിൽ ഖേദിക്കുന്നു.

-എഡിറ്റർ

പാൽക്കുളങ്ങര ദേവീക്ഷേത്രത്തെക്കുറിച്ച് എഴുതിയ ഫങ്ഗുന നിർമ്മിച്ച ഭക്തി ഗീതങ്ങളുടെ ഓഡിയോ സിഡിയുടെ പ്രകാശനം വയലാർ മാധവൻകുട്ടി ഇന്നിറങ്ങിയതു നല്കി നിർവ്വഹിച്ചു

WWW.MALLUTRIBES.COM

www.Mallutribes.com

വി.കെ. പ്രകാശ് ചിത്രം ബ്യൂട്ടിഫുൾ ജയസൂര്യയും അനൂപ്മേനോനും നായകന്മാർ

ജയസൂര്യയെയും അനൂപ് മേനോനെയും നായകന്മാരാക്കി വി.കെ. പ്രകാശ് സംവിധാനം ചെയ്യുന്ന ചിത്രത്തിന് ബ്യൂട്ടിഫുൾ എന്നു പേരിട്ടു. ശ്യാമവലംബിയായ സ്റ്റീഫൻ ലൂയിസ് എന്ന കഥാപാത്രത്തെയാണ് ഈ ചിത്രത്തിൽ ജയസൂര്യ അവതരിപ്പിക്കുന്നത്. തിരിഞ്ഞൊന്നു കിടക്കാൻപോലും വയ്യെങ്കിലും ഒരു നഗരത്തെത്തന്നെ തിരിച്ചെടുത്ത് വയ്ക്കുന്നത്ര കുഴപ്പക്കാരൻ. ഈ മുഴുനീള റൊമാന്റിക് കോമഡിചിത്രത്തിൽ പള്ളിപ്പാട്ടുകാരനായ ജോൺ എന്ന കഥാപാത്രത്തെ അനൂപ് മേനോൻ അവതരിപ്പിക്കുന്നു. പത്മപ്രിയയാണ് നായിക. ആഗസ്റ്റ് 17ന് ബ്യൂട്ടിഫുളിന്റെ പൂജ എറണാകുളത്ത് നടക്കും. ആഗസ്റ്റ് 20ന് ചിത്രീകരണം തുടങ്ങും.

അനൂപ് മേനോൻ

ജയസൂര്യ

ചിരി മധുരം- ഹാസ്യ മാസികയുടെ ചിരിവർഷം. വാർഷിക പരമതി അംഗത്വം മുകേഷ് സുരാജ് വെഞ്ഞാറമൂടിന് നൽകുന്നു. ചെമ്പഴന്തി ഡി.ദേവരാജൻ സമീപം

ഈ പുഴ സാക്ഷിയിൽ കലാഭവൻ മണി

കലാഭവൻ മണി

ദേവികൃപാ ക്രിയേഷൻസിന്റെ ബാനറിൽ കലാഭവൻ മണിയെ നായകനാക്കി നവാഗതനായ ദിലീപ്രാജ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ഈ പുഴ സാക്ഷി.

എം.എസ്. ഗോപിനാഥ് തിരക്കഥ, സംഭാഷണമെഴുതുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പി. സുകുമാർ നിർവ്വഹിക്കുന്നു. സെപ്തംബർ രണ്ടാംവാരം കുട്ടനാട്ടിൽ ആരംഭിക്കും.

ആൾ കേരള പ്രൊഡ്യൂസ് ഫാൻസ് & വെൽഫെയർ അസോസിയേഷൻ വെള്ളായണി യൂണിറ്റും കേരള ഐ ക്ലിനിക്കും സംയുക്തമായി സൗജന്യ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

ബാലരാമപുരം ഉണ്ണി തിയേറ്റർ പ്രവർത്തനസജ്ജമായി

ഷോട്ട് സർക്യൂട്ട് മൂലം തീപിടിച്ച് നാലുമാസമായി അടച്ചിട്ടിരുന്ന ബാലരാമപുരം ഉണ്ണി തിയേറ്റർ പ്രവർത്തനസജ്ജമായി. ഡി.ടി.എസ്. സിസ്റ്റം, പുതിയ സ്ക്രീൻ, സീറ്റുകൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. മോഹൻലാലിന്റെ പൈനാടനാണ് പ്രദർശിപ്പിച്ചുവരുന്നത്.

മൂവി ചാനൽ നാദിർഷാ ഉദ്ഘാടനം ചെയ്തു

മലയാള ചലച്ചിത്ര വീഡിയോ രംഗത്ത് പുതുതായി പ്രവർത്തനമാരംഭിക്കുന്ന മൂവി ചാനലിന്റെ കൊച്ചിയിലെ ഓഫീസ് നാദിർഷ ഉദ്ഘാടനം ചെയ്തു. പഴയതും പുതിയതുമായ ചലച്ചിത്രങ്ങളുടെ വീഡിയോ സിഡി വിപണിയിലെത്തിക്കുന്ന മൂവി ചാനലിന്റെ സാരഥി എം.ഡി. സജിതനാണ്. വിലാസം: മൂവി ചാനൽ, 40/8384, രണ്ടാം നില, അമ്പിളി ബിൽഡിംഗ്സ്, എം.ജി. റോഡ്, എറണാകുളം, കൊച്ചി - 35. ഫോൺ: 0484 - 4051040.

ലൈസൻസ് വേണ്ട
AIR - PISTOL / RIFILE
• For Caliber 0.177BBs
• 18 Shot Magazine
• BBs Re-usable

എല്ലാവിധ തോക്കുകളും വാങ്ങുവാനും വിൽക്കുവാനും റിപ്പയറിംഗിനും
COCHIN ARMOURY
Shenoy's Jn. Near Opto Lab
Narakathara Road, Ernakulam
Ph : 0484- 2371598, 2353589

www.Mallutribes.com

www.Mallutribes.com

Fortune

ഇനിയെന്നും മധുവിധുകാലം...

100%

പ്രായാധിക്യമെന്നു നിരവധി കാരണങ്ങളാൽ ദാമ്പത്യത്തിന്റെ അനുഭൂതികളെ കൈവിട്ടുപോയ ദമ്പതിമാർക്ക് പുത്തനുണർവ്വും അനുഭൂതിയും പകർന്ന് നൽകുന്ന ശുദ്ധ ആയുർവ്വേദ ഔഷധമാണ്

പ്രൈംഫിറ്റ് ക്യാപ്സൂൾസ്

ആനന്ദപൂർണ്ണമായ ദാമ്പത്യത്തിനും, യൗവ്വനപ്രതിരൂപം, വാർദ്ധക്യ ജന്യമായ ക്ഷീണം അകറ്റുന്നതിനും ഉത്തേജനത്തിനും, മുഖ്യ ഔഷധങ്ങളായ , അമുക്കുരം, കുറുന്തോട്ടി, ആനക്കുറുന്തോട്ടി, നായ്ക്കുരണപരിപ്പ്, ഞരിഞ്ഞിൽ, ശതാവരി, വയൽപ്പുള്ളി തുടങ്ങിയവ ചേർത്ത് ആയുർവ്വേദ വിധി പ്രകാരം ഉന്നതഗുണ നിലവാരത്തിന് മാറ്റമൊന്നും സംഭവിക്കാതെ നൂതന പ്രത്യേക ആയുർവ്വേദ മരുന്ന് നിർമ്മാണരീതിയിൽ തയ്യാറാക്കപ്പെടുന്നതാണ് പ്രൈംഫിറ്റ് ക്യാപ്സൂൾസ്.

PRIME FIT
Energising Capsules
for men & women

Customer Care: 9037376682

Marketed by: Fortune Herbals, 1/241 Z 8, A.V.S Square, Kottakkal, Kerala, India: 676 503
Phone: +91 483 2741333, 9809872343, 9656962302 email: fortuneherbals@yahoo.com

Manufactured by
Fort Herbal Drugs
Palakkad, Kerala

സുന്ദരിയാകാൻ

അന്നാടോൺ

സ്ത്രീയെ സുന്ദരിയാക്കാൻ
അന്നാടോൺ പതിവായി കഴിക്കുക.

പ്രധാന മെഡിക്കൽ ഷോപ്പുകളിൽ ലഭിക്കുന്നു

അന്നാടോൺ കുടുംബത്തിൽ നിന്നും

ഏറ്റവും നല്ലസോപ്പ്

TALCON

DAL

Bath Soap

ഫോൺ
99464 01003

ചൂടിൽനിന്നും പൊടിയിൽനിന്നും പൂർണ്ണ സംരക്ഷണം

www.Mallutribes.com

www.Malayalamvideos.com

മലയാളികൾ എക്കാലവും മനസ്സിൽ ഓർമ്മയായി സൂക്ഷിക്കുന്ന ചട്ടക്കാരി പുനർജനിക്കുന്നു

മലയാളികൾ എക്കാലവും മനസിൽ ഗൃഹാതുരത്വം തുളുമ്പുന്ന ഓർമ്മയായി സൂക്ഷിക്കുന്ന ചട്ടക്കാരി പുനർജ്ജനിക്കുന്നു

പഴയകാല ഹിറ്റുകൾ വീണ്ടും വരുന്നത് ഇന്ത്യൻ സിനിമയിൽത്തന്നെ ട്രെന്റായതോടെയാണ് മലയാളത്തിലും ഈ പ്രവണത ഉണ്ടായത്.

നീലത്താമരയും രതിനിർവ്വേദവും വീണ്ടും നിർമ്മിച്ച് മലയാള സിനിമയിൽ നല്ല സിനിമകളുടെ വസന്തകാലം സൃഷ്ടിച്ച ജി. സുരേഷ് കുമാർ നായർ തന്നെയാണ് ചട്ടക്കാരിയേയും പുതിയ വേഷത്തിൽ മലയാള പ്രേക്ഷകർക്കായി പുനഃസൃഷ്ടിക്കുന്നത്. പ്രേക്ഷകർക്ക് മധുരിക്കുന്ന ഓർമ്മകൾ നൽകിയ ചട്ടക്കാരി തെന്നിന്ത്യൻ സിനിമയിലെ കാരണവർ സ്ഥാനത്തുള്ള സേതുമാധവനാണ് സംവിധാനം ചെയ്തത്.

ചട്ടക്കാരിയെ വീണ്ടും ഒരുക്കുമ്പോൾ സംവിധാനം ചെയ്യുന്നത് സേതുമാധവന്റെ ഇളയ മകൻ സന്തോഷ് ആണ്. ഇതും ഇന്ത്യൻ സിനിമയിലെ അപൂർവ്വതകളിൽ ഒന്നാണ്.

എം. ഒ. ജോസഫ് നിർമ്മിച്ച് മഞ്ഞിലാസ് റിലീസ് ചെയ്ത ചട്ടക്കാരിയുടെ കഥ പ്രശസ്ത കഥാകൃത്ത് പദ്മരാജനാണ്. തോപ്പിൽ ഭാസി തിരക്കഥ രചിച്ചിരിക്കുന്നു. ആഗ്ലോ ഇന്ത്യൻ പശ്ചാത്തലത്തിലുള്ള കഥ വെള്ളിത്തിരയിലെത്തുന്ന അപൂർവ്വമായ അനുഭവമാണ് ചട്ടക്കാരി പ്രേക്ഷകർക്ക് പകർന്ന് നൽകിയത്.

മിനിസ്കർട്ടും സ്ലീവ്ലെസ് ബ്ലൗസും ധരിച്ച ആഗ്ലോ ഇന്ത്യൻ സുന്ദരി ജൂലിയായി ലക്ഷ്മി ചട്ടക്കാരിയിലെത്തിയപ്പോൾ അത് പ്രേക്ഷകന്റെ മനസ്സിൽ എക്കാലവും കുളിരുള്ള ഓർമ്മയായി മാറി. ചട്ടക്കാരിയിലെ ജൂലിയുടെ ഇമേജ് ഇപ്പോഴും ലക്ഷ്മിയെ പിൻതുടരുന്നു.

മലയാള സിനിമയിൽ മുപ്പതു വർഷമായി ചലച്ചിത്ര നിർമ്മാണ രംഗത്തുള്ള സുരേഷ്കുമാർ നായർ ഇത്തരം മികച്ച ചിത്രങ്ങൾ പുനഃസൃഷ്ടിക്കുന്നതിലൂടെ ചലച്ചിത്ര പ്രേമികൾക്ക് ഒരു ദൃശ്യവിരുന്നു തന്നെ ഒരുക്കുകയാണ്.

ആറാം തമ്പുരാൻ, ഓടരുതമ്മാവാ ആളറിയാം തുടങ്ങി മലയാളത്തിൽ മുപ്പതിലേറെ ചിത്രങ്ങൾ നിർമ്മിച്ചിട്ടുള്ളയാളാണ് സുരേ

ലക്ഷ്മി

വെള്ളിനക്ഷത്രം

www.Malayalamvideos.com

www.Mallutribes.com

പത്മൻ

സന്തോഷ്‌സേതുമാധവൻ



സുരേഷ്കുമാർ

ചട്ടക്കാരി വീണ്ടും

ഷ്കുമാർ.

പുതിയ ചിത്രങ്ങൾ നിർമ്മിക്കുന്നതിൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ തന്നെയാണ് പോയ കാലത്തെ ഇത്തരം മികച്ച സൃഷ്ടികൾ പുനഃസൃഷ്ടിക്കുവാൻ തന്നെ പ്രേരിപ്പിച്ച തെന്ന് സുരേഷ്കുമാർ പറഞ്ഞു.

എന്നാൽ ഇത്തരം ചിത്രങ്ങൾ കണ്ടെത്തുന്നതിലും അതിന് പറ്റുന്ന സംവിധായകരെ കണ്ടെത്തുന്നതിലും വളരെ സൂക്ഷ്മതയും പരിചയവും വേണമെന്ന് സുരേഷ്കുമാർ പറഞ്ഞു.

അങ്ങനെ തെരഞ്ഞെടുത്തതിന്റെ ഫലമാണ് ലാൽജോസും ടി.കെ.രാജീവ്കുമാറും സംവിധാനം ചെയ്ത നീലത്താമരയുടേയും രതിനിർവ്വേദത്തിന്റെയും വിജയരഹസ്യം മെന്ന്.

സാധാരണ കഥയും പ്രൊജക്ടും സംവിധായകർ നിർമ്മാതാവിനോട് പറയുന്നതാണ് സിനിമയിലെ രീതി. എന്നാലിവിടെ കഥയും പ്രൊജക്ടും കണ്ടെത്തി അതു ചെയ്യാൻ പ്രപ്തനായതാര് എന്ന് നിർദ്ദേശിക്കയും ചെയ്യുന്നത് നിർമ്മാതാവ് തന്നെയാണ്. സുരേഷ്കുമാർ പറഞ്ഞു.

2006 ൽ ജൂലി എന്ന പേരിൽ ചട്ടക്കാരി കന്നടത്തിലും 1975 ൽ മിസ്സ് പ്രേമകഥ എന്ന പേരിൽ തെലുങ്കിലും ഇറങ്ങിയിരുന്നു.

ഇതിൽ തെലുങ്കുപതിപ്പിൽ ജൂലിയായി ലക്ഷ്മി തന്നെയാണ് അഭിനയിച്ചത്.

കൊല്ലം തങ്കശ്ശേരിയിലും കണ്ണൂരിലെ തലശ്ശേരിയിലുമൊക്കെ അവശേഷിച്ച ആഗ്ലോ ഇന്ത്യൻ കുടുംബങ്ങളിലെ കഥ പത്മൻ സ്വതസിദ്ധമായ ശൈലിയിൽ എഴുതിവന്നത് ചലച്ചിത്രമായി രൂപം കൊണ്ടപ്പോൾ ജീവസുറ്റതായി.

ചട്ടക്കാരിയിലെ മുറി ഇംഗ്ലീഷും മലയാളവും ചേർന്ന സംഭാഷണശൈലികളും പ്രണയവും മദ്യപാനവുമൊക്കെ മലയാള പ്രേക്ഷകന് അത്ഭുതമായിരുന്നു.

ജൂലി ജൂലി നിന്റെ ഗിറ്റാറിൻ മാറിൽ എത്രകമ്പി..... എന്ന ഗാനം എക്കാലത്തെയും ഹിറ്റുകളിലൊന്നാണ്.

അടൂർഭാസി, സോമൻ, സുകുമാരി എന്നിവരും ചിത്രത്തിലെ പ്രത്യേകയാർന്ന അഭിനയത്തിലൂടെ ശ്രദ്ധേയമായി.

ചിത്രത്തിലെ നായകവേഷത്തിലെത്തിയ മോഹൻ പിൽക്കാലത്ത് ലക്ഷ്മിയുടെ ജീവിത പങ്കാളിയുമായി മാറിയെന്ന പ്രത്യേകതയും ചട്ടക്കാരിയുടെ ചരിത്രം രേഖപ്പെടുത്തുന്നു.

മോഹൻ - ലക്ഷ്മി കൂട്ടുകെട്ട് പിന്നീട് നിരവധി ചിത്രങ്ങളിൽ ഒന്നിക്കുകയും ചെയ്തു.

1974 ൽ നിർമ്മിച്ച ചിത്രത്തിലെ കഥാപാത്രങ്ങളിൽ പലരും വിസ്മൃതിയിലായി. മോഹനും ലക്ഷ്മിയും അഭിനയ ജീവിതത്തിന്റെ നാഴികക്കല്ലുകൾ താണ്ടി.

മോഹൻ സംവിധായകനായി വീണ്ടും മലയാളത്തിൽ ചട്ടക്കാരി വരുമ്പോൾ അതൊരു അത്ഭുതമാവും.

www.Mallutribes.com

– യേശുദാസ് വില്യംസ്

www.Malluvibes.com

HITCHART

എതിരില്ലാതെ സോൾട്ട് ആന്റ് പെപ്പർ

ആഷിക്ക് ബാബു സംവിധാനം ചെയ്ത സോൾട്ട് ആന്റ് പെപ്പർ കേരള മൊട്ടുക്കും വിജയതരംഗം സൃഷ്ടിച്ച് മുന്നേറുന്നു. 28 ദിവസംകൊണ്ട് 3 കോടി 90 ലക്ഷം രൂപ ചിത്രത്തിന് ഗ്രോസ് കളക്ഷൻ വന്നു കഴിഞ്ഞു. ലാൽ, ബാബു രാജ്, ആസിഫ് അലി, വിജയരാഘവൻ, ശ്വേതാ മേനോൻ, മൈഥിലി എന്നിവർ അഭിനയിച്ച ഈ ചിത്രം യുവാക്കളെയും കുടുംബ പ്രേക്ഷകരെയും ഒരുപോലെ ആകർഷിക്കുന്നു. തിരുവനന്തപുരത്തിന്റെ വശ്യമനോഹാരിതയും ചിത്രത്തിന്റെ വിജയ ഘടകങ്ങളിലൊന്നാണ്. തിരുവനന്തപുരത്ത് ശ്രീവിശാഖിൽ എല്ലാ ഷോയും ഹൗസ്ഫുൾ തുടരുന്നു.

ഓർമ്മ മാത്രം ഹൃദ്യം

മധു കൈതപ്രം സംവിധാനം ചെയ്ത ദിലീപിന്റെ ഓർമ്മ മാത്രം പ്രധാന കേന്ദ്രങ്ങളിൽ ആവറേജ് കളക്ഷനിൽ രണ്ടാംവാരത്തിലേക്ക് കടക്കുന്നു. ദിലീപിന്റെ മികച്ച

3 കോടി 90 ലക്ഷം ഗ്രോസ്

അഭിനയമാണ് ചിത്രത്തിന്റെ ഹൈലൈറ്റ്. ഏകമകനെ നഷ്ടമാകുന്ന മാതാപിതാക്കളുടെ ധർമ്മസങ്കടമാണ് ചിത്രം ചർച്ചചെയ്യുന്നത്.

നിന്നിഷ്ടം എന്നിഷ്ടം

രസകരം

ആലപ്പി അഷറഫ്

	ചിത്രം/സെന്റർ	ദിവസം	കഴിഞ്ഞ ആഴ്ച	മൊത്തം ഗ്രോസ്
1	സോൾട്ട് ആന്റ് പെപ്പർ [illegible]	28	6,12,740.00	24,60,820.00
2	[illegible]	7	4,10,075.00	4,10,075.00
3	4 ഫ്രീൻഡ്സ് [illegible]	7	2,35,050.00	9,71,365.00
4	നിന്നിഷ്ടം എന്നിഷ്ടം 2 [illegible]	7	2,15,350.00	2,15,350.00
5	നിന്നിഷ്ടം [illegible]	91	95,150.00	66,43,913.00
6	[illegible]	21	90,880.00	8,36,065.00
7	[illegible]	32	88,965.00	21,53,525.00

വെള്ളിനക്ഷത്രം 1154

സംവിധാനം ചെയ്ത നിന്നിഷ്ടം എന്നിഷ്ടം നർമ്മരസപ്രധാനമാണ്. ചാർളി ചാപ്ലിന്റെ വിഖ്യാതമായ സിറ്റി ലൈറ്റ്സിൽ നിന്ന് കടംകൊണ്ട നിന്നിഷ്ടം എന്നിഷ്ടം -2 മോഹൻലാലും പ്രിയയും അഭിനയിച്ച നിന്നിഷ്ടം എന്നിഷ്ടം എന്ന ഹിറ്റ് ചി

www.malluvibes.com

www.Mallutribes.com

ത്രത്തിന്റെ തുടർച്ചയാണ്.

ദൈവത്തിരുമകൾക്ക് മികച്ച അഭിപ്രായം

വിക്രമിനെ നായകനാക്കി വിജയ് സംവിധാനം ചെയ്ത ദൈവത്തിരുമകൾക്ക് മികച്ച അഭിപ്രായമുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച നായക ജീവിക്കുകയാണ് വിക്രം. അനുഷ്കയും അമലാപോളും ബാലതാരം സാറയും ഗംഭീരമായി. കൃഷ്ണകുമാറാണ് കൈയടി നേടുന്ന മറ്റൊരു താരം.

തമിഴിലെ മൂന്നു പ്രമുഖ ചാനലുകളിലും ഹിറ്റ്ചാർട്ടിൽ ഒന്നാംസ്ഥാനത്താണ് ചിത്രം. ഏറെക്കാലത്തിനു ശേഷമാണ് എല്ലാ ചാനലുകളിലും ഒരു ചിത്രത്തിന് ഒന്നാംസ്ഥാനം ലഭിക്കുന്നത്.

മനുഷ്യമൃഗം ഹിറ്റ്

ബാബുരാജ് രചനയും സംവിധാനവും നിർവ്വഹിച്ച മനുഷ്യമൃഗം യുവാക്കളെ ആകർഷിക്കുന്നു. പകയും പ്രതികാരവും സെക്സും നിറഞ്ഞ കഥയും അവതരണശൈലിയും ലോക്കൽസ് പ്രേക്ഷകർക്ക് ഇഷ്ടമാകുന്നു. ചിത്രം ഹിറ്റാകുമെന്നാണ് സൂചന. മൂന്നാഴ്ച കഴിഞ്ഞ ചാപ്പാകുരിശ് തിരുവനന്തപുരത്ത് നൂൺഷോ തുടരുന്നു.

ദ ഫിലിംസ്റ്റാർ

സഞ്ജീവ് രാജ് സംവിധാനം ചെയ്ത് കലാഭവൻ മണിയും ദിലീപും അഭിനയിച്ച ദ ഫിലിം സ്റ്റാർ ആറാവേല്ല് കളക്ഷനിൽ പ്രദർശനം തുടരുന്നു. എസ്. സുരേഷ്ബാബുവിന്റേതാണ് രചന.

ഒരു നുണക്കഥ വരുന്നു

ജഗതിയും തമിഴ്നടൻ വിവേകും സുരാജ് വെഞ്ഞാറമൂടും അഭിനയിച്ച ഒരു നുണക്കഥ പ്രദർശനസജ്ജമായി. നവാഗതനായ ജോൺസണാണ് സംവിധായകൻ.

സീനിയേഴ്സ് സെഞ്ചറിയിൽപു

വൈശാഖ് സംവിധാനം ചെയ്ത സീനിയേഴ്സ് നൂറാം ദിവസത്തിലേക്ക് കടക്കുന്നു. വ്യാഴാഴ്ച തിരുവനന്തപുരം അജന്ത തിയേറ്ററിൽ ചാക്കോച്ചന്റെ ആരാധകർ സീനിയേഴ്സിന്റെ വിജയമാഘോഷിച്ചു. ചാക്കോച്ചനും ആഘോഷച്ചടങ്ങിൽ പങ്കെടുത്തു.

പുതുമുഖതാരങ്ങൾ അഭിനയിച്ച തമിഴ്ചിത്രമായ മാർക്കണ്ഡേയൻ തിരുവനന്തപുരം അഞ്ജലിയിൽ പ്രദർശനത്തിനെത്തി.

കളക്ടർ സ്റ്റഡി

സുരേഷ്ഗോപിയുടെ കളക്ടർ സ്റ്റഡി കളക്ഷനിൽ തുടരുന്നു. വി.കെ. പ്രകാശ് സംവിധാനം ചെയ്ത ശ്രീ കിംഗ്സ് തിരുവനന്തപുരം അശ്വതിയിൽ തുടരുന്നു. ലോറൻസിന്റെ കാഞ്ചന മൂന്നാംവാരത്തിലേക്ക് കടന്നു. റംസാൻ നൊയമ്പ് കാലം തുടങ്ങിയതിനാൽ മലബാർ മേഖലയിൽ പല തിയേറ്ററുകളിലും കളക്ഷൻ കുറവാണ്.

–കവടിയാർ രാജൻ

കൊതിപ്പിക്കുന്ന ഉപ്പും മുളകും

Balcony

ഭക്ഷണപ്രിയനായ കാളിദാസൻ (ലാൽ) ആർക്കിയോളജി വിഭാഗത്തിലാണ് ജോലി ചെയ്യുന്നത്. ക്രോണിക് ബാച്ചിലറായ അയാൾ കുക്ക് ബാബു (ബാബുരാജ്)വിനോടൊപ്പമാണ് താമസം. ഡബിംഗ് ആർട്ടിസ്റ്റായ മായ (ശ്വേതാമേനോൻ)യും മീനാക്ഷി (മാണിക്യം മൈഥിലി)യും റൂം മേറ്റ്സാണ്. കാളിദാസന്റെ ബന്ധുവായ മനു (ആസിഫ് അലി) ജോലിതേടി കാളിദാസന്റെ നഗരത്തിലെത്തുന്നു.

കാളിദാസനും മായയും യാദൃച്ഛികമായി ഫോണിലൂടെ പരിചയപ്പെടുന്നു. മനുവായിരുന്നു അതിനു കാരണക്കാരൻ.

ഇരുവരുടെയും പരിചയപ്പെടൽ പല അപ്രതീക്ഷിത സംഭവങ്ങൾക്കും നിമിത്തമാകുന്നു.

തികച്ചും ലളിതമായ ഇതിവൃത്തമാണ് സോൾട്ട് ആന്റ് പെപ്പറിന്റേത്. അവതരണത്തിലെ മികവാണ് ചിത്രത്തിന്റെ ആകർഷണീയത. ടൈറ്റിൽ സോംഗിൽ വിവിധ ഹോട്ടലുകളെയും രുചികളും കാണിച്ചത് ചിത്രത്തെക്കുറിച്ച് നല്ലൊരു ഇംപ്രഷൻ ഉണ്ടാക്കാൻ സഹായിച്ചു.

ലാലും ശ്വേതാമേനോനും തങ്ങളുടെ കഥാപാത്രങ്ങളെ ഒന്നാന്തരമായി അവതരിപ്പിച്ചു.

ആസിഫ് അലിയും മൈഥിലിയും യുവജോടികളായി തിളങ്ങി.

ബാബുരാജാണ് ചിത്രത്തിലെ സർപ്രൈസ് പാക്കേജ്.

കുക്ക് ബാബു എന്ന രസകരമായ കഥാപാത്രത്തെ അനായാസമായാണ് ബാബുരാജ് അവതരിപ്പിച്ചിരിക്കുന്നത്. വിജയരാഘവന്റെയും കല്പനയുടെയും കഥാപാത്രങ്ങളും ശ്രദ്ധിക്കപ്പെട്ടു.

നവാഗത ഇരട്ട തിരക്കഥാകൃത്തുക്കളായ ശ്യാം പുഷ്കരന്റെയും ദിലീഷ് നായരുടെയും തുടക്കം ഗംഭീരം.

www.movieorange.com

ചിത്രം
സോൾട്ട് ആന്റ് പെപ്പർ

അഭിനേതാക്കൾ
ലാൽ, ആസിഫ് അലി, ശ്വേതാമേനോൻ, മാണിക്യം മൈഥിലി, വിജയരാഘവൻ

രചന
ശ്യാം പുഷ്കരൻ, ദിലീഷ് നായർ

സംഗീതം
ബിജിബാൽ

സംവിധാനം
ആഷിക്ക് ബാബു

www.Mallutribes.com

www.malayalamtribes.com

രാജാവിന്റെ മകനിൽ മോഹൻലാൽ, ശരത്കുമാർ, സുരേഷ് ഗോപി

മോഹൻലാലിന്റെ അഭിനയജീവിതത്തിലെ വഴിത്തിരിവായ രാജാവിന്റെ മകന്റെ തുടർച്ചയിൽ മോഹൻലാൽ, ശരത്കുമാർ, സുരേഷ് ഗോപി തുടങ്ങി പതിനഞ്ചു പ്രമുഖ താരങ്ങൾ അഭിനയിക്കുന്നു. തമ്പി കണ്ണന്താനം തന്നെയാണ് പുതിയ രാജാവിന്റെ മകനും സംവിധാനം ചെയ്യുന്നത്. സെപ്തംബർ 10ന് കൊച്ചിയിൽ തുടങ്ങും.

സുരേഷ്ഗോപി

ശരത്കുമാർ

തൃഷയുടെ വിവാഹനിശ്ചയം സെപ്തംബറിൽ

പ്രശസ്ത നടി തൃഷ വിവാഹിതയാകുന്നു. സെപ്തംബറിൽ വിവാഹനിശ്ചയം നടക്കും. ചെന്നൈ സ്വദേശിയാണ് വരൻ.

ഗൗതം മേനോന്റെ ചിത്രത്തിൽ വിജയ്

ഗൗതം മേനോൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിൽ വിജയ് നായകനാകുന്നു. യോഹാൻ അദ്ധ്യായം ഒൻട്ട് (അദ്ധ്യായം ഒന്ന്) എന്നു പേരിട്ടിരിക്കുന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് വിദേശത്താണ്. ആദ്യമായാണ് ഗൗതം മേനോൻ വിജയ് ചിത്രം ഒരുക്കുന്നത്. വിജയ്യുടെ അടുത്ത റിലീസ് വേലായുധമാണ്. സെപ്തംബർ ഒന്നിന് ഇത് റിലീസാകും.

ഗൗതം മേനോൻ

വിജയ്

ഐശ്വര്യ സംവിധാനം ചെയ്യുന്ന ധനുഷ് ചിത്രത്തിൽ അമല പോൾ

ഐശ്വര്യ

ധനുഷ്

രജനിയുടെ മൂത്ത മകൾ ഐശ്വര്യ സംവിധാനം ചെയ്യുന്ന ധനുഷ് ചിത്രത്തിൽ അമല പോൾ നായികയാകുന്നു.

ശ്രുതി ഹാസന്റെ ഡേറ്റില്ലാത്തതിനാലാണ് അമലയെ നായികയാക്കിയത്. ഇതിന്റെ ആദ്യ ദിവസത്തെ ഷൂട്ടിംഗ് കഴിഞ്ഞ വെള്ളിയാഴ്ച ചെന്നൈയിലെ സാന്തമോമിൽ നടന്നു.

ധനുഷിന്റെ ജ്യേഷ്ഠൻ ശെൽവരാഘവൻ ആദ്യക്ലാപ്പടിച്ചു.

ധനുഷ്, അച്ഛൻ കസ്തൂരിരാജ, വിജയ് യേശുദാസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടർച്ചയായ ഷൂട്ടിംഗ് ആഗസ്റ്റ് രണ്ടാംവാരം മുതൽ തുടങ്ങും.

ധനുഷിന്റെ ജന്മദിനത്തിലാണ് ചിത്രം തുടങ്ങിയത്.

അമലപോൾ

റംസാൻ, ഓണചിത്രങ്ങൾ റിലീസിന്

ഓണം, റംസാൻ പ്രമാണിച്ച് അഞ്ചു മലയാളചിത്രങ്ങൾ പ്രദർശനത്തിനെത്തുന്നു. ആദ്യം എത്തുന്നത് മൈ ഡിയർ കുട്ടിച്ചാത്തനാണ്. ആഗസ്റ്റ് 19ന് ഇത് റിലീസാകും. തുടർന്ന് പൃഥ്വിരാജ് ചിത്രമായ തേജാഭായ് റിലീസ് ചെയ്യും.

ബ്ലസി സംവിധാനം ചെയ്ത് മോഹൻലാൽ, ജയപ്രദ, അനുപം ഖേർ ചിത്രമായ പ്രണയമാണ് മറ്റൊരു റിലീസ്. സെപ്തംബർ ഒന്നിന് വിജയ് അഭിനയിച്ച വേലായുധം എന്ന തമിഴ് ചിത്രം പ്രദർശനത്തിനെത്തും. തുടർന്ന് കുഞ്ചാക്കോ ബോബൻ അഭിനയിച്ച ഡോക്ടർ ലൗ, ജയറാമിന്റെ ഉലകം ചുറ്റും വാലിബൻ എന്നീ ചിത്രങ്ങളാണ് റിലീസ് ചെയ്യുന്നത്. നേരത്തെ പ്ലാൻ ചെയ്ത ഓണചിത്രങ്ങൾ രണ്ടുമാസം കഴിഞ്ഞേ റിലീസാകൂ.

മമ്മൂട്ടിക്ക് പുതിയ അഞ്ചു ചിത്രങ്ങൾ



മമ്മൂട്ടിക്ക് പുതിയ അഞ്ചു ചിത്രങ്ങൾ കരാറായി. ഈയാഴ്ച തുടങ്ങിയ വെനീസിലെ വ്യാപാരി നവംബറിൽ റിലീസ് ചെയ്യും. ഡിസംബറിൽ കിംഗ് ആന്റ് കമ്മിഷണർ എത്തും. മമ്മൂട്ടി നിർമ്മിക്കുന്ന കോമ്പയാണ് ജനുവരി റിലീസ്. ഇതിനു പുറമേയാണ് മമ്മൂട്ടിക്കു വേണ്ടി അഞ്ചു ചിത്രങ്ങൾ ഒരുങ്ങുന്നത്. ഈ അഞ്ചു ചിത്രങ്ങളും 2012ൽ പൂർത്തിയാക്കാനാണ് പദ്ധതി.

– കവടിയാർ രാജൻ

തത്സമയം പെൺകുട്ടിയിൽ നിത്യാമേനോൻ

ടി.കെ. രാജീവ്കുമാർ സംവിധാനം ചെയ്യുന്ന തത്സമയം പെൺകുട്ടിയിൽ നിത്യാമേനോൻ നായികയാകുന്നു. നായികാപ്രാധാന്യമുള്ള ചിത്രമാണിത്. ഒരു ചാനൽ റിപ്പോർട്ടറുടെ വേഷമാണ് നിത്യയ്ക്ക്. ശരത് ഈണമിട്ട അഞ്ചു പാട്ടുകൾ ചിത്രത്തിന്റെ പ്രത്യേകതയാണ്. കമ്പോസിംഗ് കഴിഞ്ഞു. സെപ്തംബർ പത്തിന് ഷൂട്ടിംഗ് തുടങ്ങും.

നിത്യമേനോൻ

Printed and Published by Prasad Laxman of Kalakaumudi Publications (Pvt) Ltd. at Kalakaumudi Press, Thiruvananthapuram 695011 and Published at Thiruvananthapuram. Editor: Prasad Laxman Vol.22 Issue no.49 Phone: 0471-2443531(administration) 2447870(editorial) Fax: 0471-2442895, email: desk@kalakaumudi.com. Internet: www.vellinakshatram.com

www.Mallutribes.com



ആത്മവിശ്വാസത്തോടെ ജീവിതം ആസ്വദിക്കൂ...
ഹാപ്പിലൈഫ് ഹെയർ ഫിക്സിംഗിലൂടെ

www.hairfixinghappylife.com

Happy life
HAIR FIXING

ENJOY THE HAPPY LIFE

Toll Free (UAE)
800HAPPY

THIRUVANANTHAPURAM
Hotel Ruby Arena, Near Medical College
Tel : 9388181474, 0471 2557474

ATTINGAL
Tel : 9388227474

UAE 050 1905547 IND 9388147474 / 9447607739 Bahrain 39579772 / 17711479
Oman 92916040 / 26943194 Qatar 77045512 / 44473674

ABU DHABI(Br. 5), AL AIN(Br. 2), DUBAI : DEIRA, SHARJAH(Br. 2),
RAS AL KHAIMAH UMM AL QUWAIN, AJMAN, FUJAIRAH,
OMAN(Br. 2), BAHRAIN, QATAR TAMIL NADU(Br. 4),
KERALA(Br. 7)

www.Mallutribes.com